

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

VOL 5 I ISSUE 6 I BIMONTHLY I DECEMBER 2025 I 52 PAGES

KLIBF
Kerala Legislature
International Book Festival
4th Edition I 2026 Jan 07 - 13

നാടിന്നഭിമാനമായി നിയമസഭാ പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് 4

പ്രഥമ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളം 7

തിരഞ്ഞെടുപ്പ് കമ്മിഷൻ പക്ഷം പിടിക്കരുത് 9

മതേതര രാഷ്ട്ര സംസ്കാരം 12

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

വാല്യം 5 ലക്കം 6 ഡിസംബർ 2025

പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**എ.എൻ.ഷംസീർ**
നിയമസഭാ സ്പീക്കർ

എക്സിക്യൂട്ടീവ് എഡിറ്റർ
**ഡോ.എൻ. കൃഷ്ണ കുമാർ**
സെക്രട്ടറി

അംഗങ്ങൾ

**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**എം.കെ. റിജു**
സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി

**ഷാജി സി. ബേബി**
സ്പെഷ്യൽ സെക്രട്ടറി

**പി. ഹരി**
അഡീഷണൽ സെക്രട്ടറി

**രജനി വി.ആർ.**
അഡീഷണൽ സെക്രട്ടറി

**വി.ജി. റിജു**
ജോയിന്റ് സെക്രട്ടറി

**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി

**റീന വി. ആർ.**
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാക്കൾ

**ഇ. കെ. മുഷ്താഖ്**
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

**പ്രീജിത്ത് രാജ്**
സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി

പ്രസിദ്ധീകരണ വിഭാഗം
**വിവര വിഭവ വികസന 'ബി' വിഭാഗം**

രൂപകൽപ്പന
**ബിജി ജോൺ**

അച്ചടി
**നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**

**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ: kladrd@gmail.com
ഫോൺ : 0471-2512493, 2353

## മൊഴിമുഴക്കം

''ഒറ്റവാക്കാണു ജീവിതം, ഭദ്രമീ-
യുറ്റബന്ധം നമുക്കമൂല്യം പ്രിയം
പൊട്ടിവീഴാതിരിക്കട്ടെ നമ്മുടെ
വാക്കിലൂറുന്നൊരർഥവും മൂല്യവും''

**- പ്രൊഫ. വി. മധുസൂദനൻ നായർ**



# ഉൾത്താളുകളിലൂടെ ......


നാടിന്നഭിമാനമായി നിയമസഭാ പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് — 04
**എ.എൻ. ഷംസീർ**

പ്രഥമ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളം — 07
**പിണറായി വിജയൻ**

തിരഞ്ഞെടുപ്പ് കമ്മിഷൻ പക്ഷം പിടിക്കരുത് — 09
**വി.ഡി. സതീശൻ**

മതേതര രാഷ്ട്ര സംസ്കാരം — 12
**ചിറ്റയം ഗോപകുമാർ**

ഇന്ത്യയിലെ ഫെഡറൽ സംവിധാനം — 16
**ഡോ. എൻ. കൃഷ്ണ കുമാർ**

സ്പീക്കറുടെ പൊതുപരിപാടികൾ — 19

സാമാജികരുടെ നിയോജക മണ്ഡലങ്ങളിലൂടെ — 20

ചിത്രജാലകം — 26

സഭാ സമ്മേളന വാർത്ത — 28

സുപ്രധാന കോടതി വിധികൾ — 33

വലയിൽ നിന്ന് — 33

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ — 36

ഇതരസഭാ വാർത്തകൾ — 38

നിയമസഭാ സമിതി റിപ്പോർട്ടിലൂടെ — 39

വിജ്ഞാനപഥം — 40

വേർപാട് — 41

നിയമസഭാ പ്രസംഗങ്ങളിലൂടെ — 42

സഭാ നായകരുടെ ജീവിത രേഖയിലൂടെ — 44

സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ — 45

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ — 47
**റ്റി. മനോഹരൻ നായർ**

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ — 50



**എ.എൻ. ഷംസീർ**
സ്പീക്കർ

# നാടിന്നഭിമാനമായി നിയമസഭാ പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ്

പുസ്തകങ്ങൾ ഇല്ലാത്ത മുറി, ആത്മാവില്ലാത്ത ശരീരം പോലെയാണെന്ന് പറഞ്ഞത് പ്രശസ്ത അമേരിക്കൻ എഴുത്തുകാരനായ ക്രിസ്റ്റഫർ മോർലിയാണ്. കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം (KLIBF) നാലാമത് എഡിഷനിലേക്ക് മുന്നേറുമ്പോൾ നമ്മുടെ വായനാ ലോകത്തേക്ക് നിരവധി പുതിയ പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്താനാകും എന്നതുറപ്പാണ്. കൂടുതൽ പ്രസാധകരും കൂടുതൽ പുസ്തകങ്ങളും ഈ പ്രാവശ്യം പുസ്തകോത്സവത്തിൽ ഉണ്ടായിരിക്കും. വായനക്കാരുടെ ആത്മദാഹത്തിന് ആശ്വാസം നൽകുന്നു എന്നതിനപ്പുറം പുതിയ തലമുറയെ വായനയിലേക്ക് നയിക്കാനുള്ള ഒരു വേദികൂടിയായി നിയമസഭയുടെ പുസ്തകോത്സവം മാറുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തെ കുറിച്ചുള്ള ആലോചന തുടങ്ങുന്ന വേളയിൽ തന്നെ അതിന്റെ മുദ്രാവാക്യം 'വായനയാണ് ലഹരി' എന്നതായിരിക്കണമെന്ന് തീരുമാനിച്ചിരുന്നു. രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി പാർലമെന്ററി ജനാധിപത്യത്തിന്റെയും നിയമനിർമ്മാണത്തിന്റെയും വേദിയായ നിയമസഭാ സമുച്ചയം അതിന്റെ വാതായനങ്ങൾ തുറന്നിടുന്നതിലൂടെ വായനയുടെ പ്രസക്തി ഊട്ടിയുറപ്പിക്കണമെന്ന ലക്ഷ്യ

മാണ് മുന്നിൽ കണ്ടത്. കെ എൽ ഐ ബി എഫിന്റെ മൂന്ന് പതിപ്പുകൾ പിന്നിടുമ്പോൾ പൊതുജന പങ്കാളിത്തം കൊണ്ടും പരിപാടികളുടെ വൈവിധ്യം കൊണ്ടും ഈ പുസ്തകോത്സവം അന്താരാഷ്ട്ര പ്രശസ്തമായിരിക്കുന്നു. ഒന്നാമത് എഡിഷനിൽ 80 ൽ പരം പ്രസാധകരും 160 ഓളം സ്റ്റാളുകളും ആണ് ഉണ്ടായിരുന്നത്. രണ്ടാമത് എഡിഷനിൽ അത് വർധിച്ചു. മൂന്നാം എഡിഷനിൽ പ്രസാധകരുടെ എണ്ണം 160 ആയി. 260 സ്റ്റാളുകളിൽ അന്തർദേശീയ പ്രസാധകരുടെയടക്കം പുസ്തകങ്ങൾ ലഭ്യമായി. നാലാമത് എഡിഷനിൽ അത് വീണ്ടും വർധിക്കും എന്നത് ഉറപ്പാണ്.

2026 ജനുവരി 7 മുതൽ 13 വരെയാണ് കെ എൽ ഐ ബി എഫ് സംഘടിപ്പിക്കുന്നത്. പുസ്തകങ്ങളുടെ വില്പനയും പുതിയ പുസ്തകങ്ങളുടെ പ്രകാശനങ്ങളും മാത്രമല്ല ജനപ്രിയമായ നിരവധി സാംസ്കാരിക പരിപാടികളും നിയമസഭ സമുച്ചയത്തിൽ അരങ്ങേറും. ഭരണപ്രതിപക്ഷാംഗങ്ങൾ കൈകോർത്തു സംഘടിപ്പിക്കുന്നതാണ് ഈ അക്ഷരോത്സവം. മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മന്ത്രിമാരും സാമാജികരും വിവിധ വകുപ്പുകളും ഒറ്റക്കെട്ടായി നിന്ന് പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിനെ ചരിത്രപരമാക്കും.

അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി ഇത്തവണയും സാഹിത്യ കലാ സാംസ്കാരിക മേഖലകളിൽ സമഗ്ര സംഭാവന നൽകിയ വ്യക്തിക്കുള്ള കേരള നിയമസഭാ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. പുരസ്കാര ജേതാവിനെ കണ്ടെത്താനുള്ള ജൂറി നിർണ്ണയ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോവുകയാണ്. കേരള നിയമസഭ അവാർഡ് ഇന്ത്യൻ സാംസ്കാരിക മണ്ഡലത്തിലെ ഈടുറ്റ പുരസ്കാരമായി മാറിക്കഴിഞ്ഞു.

രാജ്യത്ത് സംഘടിപ്പിക്കുന്ന വിവിധ പുസ്തകോത്സവങ്ങളുടെ പ്രധാന പരിമിതിയായി ചൂണ്ടിക്കാട്ടാറുള്ളത് ചെറുകിട പ്രസാധകർക്ക് ഗുണകരമായ രീതിയിൽ സംഘടിപ്പിക്കപ്പെടുന്നില്ല എന്നതാണ്. ആ ന്യൂനതയ്ക്ക് പരിഹാരം കാണുന്ന വിധത്തിലാണ് നിയമസഭാ പുസ്തകോത്സവം ഒരുക്കുന്നത്. നിയമസഭാ സാമാജികരുടെ സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് (SDF) ഉപയോഗിച്ചും ബുക്ക് കൂപ്പൺ സ്പോൺസർഷിപ്പിലൂടെയും പുസ്തകങ്ങൾ വാങ്ങുമ്പോൾ എല്ലാ പ്രസാധകരുടെ പുസ്തകങ്ങൾക്കും വില്പന ഉറപ്പാക്കപ്പെടുന്നുണ്ട്. ചെറുകിട പ്രസാധകർക്ക് കൂടുതൽ സ്പേസ് നൽകുകയും അവർക്ക് കൈത്താങ്ങാവുകയും പുതിയ പ്രസാധകർക്ക് പ്രചോദനമാവുകയും ചെയ്യുന്നു എന്നത് ചെറിയ കാര്യമല്ല. മറ്റൊരു പുസ്തകോത്സവത്തിനും ഇത്തരമൊരധ്യായം പ്രകാശിപ്പിക്കാൻ കഴിയുന്നുമില്ല.

നിയമസഭാ സമുച്ചയത്തിൽ ഒരുക്കുന്ന അഞ്ചിലധികം വേദികളിലാണ് നിയമസഭാ പുസ്തകോത്സവത്തിന്റെ ഭാഗമായുള്ള സാഹിത്യോത്സവം സംഘടിപ്പിക്കുന്നത്. സാഹിത്യ, സാംസ്കാരിക, മാധ്യമ മേഖലകളിലുള്ളവരും രാഷ്ട്രീയ നായകരും സാമൂഹ്യ, സാങ്കേതിക മേഖലകളിൽ കഴിവ് തെളിയിച്ചവരും വിവിധ പരിപാടികളിൽ പങ്കാളികളാവും. പാനൽ ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ, വിഷൻ ടോക്സ്, പുസ്തക പ്രകാശനങ്ങൾ, പുസ്തക ചർച്ചകൾ, മീറ്റ് ദി ഓതർ, മുഖാമുഖം, ബുക്ക് സൈനിംഗ് സെഷൻ, ബുക്ക് റീഡിംഗ് സെഷൻ തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ പുസ്തകോത്സവത്തിൽ ഒരുക്കുന്നുണ്ട്.

പുസ്തകോത്സവത്തിന്റെ ഭാഗമായി വിദ്യാർഥികൾക്കായുള്ള ക്വിസ് മത്സരങ്ങളും ഓൺലൈൻ മത്സരങ്ങളും സംഘടിപ്പിക്കും. മാത്രമല്ല, പുസ്തകോത്സവത്തിലെ സ്റ്റുഡന്റ്സ് കോർണറിലൂടെ വിദ്യാർഥികളുടെ സർഗ്ഗാത്മകത പ്രകടിപ്പിക്കുന്നതിനും പുസ്തകങ്ങൾ വാങ്ങുന്നതിനും സാധിക്കും. ബുക്ക് കൂപ്പൺ ഉൾപ്പെടെയുള്ള സമ്മാനങ്ങളാണ് സ്റ്റുഡന്റ്സ് കോർണർ ഉറപ്പാക്കുന്നത്. ഗതാഗത വകുപ്പുമായി കൈകോർത്ത് നഗരപര്യടനവും ഒരുക്കുന്നുണ്ട്. കാഴ്ചബംഗ്ലാവ്, മ്യൂസിയം, പ്ലാനറ്റേറിയം എന്നിവ ഉൾപ്പെടുന്നതാണ് സന്ദർശന പാക്കേജ്. നിയമസഭാ സമ്മേളനങ്ങൾ നടക്കുന്ന അസംബ്ലി ഹാളും നിയമസഭാ മ്യൂസിയവും ലൈബ്രറിയുമൊക്കെ കാണാനും അറിയാനുമുള്ള സൗകര്യം കൂടുതൽ മികവോടെ ഒരുക്കുന്നുണ്ട്. കേരളത്തിലെ 140 നിയമസഭാ മണ്ഡലങ്ങളിലെ വിദ്യാർഥികളെയും നിയമസഭാ സമുച്ചയത്തിലേക്ക് സ്വാഗതം ചെയ്യുകയാണ്.

നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ പ്രധാന ആകർഷണമാണ് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ ഒരുക്കുന്ന മെഗാഷോകൾ. അന്തർദേശീയ നിലവാരത്തിലുള്ള മെമ്പേഴ്സ് ലോഞ്ചിൽ പ്രത്യേകം ഒരുക്കുന്ന വേദിയിൽ വിവിധ മാധ്യമങ്ങളാണ് കലാപരിപാടികൾ ഒരുക്കുന്നത്. മികച്ച മെഗാഷോ അവതരിപ്പിക്കുന്ന മാധ്യമത്തിന് സ്പീക്കേഴ്സ് അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്. ശില്പവും പ്രശസ്തി പത്രവും സമ്മാനത്തുകയും ഉൾപ്പെടുന്നതാണ് സ്പീക്കേഴ്സ് അവാർഡ്.

പുസ്തകോത്സവത്തിന്റെ നാലാമത് പതിപ്പിൽ തെയ്യം കളിയാട്ടം ഒരുക്കുന്നു എന്ന പ്രത്യേകതയും ഉണ്ട്. അന്താരാഷ്ട്ര പുസ്തകോത്സവത്തിലേക്ക് എത്തുന്ന വിദേശികളടക്കമുള്ളവർക്ക് കേരളത്തിന്റെ അനുഷ്ഠാന കലയെ കുറിച്ച് പഠിക്കാനും അവയുടെ രൂപഭംഗി പകർത്തി സൂക്ഷിക്കാനും ഉതകുന്ന വിധത്തിലാണ് തെയ്യത്തിന്റെ സംഘാടനം. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഒരുക്കുന്ന കേരളത്തിന്റെ രുചിക്കൂട്ടുകൾ പരിചയപ്പെടുത്തുന്ന ഭക്ഷ്യ



മേളയും ഏഴ് ദിവസത്തെ അക്ഷരോത്സവത്തിന്റെ സ്വാദ് വർധിപ്പിക്കും എന്നതുറപ്പാണ്.

ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയായി ഒരുമയുടെ നല്ല പാഠങ്ങളുമായാണ് കേരളം മുന്നോട്ടുകുതിക്കുന്നത്. ജനാധിപത്യ, മതനിരപേക്ഷ മൂല്യങ്ങളെ നെഞ്ചോടുചേർത്തും ഭരണഘടനാ മൂല്യങ്ങളെ സംരക്ഷിച്ചും കേരളം മുന്നേറുമ്പോൾ അതിന് തടയിടുന്ന രീതിയിലുള്ള നെറികെട്ട ഇടപെടലുകൾ ഉണ്ടാവുന്നുണ്ട് എന്നത് ഖേദകരമായ കാര്യമാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ യൂണിയൻ സർക്കാരുകൾ സ്വീകരിച്ചുപോരുന്ന ഫെഡറലിസത്തിന്റേതായ മര്യാദകൾ കാറ്റിൽപ്പറത്തുന്നു. കേരളത്തെ സാമ്പത്തികമായി ഞെരുക്കുന്നതിനുള്ള ശ്രമങ്ങളെ സംബന്ധിച്ചുള്ള വസ്തുതകൾ പൊതുമണ്ഡലത്തിൽ സുലഭമാണ്. മലയാളികളോടുള്ള ഈ വിരോധം ഒറ്റക്കെട്ടായി എതിർത്ത് തോൽപ്പിക്കണം. അവിടെ കക്ഷി രാഷ്ട്രീയ വ്യത്യാസം നോക്കരുത്. കേരളത്തിന്റെ നിലനിൽപ്പ് ഉറപ്പാക്കലും ഭാവിതലമുറയ്ക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതം സൃഷ്ടിക്കലും നമ്മുടെ ഉത്തരവാദിത്തമാണ്. ലോകോത്തരമായ കേരള മോഡലുകളുടെ അടിത്തറ സാർവ്വത്രിക വിദ്യാഭ്യാസമാണ്. അക്ഷരമറിയുന്ന, അറിവുള്ള ജനതയായി കേരളീയർ മാറിയത് വിദ്യാഭ്യാസ മേഖലയുടെ മികവുകൊണ്ടാണ്. മെച്ചപ്പെട്ട വിദ്യാഭ്യാസം മുഴുവൻ കുട്ടികൾക്കും നൽകാൻ കഴിയുന്ന ഭൗതികവും അക്കാദമികപരവുമായ സ്കൂൾ അന്തരീക്ഷമാണ് കേരളത്തിൽ നിലവിലുള്ളത്. അതിനെ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് കേന്ദ്രഫണ്ടുകൾ തടഞ്ഞുവയ്ക്കപ്പെടുന്നത്. മാത്രമല്ല, നാടിന്റെ ചരിത്രം തന്നെ തിരുത്തി എഴുതാനുള്ള പരിശ്രമവും അറിവിനെ വർഗീയവൽക്കരിക്കാനുള്ള നീക്കവും ശക്തിപ്പെടുത്തുന്നു. ഇത് തിരിച്ചറിഞ്ഞ് പ്രതിരോധിക്കാൻ ഇനിയും മടിച്ചുനിൽക്കരുത്.

പണ്ഡിതനും എഴുത്തുകാരനുമായിരുന്ന കെ. വാസുദേവൻ മൂസത് തന്റെ ആത്മകഥയിൽ ഐക്യകേരളത്തിന് മുൻപുള്ള മലയാള ദേശത്തെ വിദ്യാഭ്യാസത്തിന്റെ സ്ഥിതി വിവരിച്ചിട്ടുണ്ട്. അതവസാനിക്കുന്നതിങ്ങനെയാണ് ''...നാട്ടിൽ പ്രഭുത്വം അടിച്ചേൽപ്പിച്ചിരുന്ന ജന്മികളാണെങ്കിൽ 'ശൂദ്രമക്ഷര സംയുക്തം ദൂരതഃ പരിവർജയേൽ' എന്ന പ്രമാണത്തെ മുറുകെ പിടിക്കുന്നവരായിരുന്നു. തങ്ങളുടെ കൊട്ടാരങ്ങൾക്ക് ചുറ്റും കുടിലുകൾ കാണുകയായിരുന്നു അവർക്കിഷ്ടം.'' വിദ്യയെയും അറിവിനെയും ഒരു വിഭാഗം മനുഷ്യർക്ക് മാത്രമായി പരിമിതപ്പെടുത്തിയ പ്രാചീന കേരളത്തിലെ സമ്പ്രദായങ്ങൾക്കെതിരെ പോരാടിയാണ് വിദ്യാഭ്യാസത്തിനുള്ള അവകാശം നാം നേടിയെടുത്തത്. ഇപ്പോൾ കുറുക്കുവഴികളിലൂടെ പഴയ കാലാവസ്ഥ സൃഷ്ടിക്കുവാനാണ് നിക്ഷിപ്ത വർഗീയ താൽപ്പര്യക്കാർ ശ്രമിക്കുന്നത്. അറിവിന്റെ ജനകീയവൽക്കരണം എന്ന കേരളത്തിന്റെ വിദ്യാഭ്യാസ പരിഷ്കരണമാണ് മലയാളിയെ ആധുനിക സമൂഹമാക്കി മാറ്റിയത്. സ്കൂളുകളും വായനശാലകളും കേരളത്തെ അറിവും തിരിച്ചറിവുമുള്ള ഒരു ജനതയാക്കി മാറ്റി. സാക്ഷരതാ പ്രസ്ഥാനത്തിലൂടെ നാം അറിവിനെ ഒരു ആയുധമാക്കി അജ്ഞതയെ മറികടന്നു. വർഗീയശക്തികൾ വീണ്ടും അറിവിനെ അപരവൽക്കരിക്കാൻ ശ്രമിക്കുന്ന കാലത്ത് കേരളത്തിന്റെ പ്രതിരോധ മാതൃകകളിൽ പ്രസക്തമായതാണ് കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം. ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും കൊടിക്കൂറ ഉയർത്തിപ്പിടിച്ച് വിശ്വപ്രസിദ്ധരായ എഴുത്തുകാരും സാമൂഹിക സാംസ്കാരിക പ്രവർത്തകരും വന്നെത്തുന്ന പുസ്തകോത്സവം വായനയുടെ വലിയ ലോകമാണ് നമുക്ക് മുന്നിൽ തുറക്കുന്നത്. ഇരിപ്പിടത്തിൽ ഇരുന്നുകൊണ്ടുതന്നെ സഞ്ചാരത്തിന് നമ്മെ സഹായിക്കുന്ന പ്രക്രിയയാണ് വായനയെന്ന് നമുക്കറിയാം. വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും ഇരുട്ട് പടരുന്ന കാലത്ത് വൈവിധ്യങ്ങളുടെ ആഘോഷവുമായി വന്നെത്തുന്ന പുസ്തകോത്സവം പുതിയൊരു അനുഭവമാക്കാൻ വീണ്ടും നമുക്ക് ഒരുമിക്കാം.



**പിണറായി വിജയൻ**
മുഖ്യമന്ത്രി

# പ്രഥമ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി കേരളം

കേരള സംസ്ഥാനം രൂപീകൃതമായിട്ട് അറുപത്തൊൻപത് വർഷങ്ങൾ പൂർത്തിയായിരിക്കുകയാണ്. വിസ്തൃതിയിൽ ചെറിയ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളമെങ്കിലും ലോകമാകെ ശ്രദ്ധിക്കുന്ന ഒട്ടനവധി നേട്ടങ്ങൾ സ്വന്തമാക്കാൻ നമുക്ക് കഴിഞ്ഞു. 2021 ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ തന്നെ എടുത്ത തീരുമാനങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു അതിദാരിദ്ര്യ നിർമ്മാർജ്ജനം. അധികാരത്തിലെത്തി രണ്ട് മാസത്തിനുള്ളിൽത്തന്നെ ഇതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. 1,032 തദ്ദേശ സ്ഥാപനങ്ങളിലെ 64,006 കുടുംബങ്ങളിലായി 1,03,099 വ്യക്തികളെയാണ് ആഹാരം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നിവയെ ക്ലേശഘടകങ്ങളായി കണക്കാക്കി കണ്ടെത്തിയത്. ആ കുടുംബങ്ങളെയും ആ വ്യക്തികളെയുമാണ് ഇപ്പോൾ അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചത്.

കേവലം സാമ്പത്തിക സഹായം നൽകുന്ന ഒരു ക്ഷേമ പദ്ധതിയല്ല അതിദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യം. മറിച്ച്, ദാരിദ്ര്യത്തെ അതിന്റെ എല്ലാ രൂപത്തിലും നിർവ്വചിക്കുകയും ഉന്മൂലനം ചെയ്യുകയും ചെയ്ത ഒരു സമഗ്ര ജനകീയ മുന്നേറ്റമാണിത്. ദാരിദ്ര്യത്തെ വരുമാനം എന്ന ഒറ്റ അളവുകോലിൽ ഒതുക്കാതെ, വിശപ്പ്, രോഗം, ഭവനം, തൊഴിൽ തുടങ്ങിയ സാമൂഹികവും ആരോഗ്യപരവുമായ നിരവധി മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഏറ്റവും ദുർബലരായ 64,006 കുടുംബങ്ങളെയാണ് കേരളം കണ്ടെത്തിയത്. ഓരോ കുടുംബത്തിനും അവരുടെ പ്രത്യേക സാഹചര്യങ്ങൾക്കനുസരിച്ച് മൈക്രോപ്ലാനുകൾ തയ്യാറാക്കി. അവർക്കെല്ലാം ഭക്ഷണം, ആരോഗ്യ പരിരക്ഷ, സുരക്ഷിത ഭവനം എന്നിവയ്ക്കു പുറമേ സ്ഥിരവരുമാനം ഉറപ്പാക്കാനുള്ള ഉപജീവന മാർഗ്ഗങ്ങളും മൈക്രോപ്ലാനുകളിൽ ഉൾപ്പെടുത്തി.

സാമൂഹ്യസുരക്ഷാ സംവിധാനങ്ങളിൽപോലും ഉൾപ്പെടാതെ പോയ ഏറ്റവും അരികുവൽക്കരിക്കപ്പെട്ട മനുഷ്യരെ ചേർത്തുനിർത്തിക്കൊണ്ടുള്ള ഈ സർക്കാർ നടപടി, നവകേരളം




മുന്നോട്ടുവയ്ക്കുന്ന മാനുഷികവും സമഗ്രവുമായ വികസന കാഴ്ചപ്പാടിന്റെ അടിത്തറയാണ്. സർക്കാരിന്റെ വിവിധ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സന്നദ്ധ പ്രവർത്തകരും ഒത്തുചേർന്ന് നടത്തിയ ജനകീയ ഇടപെടലാണ് ചരിത്രപരമായ ഈ നേട്ടത്തിന് പിന്നിൽ. എല്ലാ പൗരന്മാർക്കും മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ദൃഢനിശ്ചയമാണ് ഈ നേട്ടത്തിലൂടെ വെളിവാകുന്നത്.

നാലു ലക്ഷത്തോളം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, സന്നദ്ധപ്രവർത്തകർ എന്നിവർ അക്ഷരാർഥത്തിൽ ഓരോ വീട്ടിലും കയറിയിറങ്ങി, ഓരോ ജീവിതവും തൊട്ടറിഞ്ഞ്, തന്റെ അയൽവാസി പട്ടിണിയിലാണോ എന്ന് മനസ്സിലാക്കി നടത്തിയ ബൃഹത്തായ ഒരു ജനകീയ പ്രക്രിയയിലൂടെയാണ് ഈ യജ്ഞത്തിന് തുടക്കമായത്.

ഭക്ഷണം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി, ഗ്രാമസഭകളുടെ അംഗീകാരത്തോടെ 64,006 അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തി. എല്ലാ കുടുംബങ്ങൾക്കും ഒരേ സഹായം നൽകുന്ന സാമ്പ്രദായിക രീതിക്ക് പകരം, ഓരോ കുടുംബത്തിന്റെയും കണ്ണീരൊപ്പുന്ന, അവരുടെ സവിശേഷ പ്രശ്നങ്ങൾ വിശകലനം ചെയ്ത് വേണ്ട പരിഹാരങ്ങൾ ഉറപ്പാക്കുന്ന ‘മൈക്രോ പ്ലാനുകൾ’ രൂപപ്പെടുത്തി.

2022 ഏപ്രിൽ 1 മുതൽ ഈ പട്ടികയിലുള്ള ഒരു കുടുംബം പോലും ഒരു നേരത്തെ ആഹാരത്തിനായി കൈനീട്ടേണ്ടിവരുന്നില്ല എന്ന് ഉറപ്പുവരുത്തി! 20,648 കുടുംബങ്ങൾക്ക് ആഹാരം ഉറപ്പാക്കി. 2,210 കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണം വീട്ടിൽ എത്തിക്കുന്നു. റേഷൻ കാർഡും ആധാറും ബാങ്ക് അക്കൗണ്ടും ഇല്ലാതെ സർക്കാരിന്റെ ആനുകൂല്യങ്ങളിൽ നിന്ന് പുറന്തള്ളപ്പെട്ട, അദൃശ്യരായിപ്പോയ മനുഷ്യർക്ക് 21,263 അടിയന്തര സേവനങ്ങൾ അതിവേഗം ലഭ്യമാക്കി അവരെ സംവിധാനത്തിന്റെ ഭാഗമാക്കി.

85,721 വ്യക്തികൾക്ക് ചികിത്സയും മരുന്നും നൽകി. 5,777 പേർക്ക് പാലിയേറ്റീവ് കെയർ സേവനങ്ങൾ വീടുകളിൽ എത്തിക്കുന്നു. ‘ഉജ്ജീവനം’ പോലുള്ള പദ്ധതികളിലൂടെ 4,394 കുടുംബങ്ങൾക്ക് സ്വന്തമായി വരുമാനം കണ്ടെത്താനുള്ള സഹായം നൽകി.

സുരക്ഷിതമായ വീട് ഒരു സ്വപ്നമായിരുന്നവർക്ക് അത് യാഥാർഥ്യമാക്കുന്നു. 5,400 ലധികം പുതിയ വീടുകൾ പൂർത്തിയാക്കുകയോ നിർമ്മിക്കുകയോ ചെയ്തു. 5,522 വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി. ‘ആരും പിന്നിലാവരുത്’ എന്നത് ഒരു മുദ്രാവാക്യമായിരുന്നില്ല. അത് ഈ സർക്കാരിന്റെ നയപരമായ ഉറപ്പാണ്. അതിലുപരി ജനങ്ങളോടുള്ള രാഷ്ട്രീയവും ധാർമ്മികവുമായ ഉത്തരവാദിത്തമാണ്. 2016 മുതൽ സർക്കാർ ക്ഷമയോടെയും നിശ്ചയദാർഢ്യത്തോടെയും നടപ്പാക്കിവരുന്ന സമഗ്രമായ ജനകീയ വികസന നയങ്ങളുടെ തുടർച്ചയും ഫലവുമാണ് ഈ നേട്ടം.



**വി.ഡി. സതീശൻ**
പ്രതിപക്ഷനേതാവ്

# തിരഞ്ഞെടുപ്പ് കമ്മിഷൻ പക്ഷം പിടിക്കരുത്

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 324 സ്വതന്ത്രവും നീതിയുക്തവുമായി പ്രവർത്തിക്കുവാനുള്ള അധികാരം ഇലക്ഷൻ കമ്മിഷന് നൽകുന്നുണ്ട്. വളരെ വിപുലമായ അധികാരങ്ങളുള്ള ഇലക്ഷൻ കമ്മിഷന് ജനാധിപത്യ സംസ്ഥാപന പ്രക്രിയയിൽ വളരെ നിർണ്ണായകമായ സ്വാധീനമാണുള്ളത്. മണ്ഡലങ്ങളുടെ അതിരുകൾ നിർണ്ണയിക്കുക, വോട്ടർമാരെ രജിസ്റ്റർ ചെയ്യുക, മാതൃകാ പെരുമാറ്റച്ചട്ടമുണ്ടാക്കുക, തിരഞ്ഞെടുപ്പ് തർക്കങ്ങളിൽ ഇടപെടുക, രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരം നൽകുക, തിരഞ്ഞെടുപ്പ് നടത്തുക, ഫലം പ്രഖ്യാപിക്കുക തുടങ്ങിയവയാണ് പ്രധാന



ചുമതലകൾ. പാർലമെന്റ്, നിയമസഭ, രാഷ്ട്രപതി, ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പുകളുടെ ചുമതലയും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷനിൽ നിക്ഷിപ്തമാണ്.

എന്നാൽ ഭരണഘടനാപരമായി ലഭിച്ച ഔന്നത്യത്തെയും പ്രവർത്തന സ്വാതന്ത്ര്യത്തെയും നിഷ്പക്ഷമായി സമീപിക്കുന്നതിന് പകരം തങ്ങളുടെ അധികാരം ഭരണകക്ഷിക്ക് അടിയറവയ്ക്കുന്നതരത്തിലുള്ള പ്രവർത്തനമാണ് ഇപ്പോൾ കേന്ദ്ര ഇലക്ഷൻ കമ്മിഷൻ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നടന്ന തിരഞ്ഞെടുപ്പുകളിൽ സംഭവിച്ച ക്രമക്കേടുകൾ ജനാഭിലാഷത്തെ അട്ടിമറിക്കുന്ന തരത്തിലുള്ളതാണ്. കർണ്ണാടകയിൽ വോട്ടു ചേർക്കുന്നതിലും നീക്കം ചെയ്യുന്നതിലുമുള്ള അപാകതകൾ നേരത്തെ തന്നെ പുറത്തുകൊണ്ടുവന്നതാണ്. 2024 ഒക്ടോബറിൽ ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിൽ നടത്തിയ വോട്ടുകൊള്ളയെക്കുറിച്ച് രാഹുൽ ഗാന്ധി പത്രസമ്മേളനത്തിലൂടെ ലോകത്തെ അറിയിച്ച വിവരങ്ങൾ വ്യക്തവും സൂക്ഷ്മവുമായ തെളിവുകളോടെയായിരുന്നു. ഡൽഹിയിൽ നടത്തിയ പത്രസമ്മേളനം 'വോട്ട് ചോരി എച്ച് ഫയൽസ്' എന്ന പേരിൽ പവർ പോയിന്റ് പ്രസന്റേഷൻ ആയിട്ടാണ് നടത്തിയത്. ശക്തമായ ഉദാഹരണങ്ങൾ സഹിതം പുറത്ത് കൊണ്ടുവന്ന ആരോപണങ്ങൾക്കൊന്നും തന്നെ വിശ്വസനീയമായ രീതിയിൽ പ്രതികരിക്കാതെ തിരഞ്ഞെടുപ്പ് കമ്മിഷൻ ഒളിച്ചുകളി നടത്തുകയാണ്. ഇത് തീർച്ചയായും സംശയാസ്പദവും ജനാധിപത്യതിരഞ്ഞെടുപ്പ് രീതികൾക്ക് വിരുദ്ധവും ഏകപക്ഷീയവുമാണ്.

ബ്രസീലിലെ മോഡലായ ലാറിസ റോച്ച സിൽവയുടെ ചിത്രമുള്ള 22 വ്യാജ വോട്ടർ ഐഡന്റിറ്റി കാർഡുകൾ ഉപയോഗിച്ച് ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്തുവെന്നുള്ളത് അവിടെ നടന്ന വോട്ടുകൊള്ളയുടെ വ്യാപ്തിയെ സൂചിപ്പിക്കുന്നു.

വോട്ടർ പട്ടികയിൽ ചേർക്കുന്ന വോട്ടുകളുടെയും നീക്കം ചെയ്ത വോട്ടുകളുടെയും കൃത്യമായ കണക്കുകൾ ഒന്നുമില്ല. വ്യാജവിലാസത്തിൽ ചേർക്കുന്ന വോട്ടുകളും, വോട്ടുകളിലെ ഇരട്ടിപ്പും കൂട്ട വോട്ടുകളുമൊക്കെ ചേർത്ത് 25 ലക്ഷത്തിലധികം വോട്ടുകളുടെ ക്രമക്കേട് ഹരിയാനയിൽ നടന്നുവെന്നത് നിഷേധിക്കാൻ നാളിതുവരെ



തിരഞ്ഞെടുപ്പു കമ്മിഷന് കഴിഞ്ഞിട്ടില്ല. തിരഞ്ഞെടുപ്പുകൾ സുതാര്യമായി നടത്തേണ്ടതും, ജനഹിതം നടപ്പിലാക്കേണ്ടതും, വിശ്വാസ്യത പുലർത്തേണ്ടതുമൊക്കെയാണെന്നത് ഇന്ന് അന്യംനിന്നിരിക്കുന്നു. എങ്ങനെയെങ്കിലും കാട്ടിക്കൂട്ടലുകൾ നടത്തി ഭൂരിപക്ഷാഭിപ്രായത്തെ അട്ടിമറിച്ചും അധികാര ദുർവിനിയോഗം നടത്തിയും ഭരണം നിലനിർത്തുകയെന്ന ഒറ്റലക്ഷ്യത്തിലേക്ക് സർക്കാരുകൾ നീങ്ങുമ്പോൾ തകർക്കപ്പെടുന്നത് ജനാധിപത്യത്തിന്റെ അടിസ്ഥാനശിലകളാണ്.

തിരഞ്ഞെടുപ്പ് കമ്മിഷൻ തന്നെ തയ്യാറാക്കി നൽകിയ വോട്ടർ പട്ടിക അടിസ്ഥാനമാക്കിയാണ് ഈ ആരോപണങ്ങളൊക്കെ രാഹുൽ ഗാന്ധി ഉന്നയിച്ചതെന്നറിയുമ്പോൾ ഭാരതത്തിന്റെ പ്രതിപക്ഷനേതാവിന് യുക്തിഭദ്രമായ മറുപടി നൽകാതെയുള്ള ഇലക്ഷൻ കമ്മിഷന്റെ ഒഴിഞ്ഞുമാറൽ നിരുത്തരവാദപരവും ജനാധിപത്യത്തെ തിരസ്കരിക്കലുമാണ്. തങ്ങൾ സ്വതന്ത്രമാണ്, നിഷ്പക്ഷമാണ് എന്ന് ആർജ്ജവത്തോടെ പറയാതെ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ ഭരണഘടനാപരമായ തങ്ങളുടെ ചുമതലകൾ മറന്ന് ആരോപണമുന്നയിച്ചവരെ കേന്ദ്ര ഭരണകക്ഷിക്കൊപ്പം നിന്ന് അപമാനിക്കുന്നത് മനസ്സാക്ഷിയും നീതിബോധവുമുള്ള ഒരു ഇന്ത്യാക്കാരനും അംഗീകരിക്കാൻ കഴിയില്ല.

വോട്ടുകൊള്ളയുടെ ഏറ്റവും ഭീഷണമായ മറ്റൊരുദാഹരണമാണ് മഹാരാഷ്ട്രയിൽ 2024 മേയ് മാസത്തിൽ നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിലെയും 2024 നവംബർ മാസത്തിൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിലെയും ഫലങ്ങളുടെ വ്യത്യാസം. ലോക്സഭാ തിരഞ്ഞെടുപ്പിൽ ആകെയുള്ള 48 സീറ്റിൽ 30 സീറ്റും നേടിയ ഇന്ത്യാ മുന്നണിക്ക് നിയമസഭാ തിരഞ്ഞെടുപ്പിൽ ആകെയുള്ള 288 സീറ്റുകളിൽ കേവലം 48 സീറ്റുകളാണ് ലഭിച്ചത്. മാസങ്ങളുടെ ഇടവേളകൾക്കുള്ളിൽ ജനഹിതത്തെ എത്ര ക്രൂരമായാണ് അട്ടിമറിച്ചത് എന്നത് മനസ്സാക്ഷിയുള്ള ഓരോ പൗരനെയും അസ്വസ്ഥതപ്പെടുത്തുന്നതാണ്. അവിടെ ഏകദേശം ഒരു കോടിയോളം വോട്ടുകൾ വ്യാജമാണെന്നുള്ളതാണ് തെളിയുന്നത്.

ബിഹാറിലെ 243 മണ്ഡലങ്ങളിൽ 2 ഘട്ടങ്ങളായി നടത്തിയ തിരഞ്ഞെടുപ്പിലെ ഫലപ്രഖ്യാപനം 2025 നവംബർ 14 ന് വന്നപ്പോൾ 202 സീറ്റുകൾ നേടി ദേശീയ ജനാധിപത്യസഖ്യം അധികാരം നിലനിർത്തി. 'നിതീഷ് - മോദി' സഖ്യം വിജയിച്ചത് നിലവിലുള്ള ജനാധിപത്യ ക്രമങ്ങളെയും സംവിധാനങ്ങളെയും ദുരുപയോഗം ചെയ്തുകൊണ്ടാണ്. നീതിയുക്തവും കൃത്യവുമായ നടപടിക്രമങ്ങൾ പാലിക്കാതെ ജനാധിപത്യമൂല്യങ്ങളും ഭരണഘടനാചട്ടങ്ങളും ദുർവിനിയോഗം ചെയ്തുകൊണ്ടാണിത് എന്നത് പകൽ പോലെ വ്യക്തമാണ്.

വോട്ടർ പട്ടിക പരിഷ്കരണം എന്ന ഭരണഘടനാപരമായ കൃത്യനിർവ്വഹണത്തിന്റെ പേരിൽ പൗരത്വപരിശോധന നടത്തുകയെന്നുള്ളതാണ് എസ്.ഐ.ആറിന് എതിരെ ഉയർന്നുവരുന്ന സംശയം. കേരളത്തിൽ ഇതിനു തെരഞ്ഞെടുത്ത സമയം തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് ഇടയിലാണെന്നുള്ളത് ഇതിന്റെ പിന്നിൽ മറ്റെന്തെങ്കിലും രാഷ്ട്രീയലക്ഷ്യം ഉണ്ടെന്നുള്ള സംശയം ജനിപ്പിക്കുന്നു. അടിച്ചേൽപ്പിക്കുന്ന തരത്തിൽ എസ്.ഐ.ആർ പരിഷ്കരണം നടപ്പിലാക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. തിരക്കിട്ട് ഇതു നടപ്പിലാക്കുമ്പോൾ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ബി.എൽ.ഒ.മാരും അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ വളരെ വലുതാണ്. കണ്ണൂരിലെ അനീഷ് ജോർജ് എന്ന ബി.എൽ.ഒ.യുടെ ആത്മഹത്യ രാഷ്ട്രീയ സമ്മർദ്ദത്തിന്റെയും തൊഴിൽ സംഘർഷത്തിന്റെയും ഭാഗമാണെന്നുള്ളതാണ് ഏറ്റവും ദൗർഭാഗ്യകരമായ സംഭവം. അർഹതയുള്ളവർക്കെല്ലാം വോട്ടവകാശം ഉറപ്പാക്കാനായി അവധാനതയോടെ ചെയ്യേണ്ട വോട്ടർപട്ടിക പരിഷ്കരണ നടപടികൾ സുതാര്യവും സൂക്ഷ്മവുമായി പരാതികളില്ലാതെയാകണം ചെയ്യേണ്ടത്.

ജനങ്ങൾക്ക് പലതരം മോഹന വാഗ്ദാനങ്ങൾ നൽകിയും ഭക്ഷ്യവസ്തുക്കളടങ്ങിയ കിറ്റ് നൽകിയും ഇലക്ഷൻ തീയതിക്കടുത്തുള്ള ദിവസങ്ങളിൽ സാമ്പത്തിക സഹായം വിതരണം ചെയ്തുമൊക്കെ ജനാഭിലാഷത്തെ പരുവപ്പെടുത്തിയെടുത്ത് വിജയിക്കുക എന്ന കുറുക്കുവഴിയാണ് ഇപ്പോൾ സ്വീകരിക്കപ്പെട്ടുവരുന്നത്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന ഒരു പരമാധികാര മതേതരത്വ ജനാധിപത്യ റിപ്പബ്ലിക് എന്ന രീതിയിൽ ഭാരതത്തെ നയിക്കാനും എല്ലാ പൗരന്മാർക്കും തുല്യനീതി ലഭ്യമാക്കാനുമുള്ള തരത്തിൽ ഭരണ സംവിധാനത്തിൽ പുനഃക്രമീകരണം ആവശ്യമാണ്. സങ്കുചിതമായ മറ്റു പരിഗണനകൾക്കപ്പുറത്ത് എല്ലാവർക്കും തുല്യനീതി ലഭ്യമാക്കാനുള്ള സംവിധാനമാകണം സർക്കാരുകൾ എന്നതാണ് സംശുദ്ധമായ ജനാധിപത്യത്തിന്റെ അടിസ്ഥാനശില. ഈ യാഥാർത്ഥ്യമുൾക്കൊണ്ട് നിഷ്പക്ഷമായി തങ്ങളിലർപ്പിതമായ ചുമതലകൾ നിർവ്വഹിക്കേണ്ട കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന്റെ പക്ഷപാതിത്വം ജനാധിപത്യത്തിന്റെ അന്തസത്തക്കെതിരും ജനാഭിപ്രായത്തിന് വിരുദ്ധവുമായാണ് അനുഭവപ്പെട്ടുവരുന്നത്. തങ്ങളിൽ ആരോപിക്കപ്പെടുന്ന സംശയത്തിന്റെയും പക്ഷപാതത്വത്തിന്റെയും നിഴലിൽ നിന്നും മാറാൻവേണ്ട വിശ്വസനീയമായ പ്രതികരണങ്ങളോ മറുപടിയോ ഇലക്ഷൻ കമ്മിഷനിൽ നിന്ന് ഉണ്ടാകാതെ അവരുടെ നിഷ്പക്ഷതയിൽ ജനങ്ങൾക്ക് പൂർണ്ണവിശ്വാസം ഉണ്ടാകില്ല.





**ചിറ്റയം ഗോപകുമാർ**
ഡെപ്യൂട്ടി സ്പീക്കർ

# മതേതര രാഷ്ട്ര സംസ്കാരം

ഭാരതത്തിന്റെ മതേതര സങ്കല്പം ഒരു രാഷ്ട്രസംസ്കാരമാണ്. ഈ സംസ്കാരത്തിന്റെ തുടർച്ചയായിരുന്നു ദേശീയ പ്രസ്ഥാനം. ഇന്ത്യയിൽ, മതേതരത്വം മതസഹിഷ്ണുതയുടെ ഒരു ജനകീയ ധാർമ്മികതയായി സ്ഥാപിക്കപ്പെട്ടതാണ്. സഹിഷ്ണുത എന്ന ആശയം തന്നെ പുരാതന ഇന്ത്യൻ നാഗരികതയുടെ സാംസ്കാരിക അടിത്തറയിൽ രൂപപ്പെട്ടതാണ്. അധികാര രാഷ്ട്രീയ സമവാക്യങ്ങളുമായി ബന്ധപ്പെട്ട് ഇല്ലാതായിപ്പോകുന്ന ഒരു ദുർബല ധാർമ്മികതയായി ഭാരതത്തിന്റെ മതേതര സങ്കല്പം മാറിപ്പോകുന്നത് അത്യന്തം അപകടകരമാണ്. അങ്ങനെ ആയി മാറുന്ന ഒരു സാഹചര്യമാണ് ഇന്ന് വളർന്നു വരുന്നത്.

ഇന്ത്യയെ ഒരു ജനാധിപത്യ മതനിരപേക്ഷ റിപ്പബ്ലിക് ആയി നിലനിർത്തുന്നത് എന്താണ്? ഭരണഘടനയും അതിന്റെ നീതിവിചാരങ്ങളുമാണ് ഇന്ത്യയെ ആധുനിക ജനാധിപത്യ മതനിരപേക്ഷ റിപ്പബ്ലിക്കായി നിലനിർത്തുന്നത്. ഒരു ജനാധിപത്യ മതനിരപേക്ഷ റിപ്പബ്ലിക്കിൽ വെറുപ്പിന്റെയും ഹിംസയുടെയും രാഷ്ട്രീയാധികാരം പ്രയോഗിക്കുന്നത് ന്യായീകരിക്കാനാവില്ല. ജനാധിപത്യത്തിന്റെയും സമത്വത്തിന്റെയും സ്വയം അംഗീകരിക്കുന്ന ഇടതുപക്ഷ മതേതര നിർമ്മിതിയാണ് കാലം ആവശ്യപ്പെടുന്നത്. സോഷ്യലിസത്തിന്റെ തത്വങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു പൊതു ജനാധിപത്യ നിർമ്മിതിയാണ് ആവശ്യം. അത് സിവിൽ സമൂഹത്തെ മതനിരപേക്ഷമാക്കി നവ ഫാസിസത്തിന്റെ തരംഗത്തെ ചെറുക്കുന്നതിന് പര്യാപ്തമാവുകയും വേണം. അതിനായുള്ള ജനാധിപത്യ സാമൂഹിക ഇടപെടലുകൾ വളർന്നു വരണം.

1976ൽ, 42-ാം ഭേദഗതിയിലൂടെയാണ് (1976 ലെ ബിൽ നമ്പർ 91) 'സോഷ്യലിസ്റ്റ്', 'സെക്യൂലർ' എന്നീ വാക്കുകൾ ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെടുത്തിയത്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ സോഷ്യലിസ്റ്റ്, മതേതരം എന്നീ വാക്കുകൾ ഉൾപ്പെടുത്തിയത് 2024 നവംബർ 25 ന് സുപ്രീം കോടതി ശരിവച്ചു. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസ് പി.വി. സഞ്ജയ് കുമാർ എന്നിവരടങ്ങിയ ബെഞ്ചിന്റെ

താണ് വിധി. ഭരണഘടന ഭേദഗതി ചെയ്യാനുള്ള പാർല മെന്റിന്റെ അധികാരം ആമുഖ ത്തിനും ബാധകമാണെന്ന് സുപ്രീംകോടതി വ്യക്തമാക്കി. ഭരണഘടനയുടെ ആമുഖത്തിൽ നിന്ന് മതേതരത്വം, സോഷ്യ ലിസം എന്നീ വാക്കുകൾ ഒഴിവാ ക്കണമെന്ന് ആവശ്യപ്പെട്ട് ബിജെപി നേതാവ് സുബ്രഹ്മ ണ്യൻ സ്വാമി ഉൾപ്പെടെയുള്ള വരാണ് ഹർജി നൽകിയത്. ഹർജികൾ തള്ളിക്കൊണ്ട് കോടതി ഇങ്ങനെ നിരീക്ഷിച്ചു: ''1949ൽ മതേതരം എന്ന പദം കൃത്യതയില്ലാത്തതായി കണക്കാ ക്കപ്പെട്ടിരുന്നു, ചില പണ്ഡിത ന്മാരും നിയമജ്ഞരും അത് മതത്തിന് എതിരാണെന്ന് വ്യാഖ്യാനിച്ചിരുന്നു. ഇപ്പോൾ ഇന്ത്യ മതേതരത്വത്തിന്റെ സ്വന്തം വ്യാഖ്യാനം വികസിപ്പിച്ചെടു ത്തിട്ടുണ്ട്, അതിൽ ഭരണകൂടം ഒരു മതത്തെയും പിന്തുണയ്ക്കു ന്നില്ല, ഏതെങ്കിലും വിശ്വാസത്തി ന്റെ തൊഴിലിനെയും ആചാര ത്തെയും എതിർക്കുന്നില്ല. ഭരണ ഘടനയുടെ അനുച്ഛേദം 14,15,16 എന്നിവയിൽ ഈ തത്വം വിശ ദീകരിച്ചിട്ടുണ്ട്.'' സോഷ്യലിസ ത്തെയും മതനിരപേക്ഷതയെയും ഒഴിവാക്കാനുള്ള ശ്രമം ചരിത്രം മാറ്റിയെഴുതാനുള്ള നീക്കമാണ്. കൊളോണിയൽ വിരുദ്ധ സ്വാത ന്ത്ര്യസമരത്തിന്റെ പൈതൃകത്തെ നിയമവിരുദ്ധമാക്കാനുമുള്ള ശ്രമ മാണത്. ഭരണഘടനയുടെ ആമുഖത്തിലെ സോഷ്യലിസം, സെക്യുലർ എന്നീ വാക്കുകൾ വെറും കൂട്ടിച്ചേർക്കലുകൾ' മാത്ര മായി കാണുന്നത് വികലമായ കാഴ്ചപ്പാടാണ്. ആമുഖത്തിൽ 'മതനിരപേക്ഷത' ചേർക്കുന്ന തിനുമുമ്പുതന്നെ വിശ്വാസം, ആരാധന, സ്വാതന്ത്ര്യം, സാഹോ ദര്യം തുടങ്ങിയ തത്വങ്ങൾ ഭരണ ഘടനയിൽ ഉൾച്ചേർന്നിരുന്നു.

'ഹിന്ദുത്വ' എന്നത് ഒരു സാംസ്കാരിക ആശയമാണ്. അതിനെ ഒരു രാഷ്ട്രീയ ആശയ മായി വികസിപ്പിക്കുന്നതിലെ അപകടമാണ് ഇന്ന് നമ്മുടെ രാജ്യം നേരിടുന്നത്. ഭാരത ത്തിന്റെ സാമൂഹിക ചരിത്ര ത്തെയും രാഷ്ട്രീയ ചരിത്ര ത്തെയും മതപരമായി വിഭജി ക്കാനും അടയാളപ്പെടുത്താനു മുള്ള ശ്രമങ്ങളാണ് ഇന്ന് നടക്കു ന്നത്. അതിന്റെ ഭാഗമായാണ് മുഗൾ ഭരണകാലം മുസ്ലിം ഭരണ കാലമായിമാത്രം വിലയിരുത്ത പ്പെടുന്നത്. മുഗൾ ഭരണകാലത്തെ ഇന്ത്യയിലെ ഹിന്ദുവിരുദ്ധയുഗ മായി അവതരിപ്പിക്കുന്ന ചരിത്ര ദുർവ്യാഖ്യാനങ്ങൾ ഇതിന്റെ ഭാഗ മാണ്. സമകാലിക ഇന്ത്യയുടെ സങ്കീർണ്ണമായ രാഷ്ട്രീയ സാംസ് കാരിക ചിത്രമാണിവിടെ തെളി യുന്നത്. ഇതൊരു അപകടകര മായ പൊതുബോധ നിർമ്മിതി യാണ്. ഇത്തരം പൊതുബോധ രൂപീകരണത്തിനെതിരായ സാംസ്കാരിക ചെറുത്തു നില്പും രാഷ്ട്രീയ ജാഗ്രതയും പ്രസക്തമാകുന്നത് ഈ സാഹ ചര്യത്തിലാണ്. ഇന്ത്യയിലെ ഹിന്ദുക്കളാകെ ഒരു വ്യാജ ചരിത്ര നിർമ്മിതിക്ക് പാത്രമാക്കപ്പെടുക യാണ്. ഹിന്ദുത്വ ഫാസിസ ത്തിന്റെ ബിംബനിർമ്മിതികളും സത്യാനന്തര പ്രചരണങ്ങളും വളർന്നുവരുന്നു. എന്ന് മാത്രമല്ല അതിസങ്കീർണ്ണമായ ഒരു സാംസ്കാരിക ചരിത്ര നിർമ്മിതി യായി അത് വളർത്തിയെടുക്കപ്പെ ടുന്നതാണ് നമ്മൾ കാണുന്നത്. മതേതരത്വവും ജനാധിപത്യവും സാഹോദര്യവും നിലനിർത്തേ ണ്ടത് അന്തസുറ്റ രാഷ്ട്ര നിലനിൽ പ്പിന് അനിവാര്യമാണ്. അത്തര മൊരു അർത്ഥവത്തായ സാമൂഹിക നിർമ്മിതിയിലേക്കു ഇന്ത്യൻ ജന തയെ പരിവർത്തിപ്പിക്കാനുത കുന്ന രാഷ്ട്രീയ വിജയങ്ങളാണ് നമുക്കാവശ്യം.

രാജ്യത്തുടനീളം ആരാധനാ ലയങ്ങളെച്ചൊല്ലിയുള്ള തർക്ക ങ്ങൾ അനുദിനം ഉയർന്നുവരുന്നു. അത് സ്വാഭാവികമായി വളർന്നു വരുന്നതല്ല; മറിച്ച് ആസൂത്രിത മായി വളർത്തിയെടുക്കുന്നതാണ്. ഇത്തരം തർക്കങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വ മൂല്യങ്ങൾക്ക് അനുസൃതമായി പരിശോധിക്കുവാൻ നമ്മുടെ നീതിപീഠങ്ങൾ ബാധ്യസ്ഥമാണ്. എന്നാൽ അങ്ങനെയാണോ സംഭ വിക്കുന്നത് എന്ന ചോദ്യം ഇന്ന് അപ്രസക്തമല്ലെന്ന് പറയേണ്ടി വരും. രാമജന്മഭൂമി - ബാബറി മസ്ജിദ് കേസിൽ സുപ്രീം കോടതിയുടെ 2019 ലെ വിധി മുതൽ ഇക്കാര്യത്തിൽ വലിയ വിമർശനങ്ങളാണ് ഉയർന്നുവരു ന്നത്. രാമജന്മഭൂമി-ബാബറി മസ്ജിദ് കേസിലെ വിധിയിലൂടെ മതേതരത്വത്തിന് അർഹത ലഭി ച്ചില്ല എന്നത് നീതിയുടെ പരി ഹാസമായി വിലയിരുത്തപ്പെ ടുന്ന സ്ഥിതിയുണ്ടായി. മസ്ജിദ് തകർത്തത് നിയമവിരുദ്ധമാ ണെന്ന് പറഞ്ഞിട്ടും തർക്കഭൂമി യുടെ ഉടമസ്ഥാവകാശം നിശ്ച യിച്ച കോടതിയുടെ ന്യായവാദ ത്തോട് വിയോജിക്കാതിരിക്കാ നാവില്ല. എന്നാൽ, 1991 ലെ ആരാധനാലയങ്ങൾ (പ്രത്യേക വ്യവസ്ഥകൾ) നിയമം ഉയർത്തി പ്പിടിച്ചു എന്നതിനാൽ ഈ വിധിക്ക് ഒരു നിലപാടിന്റെ അടി ത്തറയുണ്ടായിരുന്നു. എന്നാൽ സമീപകാല സംഭവങ്ങൾ ഈ നിലപാടിലും മായം ചേർക്കുന്ന താണ് എന്ന് പറയേണ്ടിവരുന്നു. 2019 ലെ സുപ്രധാനമായ അയോധ്യ വിധിയിൽ ആരാധനാ ലയ സംരക്ഷണ നിയമത്തിന്റെ ഭരണഘടനാപരമായ പ്രാധാന്യം ഓർമ്മിപ്പിച്ച മുൻ ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ വെളി പ്പെടുത്തൽ ചിലത് പറയുന്നുണ്ട്. 'വിധിക്ക് മുമ്പ് താൻ ദൈവ ത്തോട് പ്രാർത്ഥിച്ചു' എന്നാണ് വിരമിച്ച ഡി.വൈ. ചന്ദ്രചൂഡിന്റെ വെളിപ്പെടുത്തൽ. ഗ്യാൻവാപി മസ്ജിദ് കേസുമായി ബന്ധപ്പെട്ട് ചീഫ് ജസ്റ്റിസായിരിക്കെ ചന്ദ്ര ചൂഡ് നടത്തിയ വാക്കാലുള്ള നിരീക്ഷണങ്ങളും ഇതോട് ചേർത്തുവായിക്കണം. 1947 ഓഗസ്റ്റ് 15 ലെ ആരാധനാലയ ത്തിന്റെ സ്വഭാവം മാറ്റാനോ പരിവർത്തനം ചെയ്യാനോ ഉദ്ദേ ശ്യമില്ലാത്തിടത്തോളം കാലം അതിന്റെ നിലയെക്കുറിച്ചുള്ള അന്വേഷണങ്ങളെ 1991 ലെ നിയമം തടയുന്നില്ലെന്നായി

രുന്നു നിരീക്ഷണം. സുപ്രീം കോടതിയിൽ നിന്നുണ്ടായ ഈ വ്യാഖ്യാനം കീഴ്ക്കോടതികളെ സ്വാധീനിച്ചതിന്റെ തെളിവാണ് സംഭാൽ പ്രാദേശിക കോടതി യുടെ വിധിയെന്ന വിലയിരുത്തൽ തള്ളിക്കളയാനാകില്ല. ഒരു ആരാധനാലയത്തിന്റെ സ്വഭാവം മാറ്റാൻ കഴിയില്ലെങ്കിലും യഥാർഥ ഘടന നിർണ്ണയിക്കാനുള്ള ശ്രമത്തെ 1991 ലെ നിയമം വിലക്കില്ല എന്നാണ് സുപ്രീം കോടതി നിരീക്ഷണങ്ങളെ കീഴ്ക്കോടതികൾ വ്യാഖ്യാനിച്ചത്. 500 വർഷങ്ങൾക്ക് മുമ്പ് അവിടെ ഒരു ഹിന്ദു ക്ഷേത്രം ഉണ്ടായിരുന്നോ എന്ന് സ്ഥാപിക്കാൻ പള്ളി സമുച്ചയത്തിൽ സർവേ നടത്താൻ പ്രാദേശിക കോടതി ഉത്തരവിട്ടത് കേവലം ഒരു പ്രാദേശിക കോടതി ഉത്തരവായി അവസാനിക്കില്ല എന്നുറപ്പാണ്. അതുതന്നെയാണ് അതിന്റെ ഏറ്റവും വലിയ പ്രതിസന്ധിയും. കടുത്ത വിദ്വേഷ പ്രസംഗം നടത്തിയ അലഹബാദ് ഹൈക്കോടതി ജഡ്ജി ശേഖർ കുമാർ യാദവിനെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് നിരവധി സാമൂഹ്യ അഭിഭാഷക സംഘടനകൾ ആവശ്യമുന്നയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി അദ്ദേഹത്തോട് വിശദീകരണം ചോദിക്കുകയും പൊതുസമൂഹത്തോട് മാപ്പു പറയണം എന്ന് ആവശ്യപ്പെടുകയും ചെയ്തു എന്നത് ആശാവഹമാണ്. തീവ്ര ഹിന്ദുത്വ സംഘടനയായ വിശ്വഹിന്ദു പരിഷത്തിന്റെ ചടങ്ങിൽ പങ്കെടുത്ത് ശേഖർ കുമാർ നടത്തിയ പരാമർശങ്ങളാണ് വിവാദമായിരിക്കുന്നത്. ഇന്ത്യയിൽ ഭൂരിപക്ഷത്തിന്റെ താല്പര്യത്തിനനുസരിച്ചാണ് കാര്യങ്ങൾ നടക്കേണ്ടതെന്നുൾപ്പെടെ തീവ്ര ഹിന്ദുത്വ നിലപാടുകൾ ആവർത്തിക്കുകയാണ് അദ്ദേഹം ചെയ്തത്. ബാബറി മസ്ജിദ് തകർത്ത കേസിലെ എല്ലാ പ്രതികളെയും വെറുതെ വിട്ട പ്രത്യേക സിബിഐ ജഡ്ജി സുരേന്ദ്ര യാദവ് വിരമിച്ച ശേഷം ഉത്തർ പ്രദേശിൽ ഡെപ്യൂട്ടി ലോകായുക്തയായി നിയമിക്കപ്പെട്ടു എന്നതും കാണേണ്ടതുണ്ട്. ജഡ്ജിമാർക്കു മത വിശ്വാസങ്ങളും രാഷ്ട്രീയചിന്തകളും വിലക്കപ്പെട്ടിട്ടില്ല. പക്ഷേ ന്യായാധിപന്റെ ദൈവവിശ്വാസമോ മത വിശ്വാസമോ കോടതികളുടെ നീതിനിർവ്വഹണ വിചാരങ്ങളെയോ ബോധ്യങ്ങളെയോ സ്വാധീനിക്കരുത്.

ഇന്ത്യയ്ക്ക് അധിനിവേശത്തിന്റെ കയ്പ്പേറിയ ഒരു ഭൂതകാലമുണ്ട്. അത്തരം അധിനിവേശത്തെ  മതപരമായി മാത്രം വിലയിരുത്തപ്പെടുന്ന സ്ഥിതിയുണ്ട്. രാജ്യത്തിന്റെ വിഭജനവുമായി ബന്ധപ്പെട്ടു തീവ്രമായ ദുരനുഭവങ്ങൾ കടന്നുവന്നവരാണ് നമ്മൾ. എന്തുകൊണ്ട് പുനഃപരിശോധനകളെ നിങ്ങൾ എതിർക്കുന്നു എന്ന് ചോദിക്കുന്നവരുണ്ട്. ചരിത്രപരമായ ചില മുറിവുകളുണ്ട്. ചരിത്രപരമായ ചില അവ്യക്തതകളുണ്ട്. അത് ഇന്ത്യയുടെ മാത്രം പ്രശ്നമല്ല. അത്തരം മുറിവുകൾ അവശേഷിപ്പിക്കുന്ന സമീപകാല പ്രശ്നങ്ങളെ യുക്തിസഹമായി പരിഹരിക്കാനുള്ള ശ്രമങ്ങളാണ് വിവേകമുള്ള ഭരണാധികാരികൾ ചെയ്യേണ്ടത്. അക്കാദമികമോ നിയമപരമോ ആയ അന്വേഷണങ്ങൾപോലും മതപരമായ ഒരു നിർമ്മിതിയുടെ കാര്യത്തിൽ അപകടകരമായി മാറിയേക്കാം. രാജ്യത്തെ ആരാധനാലയങ്ങളെച്ചൊല്ലിയുള്ള തർക്കങ്ങൾ ഒഴിവാക്കാൻ 1991 ൽ ആരാധനാലയ സംരക്ഷണ നിയമം കൊണ്ടുവന്നു. 1947 ആഗസ്റ്റ് 15 ന് നിലവിലുണ്ടായിരുന്ന ആരാധനാലയങ്ങൾ അതേപടി നിലനിർത്തണമെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു. നിയമം അവതരിപ്പിച്ചുകൊണ്ട് അന്നത്തെ കേന്ദ്ര ആഭ്യന്തര മന്ത്രി എസ്.ബി. ചവാൻ അതിന്റെ അടിസ്ഥാന ലക്ഷ്യം വ്യക്തമാക്കിയിരുന്നു: 'പുതിയ തർക്കങ്ങളുണ്ടാക്കാനും ജനം മറന്നുപോയ പഴയ വിവാദങ്ങൾ ഉയർത്തിക്കൊണ്ടുവരാനുമല്ല, മറിച്ച് സാമൂഹിക ഐക്യം സംരക്ഷിക്കാനാണിത്'. മതപരമായ സംഘട്ടനങ്ങൾ ചരിത്ര വസ്തുതകളാണ്. പക്ഷേ ആ ചരിത്രത്തെ ആധാരമാക്കിയും പകവീട്ടിയും ഒരു പുതിയ സംസ്കാര നിർമ്മിതി സാധ്യമല്ല. ഒരു രാഷ്ട്രത്തിനും പഴയകാല ചരിത്രത്തിലെ സംഘട്ടനങ്ങളുടെ കണക്കുകൾ തീർപ്പാക്കി മുന്നോട്ടുപോകാനാകില്ല. അത്തരം തീർപ്പാക്കലുകൾ ഒരു മത ദർശനവും ആവശ്യപ്പെടുന്നുമില്ല. അത്തരം തീർപ്പാക്കലുകൾ ആവശ്യപ്പെടുന്നത് സംഘടിതവും സങ്കുചിതവുമായ ചില താല്പര്യങ്ങളാണ്. ഇന്ത്യയുടെ ചരിത്രം ഹിന്ദു-മുസ്ലിം സംഘട്ടനത്തിന്റെ ചരിത്രമല്ല. നമ്മുടേത് ആശയപരവും സാംസ്കാരികപരവുമായ വിനിമയങ്ങളുടെയും പാരമ്പര്യത്തിന്റെയും ചരിത്രമാണ്. വിവിധ മതവിശ്വാസങ്ങൾ നൂറ്റാണ്ടുകളായി പരസ്പരം ഇടപഴകുകയും പൊരുത്തപ്പെടുകയും സ്വാധീനിക്കുകയും ചെയ്ത സമൂഹമാണ് നമ്മുടേത്. സവിശേഷമായ ഒരു സമന്വയത്തിന്റെ ഈ ചരിത്ര പശ്ചാത്തലം ഇന്ത്യയിലെ മതനിരപേക്ഷതയുടെ വഴികാട്ടിയാകണം. അങ്ങനെയാകണമെന്നാണ് രാഷ്ട്ര നിർമ്മാതാക്കൾ ആഗ്രഹിച്ചത്. ആ ആഗ്രഹമാണ് ഭരണഘടനയിലൂടെ സാക്ഷാത്കരിക്കപ്പെട്ടത്.

മതമൗലികവാദത്തിന്റെ ഉയർച്ച മതേതര രാഷ്ട്രത്തിന് കാര്യമായ ഭീഷണി ഉയർത്തുന്നു എന്നത് കാണാതിരിക്കാനാകില്ല. തീവ്രവാദം അസഹിഷ്ണുതയിലേക്കും വർഗീയ കലാപത്തിലേക്കും ന്യൂനപക്ഷസമുദായങ്ങളോടുള്ള വിരോധത്തിലേക്കും വിവേചനത്തിലേക്കും നയിക്കും. വേർതിരിക്കലിന്റെയും ഭിന്നിപ്പിന്റെയും അധാർമ്മികതകളുടെയും വിത്തുകളാണ് മത മൗലികവാദികൾ വിതയ്ക്കുന്നത്. മതമൗലിക വാദത്തെ മതസ്വാതന്ത്ര്യത്തിൽ നിന്നും വേർതിരിച്ചു കാണുന്നതിലും തിരിച്ചറിയുന്നതിലും രാഷ്ട്രീയ പാർട്ടികളും സർക്കാരുകളും ജാഗ്രത പുലർത്തേണ്ടതുണ്ട്. ജനിക്കാനും മരിക്കാനുമെല്ലാം മതത്തെ ആശ്രയിക്കാൻ നിർബന്ധിക്കുന്ന ഒരു മത വിശ്വാസ മാതൃക മത മൗലികവാദ സമീപനമായി



കാണേണ്ടിവരും. മത സൗഹാർദ്ദം എന്നത് ചില സർവ്വമതസമ്മേളനങ്ങളിലെ വാമൊഴികളായി ചുരുങ്ങിപ്പോകുന്നതാണ് നമ്മൾ കാണുന്നത്.

എന്തുകൊണ്ടാണ് ഹിന്ദുത്വ ഐഡന്റിറ്റിയുടെ വക്താക്കൾ ദളിതരെ അതിൽ ഉൾപ്പെടുത്താത്തത്? രാജ്യത്ത് ദളിതർക്കെതിരായ അതിക്രമങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നുവെന്നത് വേദനിപ്പിക്കുന്നതും ഞെട്ടിക്കുന്നതുമാണ്. ദേശീയ ക്രൈം റെക്കോഡ്സ് ബ്യൂറോ (എൻസിആർബി)യുടെ കണക്കുകൾ ഇത് സ്ഥിരീകരിക്കുന്നുണ്ട്. ദേശീയതലത്തിൽ, ദളിത് വിഭാഗക്കാർക്കെതിരായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 2021 ൽ 10,064 ആയിരുന്നു. 2022 ൽ ഇത് 12,960 ആയി ഉയർന്നതായാണ് എൻസിആർബി റിപ്പോർട്ട്. പട്ടികജാതിക്കാർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ 2022 ലെ 57,582 കേസുകളിൽ നിന്ന് 2023 ൽ 57,789 ആയി വർധിച്ചു. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലാണ് ഏറ്റവുമധികം വർധനയുള്ളതെന്നും റിപ്പോർട്ടിൽ നിന്ന് വ്യക്തമാണ്. കുറ്റങ്ങൾ നടക്കുമ്പോൾ യഥാസമയം കേസെടുക്കാതിരിക്കുകയും വൻ പ്രതിഷേധങ്ങൾക്കൊടുവിൽ കേസെടുത്താൽ കൃത്യമായ തുടർനടപടികൾ കൈക്കൊള്ളാതിരിക്കുന്നതും സംഭവങ്ങൾ ആവർത്തിക്കുന്നതിനും വർധിക്കുന്നതിനും കാരണമാകുന്നു. 2020 ൽ ഉത്തർപ്രദേശിൽ ആകെ 12,714 കേസുകളുണ്ടായപ്പോൾ നാലിലൊന്നിൽ മാത്രമാണ് ശിക്ഷയുണ്ടായത്. ഹരിയാനയിൽ 1210 ൽ 12 കേസുകളിലും മധ്യപ്രദേശിൽ 6,899 ൽ 791, മഹാരാഷ്ട്രയിൽ 2,569 ൽ 87, ഒഡീഷയിൽ 2046 ൽ അഞ്ച്, രാജസ്ഥാനിൽ 7,017 ൽ 886 എന്നിങ്ങനെ കേസുകളിലുമാണ് ശിക്ഷയുണ്ടായത്.

ജാതി അടിസ്ഥാനത്തിലുള്ള വിവേചനം ഇല്ലാതാക്കാതെ, സംവരണത്തിന് പോലും സാമൂഹിക സമനില സൃഷ്ടിക്കാൻ കഴിയില്ല. കമ്മ്യൂണിസ്റ്റുകൾ ജാതിയെക്കാൾ വർഗത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇതിനു വിപരീതമായി, ആർഎസ്എസും ബിജെപിയും ജാതി അടിസ്ഥാനമാക്കിയുള്ള പ്രാതിനിധ്യത്തെ തിരഞ്ഞെടുപ്പ് വിജയത്തിനുള്ള ഉപകരണമായി ഉപയോഗിക്കുന്നു. സനാതന ധർമ്മത്തെക്കുറിച്ചുള്ള ആർഎസ്എസിന്റെ കാഴ്ചപ്പാട് ജാതി ശ്രേണികളെ ഉയർത്തിപ്പിടിക്കുകയും ജനാധിപത്യ ആത്മീയ ബോധത്തെ നിരാകരിക്കുകയും ചെയ്യുന്നു. ഇത് സമത്വപാതയിലേക്കുള്ള പ്രയാണത്തെയും യഥാർഥ പുരോഗതിയെയും തടയുന്നു.

രാജ്യത്തോളം വളർന്നു പന്തലിച്ച ബഹുസ്വര ആശയങ്ങളുടെ ആൾരൂപങ്ങളായിരുന്നു നമ്മുടെ രാഷ്ട്രനേതാക്കൾ. സമൂഹത്തെ ശാസ്ത്ര ബോധവുമായി ഉൾച്ചേർക്കാനും അതിലൂടെ സംസ്കാരിക ഉന്നതി നേടിയെടുക്കാനും അവർ പ്രയത്നിച്ചു. ശാസ്ത്രത്തെ കേവലം സാങ്കേതിക വിദ്യയായി മാത്രം നോക്കിക്കാണുന്ന യുക്തിയാണ് ഇന്ന് രാജ്യത്ത് വളർത്തിയെടുക്കുന്നത്. ശാസ്ത്രബോധത്തെ ജീവിത ബോധമണ്ഡലത്തിൽ നിന്നും പുറന്തള്ളുന്ന ഒരു പ്രതിലോമ ചരിത്ര നിർമ്മിതിയും സാംസ്കാരിക യുക്തിയുമാണത്.



ഡോ. എൻ. കൃഷ്ണ കുമാർ
നിയമസഭാ സെക്രട്ടറി

# ഇന്ത്യയിലെ ഫെഡറൽ സംവിധാനം

ഒരു രാഷ്ട്രത്തെ ഭരണസൗകര്യാർഥം ചെറു പ്രവിശ്യകളായി വിഭജിച്ച് ഭരണം നിർവഹിക്കുന്ന സാഹചര്യത്തിൽ അധികാരം ആ രാജ്യത്തിന്റെ വിവിധ തലങ്ങളിലേക്ക് വിന്യസിക്കപ്പെടുന്നു എന്നതാണ് ഫെഡറലിസം എന്ന ആശയംകൊണ്ട് അർഥമാക്കുന്നത്. 'ഉടമ്പടി' അല്ലെങ്കിൽ 'കരാർ' എന്ന് അർഥം വരുന്ന 'ഫോഡസ്' എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ഫെഡറലിസം എന്ന ആശയം ഉദ്ഭവിച്ചത്. ഒരു നിശ്ചിത വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഒരു രാഷ്ട്രത്തിന്റെ ഭരണകേന്ദ്രവും പ്രവിശ്യയും തമ്മിൽ അധികാരം പങ്കുവയ്ക്കുന്നതിലൂടെ ഒരു രാഷ്ട്ര വ്യവസ്ഥ രൂപപ്പെടുന്നു. ഇത്തരം രാഷ്ട്രങ്ങൾ ഭരിക്കപ്പെടുന്നത് വ്യക്തമായിട്ടുള്ള ഒരു ഭരണഘടനയുടെ അടിസ്ഥാനത്തിൽ ആയിരിക്കും.

ഇന്ത്യയുടെ ചരിത്രം പരിശോധിക്കുകയാണെങ്കിൽ, സാംസ്കാരികപരവും രാഷ്ട്രീയപരവുമായ അനേകം ഘടകങ്ങളുടെ സ്വാധീനത്താൽ ആണ് ഇവിടെ ഫെഡറലിസം രൂപപ്പെട്ടതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. പുരാതന ഭാരതം വികേന്ദ്രീകൃത ഭരണത്തിന് ഉദാഹരണമായിരുന്നുവെങ്കിലും, ആ കാലഘട്ടത്തിൽ നമുക്ക് ഇന്ന് കാണുന്ന സമഗ്രമായ ഫെഡറൽ സംവിധാനമുണ്ടായിരുന്നില്ല. ആധുനിക ഫെഡറലിസത്തിന്റെ തുടക്കം കോളനിയൽ ഭരണകാലത്താണ് കണ്ടു തുടങ്ങിയത്. എന്നാൽ സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ ഭരണഘടന രൂപംകൊണ്ടതോടെയാണ് ഫെഡറലിസം ഔപചാരികമായി നിലവിൽ വന്നത്. നാട്ടുരാജ്യങ്ങളുടെ സംയോജനം, ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനഃസംഘടന, പ്രാദേശിക പ്രസ്ഥാനങ്ങളും സ്വയംഭരണത്തിനായുള്ള ആവശ്യങ്ങളും, കേന്ദ്രസംസ്ഥാന ബന്ധങ്ങളും സംഘർഷങ്ങളും, വിഭവങ്ങളുടെ പങ്കിടൽ, അന്തർ സംസ്ഥാന ഏകോപനം തുടങ്ങി നിരവധി വെല്ലുവിളികളും പ്രശ്നങ്ങളും കാലക്രമേണ ഇന്ത്യൻ ഫെഡറലിസം നേരിട്ടിട്ടുണ്ട്.

## യൂണിറ്ററി ഫെഡറൽ ഭരണസംവിധാനം

സമ്പൂർണ്ണ അധികാരവും ഒരു കേന്ദ്ര ഭരണകൂടത്തിന്റെ കീഴിലായിരിക്കുന്ന ഭരണസംവിധാനത്തെ യൂണിറ്ററി എന്നും കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരുകൾക്കുമിടയിൽ ഭരണഘടനയാൽ നിർണ്ണയിക്കപ്പെട്ട അധികാരവിഭജനം നിലനിൽക്കുന്ന ഭരണസംവിധാനത്തെ ഫെഡറൽ എന്നുമാണ് പറയുന്നത്. ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതയെന്തെന്നാൽ അത് പൂർണ്ണമായി യൂണിറ്ററി എന്നോ ഫെഡറൽ എന്നോ

നിർവചിക്കുവാൻ സാധിക്കുകയില്ല എന്നതാണ്.

ഇന്ത്യൻ ഭരണഘടനയിൽ ഒരു ഫെഡറൽ ഭരണ സംവിധാനത്തിന്റെ അവശ്യ ഘടകങ്ങൾ എല്ലാം ഉൾപ്പെട്ടിട്ടുണ്ട് - രാജ്യത്തുടനീളം പ്രവർത്തിക്കുന്ന ഒരു കേന്ദ്ര ഭരണകൂടം, പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഭരണകൂടങ്ങൾ, ഇവ തമ്മിലുള്ള അധികാരങ്ങളുടെയും അവകാശങ്ങളുടെയും വിഭജനം, കൂടാതെ തർക്കങ്ങൾ പരിഹരിക്കാൻ ഭരണഘടനയാൽ സ്ഥാപിതമായ സുപ്രീം കോടതി. അതേസമയം, രാജ്യത്തിന് ആഭ്യന്തരവും വൈദേശികവുമായ ഭീഷണികളും വെല്ലുവിളികളും നേരിടേണ്ടി വരുന്ന സാഹചര്യങ്ങളിൽ, ഈ വൈവിധ്യങ്ങളെയും അധികാര വിഭജനങ്ങളെയും ഒഴിവാക്കി, കേന്ദ്രഭരണ സംവിധാനത്തിന് കീഴിൽ രാഷ്ട്രത്തെ നയിക്കാനുള്ള സാഹചര്യം ഭരണഘടന ഒരുക്കിയിട്ടുണ്ട് എന്നത് ഒരു വസ്തുതയായി നിലകൊള്ളുന്നു.

ഇന്ത്യാ വിഭജനത്തിന്റെ പശ്ചാത്തലം, ഭരണഘടനാ നിർമ്മാണ പ്രക്രിയയിൽ വലിയ സ്വാധീനമാണ് ചെലുത്തിയിരിക്കുന്നത്. വിഭാഗീയതയും അതിന്റെ ആഘാതങ്ങളും നേരിടാൻ ഒരു ശക്തമായ കേന്ദ്ര ഭരണകൂടം അത്യാവശ്യമാണ് എന്നതായിരുന്നു ഭരണഘടനാ രൂപകർത്താക്കളുടെയും നേതാക്കളുടെയും നിലപാട്. അതിനാൽ, ഫെഡറലിസം അടിസ്ഥാന ആശയമായിരുന്നെങ്കിലും, ശക്തമായ യൂണിറ്ററി ഘടകങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലായിരുന്നു ഭരണഘടന രൂപകല്പന ചെയ്തത് എന്ന് നമുക്ക് കാണാവുന്നതാണ്.

**അധികാര വിഭജനം**

ഒരു ഫെഡറൽ ഭരണഘടനയുള്ള രാഷ്ട്രമായി ഇന്ത്യയെ രൂപകല്പന ചെയ്തിരിക്കുന്നതുവഴി കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും വ്യത്യസ്ത വിഷയങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള അധികാരം ഇന്ത്യയുടെ ഭരണഘടന ഉറപ്പുനൽകുന്നുണ്ട്. ഭരണഘടനയിലെ അനുച്ഛേദങ്ങൾ 245, 246 എന്നിവ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നിയമനിർമ്മാണ അധികാരവിതരണത്തെ നിർണ്ണയിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഏഴാം പട്ടികയിൽ അധികാരങ്ങൾ യൂണിയൻ ലിസ്റ്റ്, സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു.

പാർലമെന്റിന് മാത്രം നിയമനിർമ്മാണ അധികാരം ഉള്ള വിഷയങ്ങളുടെ പട്ടികയാണ് യൂണിയൻ ലിസ്റ്റ്. സ്റ്റേറ്റ് ലിസ്റ്റിലെ വിഷയങ്ങളിൽ സാധാരണ സാഹചര്യങ്ങളിൽ സംസ്ഥാന നിയമസഭകൾക്ക് മാത്രം നിയമനിർമ്മാണം നടത്താൻ അധികാരമുണ്ടാകുന്നു. പക്ഷേ സംസ്ഥാനങ്ങൾക്ക്, തങ്ങൾക്ക് അനുവദിച്ചു നൽകപ്പെട്ടിട്ടുള്ള സ്റ്റേറ്റ് ലിസ്റ്റിൽ പരിപൂർണ്ണമായ



അധികാരമില്ല എന്നതാണ് സത്യം. അടിയന്തരാവസ്ഥ, രാഷ്ട്രപതി ഭരണം, അന്താരാഷ്ട്ര ഉടമ്പടി നടപ്പിലാക്കുക തുടങ്ങിയ പ്രത്യേക സാഹചര്യങ്ങളിൽ കേന്ദ്രത്തിന് ഏതൊരു സ്റ്റേറ്റ് ലിസ്റ്റിലും നിയമനിർമ്മാണം നടത്താം എന്നതാണ് വസ്തുത. മേല്പറഞ്ഞ രണ്ടു ലിസ്റ്റുകൾക്കു പുറമെയുള്ള വിഷയങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ചേർന്ന് നിയമനിർമ്മാണം നടത്താൻ സാധിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇത്തരം വിഷയങ്ങൾ അടങ്ങുന്നതാണ് കൺകറന്റ് ലിസ്റ്റ്.

### ഇന്ത്യൻ ഭരണഘടനയിൽ ഫെഡറൽ വ്യവസ്ഥയുടെ സ്ഥാനം

ഇന്ത്യയിൽ ഒരു ഫെഡറൽ സംവിധാനം നിലകൊള്ളുന്നുണ്ടെങ്കിലും നമ്മുടെ ഭരണഘടനയിൽ എവിടെയും ഫെഡറേഷൻ എന്ന പദമോ ഫെഡറലിസം എന്ന ആശയമോ പരാമർശിക്കുന്നില്ല. India, that is Bharat shall be a union of States, ഇന്ത്യ അഥവാ ഭാരതം സംസ്ഥാനങ്ങൾ കൂടിച്ചേർന്നതാണ് എന്നാണ് ഭരണഘടന പറയുന്നത്. ഇന്ത്യൻ ഭരണഘടന ആരംഭിക്കുന്നത് തന്നെ ഇതു പറഞ്ഞുകൊണ്ടാണ്. എന്നിരുന്നാലും, യഥാർഥ ഫെഡറലിസത്തിന്റെ ചില സവിശേഷതകൾ നമ്മുടെ ഭരണഘടനയിൽ കാണാൻ സാധിക്കുന്നതാണ്. അതുകൊണ്ടുതന്നെ, ഇന്ത്യയുടെ ഭരണഘടനാ ഘടന പരമ്പരാഗത ഫെഡറലിസത്തിന്റെ പരിധിയിൽ പൂർണ്ണമായി വരുന്നതല്ലെങ്കിലും അതിന്റെ ആത്മാവ് ഭരണഘടനയിൽ ഉൾക്കൊള്ളുന്നു.

### ഫെഡറലിസത്തിന്റെ സവിശേഷതകൾ

**ലിഖിത ഭരണഘടന**
(Written Constitution):

ഇന്ത്യയ്ക്ക് ഒരു ബൃഹത്തായ ലിഖിത ഭരണഘടനയുണ്ട്. ഭരണഘടനയുടെ അടിസ്ഥാനത്തിലാണ് കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും അധികാരങ്ങൾ നിർവചിച്ചിരിക്കുന്നത്. ഭരണഘടനയുടെ ഭാഗം XI (Article- 245 263) കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ വ്യാഖ്യാനിക്കുന്നു. ഇതാണ് ഫെഡറൽ വ്യവസ്ഥകൾക്ക് നിയമപരമായ ആധാരമാകുന്നത്.

**ദൃഢതയുള്ള ഭരണഘടന**
(Rigidtiy of the Constitution):

ഭരണഘടനയിൽ ചില ഭേദഗതികൾക്ക് സംസ്ഥാനങ്ങളുടെയും അംഗീകാരം നിർബന്ധമാണെന്നതിലൂടെ, ഫെഡറൽ ഘടനയ്ക്ക് സംരക്ഷണം നൽകുന്നുണ്ട്. Article 368 പ്രകാരം ഭേദഗതികൾക്ക് പ്രത്യേക നടപടിക്രമങ്ങളുണ്ട്. രാജ്യത്തിന്റെ പരമോന്നത നിയമങ്ങളെ എളുപ്പത്തിൽ ഫെഡറൽ സംവിധാനത്തിൽ ഭേദഗതി ചെയ്യാൻ സാധ്യമല്ല.

**സ്വതന്ത്ര നീതി വ്യവസ്ഥ**
(Independent Judiciary):

ഫെഡറൽ ഘടനയുടെ സംരക്ഷണത്തിന്റെ പ്രധാന കേന്ദ്രമാണ് സുപ്രീം കോടതി. കേന്ദ്ര-സംസ്ഥാന തർക്കങ്ങൾ പരിഹരിക്കുന്നതിൽ സുപ്രീം കോടതിക്ക് ഏകാധിപത്യാധികാരമുണ്ട്. ഫെഡറലിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ പാലിക്കപ്പെടുന്നതിനായി, കോടതികളുടെ കാര്യങ്ങളിൽ ബാഹ്യ ഇടപെടലുകൾ ഒഴിവാക്കുന്നതാണ് ഭരണഘടനാപരമായ സമീപനം.

**ദ്വൈത ഭരണ സംവിധാനങ്ങൾ**
(Dual Government Machinery):

ഇന്ത്യയിലെ ഭരണഘടന കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും വേറിട്ട ഭരണഘടനാപരമായ അധികാരങ്ങൾ ഉറപ്പു നൽകുന്നു.

- കേന്ദ്രത്തിന്: പ്രസിഡന്റ്, പാർലമെന്റ്, കേന്ദ്ര മന്ത്രിസഭ
- സംസ്ഥാനത്തിന്: ഗവർണ്ണർ, നിയമസഭ, സംസ്ഥാന മന്ത്രിസഭ

**രണ്ട് സഭകൾ**
(Bicameralism):

രണ്ട് സഭകൾ, ഉപരി സഭയും അധോസഭയും ഒരു ഫെഡറൽ സംവിധാനത്തിൽ ഉണ്ടാകും. രാജ്യത്തിന്റെ നിയമനിർമ്മാണ പ്രക്രിയയിൽ രണ്ട് സഭകളും നിർണ്ണായക പങ്കുവഹിക്കുന്നുണ്ട്.

### സംസ്ഥാനങ്ങളുടെ ആശങ്കകൾ

ഇന്ത്യൻ ഫെഡറലിസത്തിന്റെ നിലവിലെ സാഹചര്യത്തെക്കുറിച്ച് പല സംസ്ഥാനങ്ങളും ആശങ്കകൾ ഉയർത്തുന്നുണ്ട്. ഫെഡറലിസത്തിന്റെ അടിസ്ഥാന തത്വത്തെ കേന്ദ്ര സർക്കാർ നിരന്തരം ഭംഗപ്പെടുത്തുകയാണെന്നതാണ് അവരുടെ ആരോപണം. കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള ഓർഡിനൻസുകളും ബില്ലുകളും പലപ്പോഴും സംസ്ഥാന സംബന്ധമായ വിഷയങ്ങളിൽ വരെ കടന്നുകയറുന്നുവെന്നാണ് അവരുടെ അവകാശവാദം. ഇത് ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ ഫെഡറൽ സംവിധാനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വിഷയങ്ങളെ ലംഘിക്കുന്നതാണെന്ന് ചില സംസ്ഥാനങ്ങൾ വാദിക്കുന്നു.

### ഉപസംഹാരം

ഇന്ത്യൻ ഫെഡറലിസം പാശ്ചാത്യ മാതൃകകളോട് പൂർണ്ണമായും സാദൃശ്യമുള്ളതല്ലെങ്കിലും, അതിന്റെ പ്രധാന മൂല്യങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ സമർഥമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. എന്നാൽ പലപ്പോഴും ഈ ഘടകങ്ങളുടെ പ്രവർത്തനം കേന്ദ്രഭരണത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതായി വിമർശനങ്ങൾ ഉയരുന്നുണ്ട്.

ഭിന്നതയിലൂടെയും വൈവിധ്യത്തിലൂടെയും ഐക്യത്തിനും ഏകോപനത്തിനും വഴിയൊരുക്കുന്ന സംവിധാനമായി ഫെഡറലിസം നിലനിൽക്കണമെങ്കിൽ, കേന്ദ്രവും സംസ്ഥാനങ്ങളും പരസ്പര സഹകരണം അടിസ്ഥാനമാക്കിയുള്ള സമീപനമാണ് സ്വീകരിക്കേണ്ടത്. അതിനൊപ്പം നിയമപരവും ധനപരവുമായ അധികാരങ്ങളുടെ നീതിയുള്ള പുനർവിതരണവും ഇന്ത്യൻ ഫെഡറലിസത്തിന്റെ ഭാവി ശക്തിപ്പെടുത്തുന്നതിനായി അനിവാര്യമാണ്.

# കൊല്ലം ജില്ലാ പഞ്ചായത്തിന് നവീകരിച്ച ആസ്ഥാന മന്ദിരം



കൊല്ലം ജില്ലാ പഞ്ചായത്തിന്റെ നവീകരിച്ച ആസ്ഥാന മന്ദിരം, കാവ്യ മണ്ഡപം, ഒ.എൻ.വി. പ്രതിമ എന്നിവയുടെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. ജില്ലാപഞ്ചായത്തിന്റെ വികസനക്ഷേമ പ്രവർത്തനങ്ങളെ മുൻനിർത്തി സ്പീക്കർ ഭരണ സമിതിയെ ചടങ്ങിൽ അഭിനന്ദിച്ചു.

# തൃക്കോവിൽവട്ടം മൈതാനം ഉദ്ഘാടനം




കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം കുരീപ്പള്ളിയിൽ ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും ചേർന്ന് നിർമ്മിച്ച പുതിയ മൈതാനത്തിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. പഠനത്തോടൊപ്പം കായികാഭിരുചികൾക്ക് പ്രാധാന്യം നൽകുന്നത് ആരോഗ്യകരവും ലഹരിമുക്തവുമായ തലമുറയെ വളർത്തിയെടുക്കാൻ അനിവാര്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

# സംസ്ഥാനതല സയൻസ് അവയർനസ് പ്രോഗ്രാം



കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ *(KSCSTE)* ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിച്ച സയൻസ് അവയർനസ് പ്രോഗ്രാമിന്റെ *(SAP)* സംസ്ഥാനതല ഉദ്ഘാടനം പട്ടം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവ ഹിച്ചു. കുട്ടികളിൽ ശാസ്ത്രാവബോധം പകരുന്നതിനും പരീക്ഷണ നിരീക്ഷണങ്ങളിലൂടെ പുതിയ അറിവുകൾ നേടാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഇത്തരം പരിപാടികൾ വലിയ പങ്ക് വഹിക്കുന്നതായി സ്പീക്കർ അഭിപ്രായപ്പെട്ടു.



# എരഞ്ഞോളി പഞ്ചായത്ത് വികസന സദസ്സ്

**എ.എൻ. ഷംസീർ, തലശ്ശേരി**



തലശ്ശേരി മണ്ഡലത്തിലെ എരഞ്ഞോളി പഞ്ചായത്ത് വികസന സദസ്സ് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ലൈഫ് ഭവനങ്ങളുടെ താക്കോൽ അർഹതപ്പെട്ട കുടുംബങ്ങൾക്ക് കൈമാറി. നാടിന്റെ സമഗ്ര പുരോഗതിക്കായി പ്രതിജ്ഞാബദ്ധമായി ഒരുമിച്ച് മുന്നേറാമെന്ന് സ്പീക്കർ അഭിപ്രായപ്പെട്ടു.

# തലശ്ശേരി അന്താരാഷ്ട്ര ചലച്ചിത്രോത്സവം

**എ.എൻ. ഷംസീർ, തലശ്ശേരി**

തലശ്ശേരി അന്താരാഷ്ട്ര ചലച്ചിത്രോത്സവം (TIFF 2025) സ്ഥലം എം.എൽ.എ. കൂടിയായ നിയമസഭാ സ്പീക്കർ എ.എൻ. ഷംസീറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ. കേളു ചടങ്ങിൽ സന്നിഹിതനായിരുന്നു. എഴുപത്തൊന്നാമത് ദേശീയ ചലച്ചിത്ര പുരസ്കാര ജേതാവ് വിജയരാഘവനെ യോഗത്തിൽ ആദരിച്ചു. ചലച്ചിത്ര അക്കാദമി സംഘടിപ്പിച്ച ചലച്ചിത്രോത്സവ ത്തിൽ നാട്ടുകാരുടെ പങ്കാളിത്തം ശ്രദ്ധേയമായി.



# കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതി

**കെ.എൻ. ഉണ്ണിക്കൃഷ്ണൻ, വൈപ്പിൻ.**

ഹരിത കേരളം മിഷന്റെ 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' കാമ്പയിന്റെ ഭാഗമായി വൈപ്പിൻ മണ്ഡലത്തിൽ നടപ്പിലാക്കുന്ന കാർബൺ ന്യൂട്രൽ ഗോശ്രീ പദ്ധതിയുടെ വിശദമായ പദ്ധതി രേഖ വ്യവസായ, നിയമമന്ത്രി പി. രാജീവ് അനാച്ഛാദനം ചെയ്തു. സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞത്തോട് പങ്ക് ചേരുന്ന പദ്ധതിയാണിത്. ബോൾഗാട്ടി പാലസിൽ നടന്ന പരിപാടിയിൽ അധ്യക്ഷത വഹിച്ച കെ.എൻ. ഉണ്ണിക്കൃഷ്ണൻ എം.എൽ.എ. പച്ചക്കറി തൈകളുടെ വിതരണം നിർവഹിച്ചു. പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിലെ നൂറ്റമ്പത് കുടുംബങ്ങളെ വീതമാണ് സമഗ്ര പച്ചക്കറി ഉല്പാദന യജ്ഞത്തിൽ പങ്ക് ചേരുന്നതിനായി തെരഞ്ഞെടുത്തത്. അടുക്കളത്തോട്ടം ഒരുക്കുന്ന കുടുംബാംഗങ്ങളെ പങ്കെടുപ്പിച്ച് അവർക്കാവശ്യമായ വിത്തുകളും വൃക്ഷത്തൈകളും ഗ്രോബാഗുകളും പണിയായുധങ്ങളും നിശ്ചിത ദിവസങ്ങളിൽ ജിഡയുടെ ധനസഹായത്തോടെ വിതരണം ചെയ്തു.



കാലാവസ്ഥാ വ്യതിയാനത്തിന്റെയും ആഗോള താപനത്തിന്റെയും മറ്റും ഫലമായി ഉണ്ടാകുന്ന മാറ്റങ്ങളെ ചെറുക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിസ്ഥിതി ലോലമായ പ്രദേശത്ത് കാർബൺ ബഹിർഗമനം നിയന്ത്രിക്കാനുള്ള പദ്ധതി നടപ്പാക്കുന്നത്.

# നവീകരിച്ച റോഡുകളുടെ ഉദ്ഘാടനം

**വി.കെ. പ്രശാന്ത്, വട്ടിയൂർക്കാവ്**

നവീകരിച്ച അമ്പലമുക്ക്-മുട്ടട-പരുത്തിപ്പാറ, അമ്പലമുക്ക്-എൻ.സി.സി. റോഡ് എന്നീ റോഡുകളുടെ ഉദ്ഘാടനം പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിർവഹിച്ചു. ചടങ്ങിൽ വി.കെ. പ്രശാന്ത് എംഎൽ.എ. അധ്യക്ഷത വഹിച്ചു. ശബരിമല പദ്ധതിയിൽ ഉൾപ്പെടുത്തി 3.80 കോടി രൂപ ചെലവിൽ ബി.എം.ബി.സി. നിലവാരത്തിലാണ് റോഡുകൾ നവീകരിച്ചത്. 3.75 കിലോമീറ്റർ റോഡ് നവീകരണവും അനുബന്ധ പ്രവൃത്തികളായ ഓട നിർമ്മാണം, കലുങ്ക് നിർമ്മാണം, റോഡ് സുരക്ഷ പ്രവൃത്തികൾ എന്നിവയും പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയിട്ടുണ്ട്. മുട്ടട ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിന് സമീപം ചേർന്ന യോഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികളും മുൻ ജനപ്രതിനിധികളും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തു.




# ഗവൺമെന്റ് സിറ്റി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന് പുതിയ മന്ദിരം

പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നുള്ള 3.26 കോടി രൂപയും എം.എൽ.എ. യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നുള്ള 99 ലക്ഷം രൂപയും ഉൾപ്പെടെ 4.25 കോടി രൂപ ചെലവഴിച്ച് ഗവൺമെന്റ് സിറ്റി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിനായി നിർമ്മിച്ച പുതിയ ബഹുനില മന്ദിരം പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വി.കെ. പ്രശാന്ത് എം.എൽ.എ. അധ്യക്ഷത വഹിച്ചു. മൂന്ന് നിലകളിലായി പതിനൊന്ന് ക്ലാസ് മുറികൾ, ലൈബ്രറി, ഓഫീസ് റൂം, രണ്ടു സ്റ്റാഫ് റൂമുകൾ എന്നിവ ഉൾപ്പെട്ട 13225 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന് പുറമേ പുതിയ പ്രവേശന കവാടം, ശുചിമുറി സമുച്ചയം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുണ്ട്. യോഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ, സ്കൂൾ അധികൃതർ, പി.റ്റി.എ. ഭാരവാഹികൾ, വിദ്യാർഥി പ്രതിനിധി തുടങ്ങിയവർ പങ്കെടുത്തു.



# പൂഞ്ഞാർ ഗ്രാമപഞ്ചായത്തിന് പുതിയ ആസ്ഥാനമന്ദിരം

**സെബാസ്റ്റ്യൻ കുളത്തുങ്കൽ, പൂഞ്ഞാർ**

പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ, എം.എൽ.എ. ഫണ്ടിൽ നിന്നുള്ള തൊണ്ണൂറ് ലക്ഷം രൂപ ഉൾപ്പെടെ ആകെ ഒന്നരക്കോടി രൂപ വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച പൂഞ്ഞാർ ഗ്രാമ പഞ്ചായത്തിന്റെ ആധുനിക സൗകര്യ ങ്ങളോടു കൂടിയ ഓഫീസ് സമുച്ചയം തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം. ബി. രാജേഷ് ഉദ്ഘാടനം ചെയ്തു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അധ്യ ക്ഷത വഹിച്ച യോഗത്തിൽ പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതി നിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യ - രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.



# കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടങ്ങൾ



പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ തിടനാട് കുടുംബാരോഗ്യ കേന്ദ്രത്തിനായി രണ്ടു കോടി രൂപയും തീക്കോയി കുടുംബാരോഗ്യ കേന്ദ്ര ത്തിനായി ഒരു കോടി രൂപയും വിനിയോഗിച്ച് നിർമ്മിച്ച പുതിയ കെട്ടിടങ്ങളുടെയും മുണ്ടക്കയം കുടുംബാരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ച പുതിയ എക്സ്റേ യൂണിറ്റ്, കിടത്തി ചികിത്സ, വാക്സിനേ ഷൻ സെന്റർ എന്നിവയുടെയും ഉദ്ഘാടനം ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ് നിർവഹിച്ചു. യോഗങ്ങളിൽ സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. അധ്യക്ഷത വഹിച്ചു. തിടനാട്, തീക്കോയി, മുണ്ടക്കയം എന്നീ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ചേർന്ന സമ്മേളനങ്ങളിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യ - രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# അഗ്രഗാമി പ്രതിഭാ പുരസ്കാരം 2025

**യു. പ്രതിഭ, കായംകുളം.**

കായംകുളം മണ്ഡലത്തിൽ 2024-2025 അധ്യയന വർഷം എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് എം.എൽ.എ. മെറിറ്റ് അവാർഡായ അഗ്രഗാമി പ്രതിഭാ പുരസ്കാരം നൽകി. ചെട്ടികുളങ്ങര പ്രീതി കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ യു. പ്രതിഭ എം.എൽ.എ. പുരസ്കാര വിതരണം നിർവഹിച്ചു. ചെട്ടികുളങ്ങര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സി. സുധാകരകുറുപ്പ് അധ്യക്ഷത വഹിച്ച ചടങ്ങിൽ എഴുത്തുകാരൻ എം.പി. ലിപിൻ രാജ് മുഖ്യപ്രഭാഷണം നടത്തി. നഗരസഭ ചെയർപേഴ്സൺ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മറ്റ് ജനപ്രതിനിധികൾ, സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



## ജസ്റ്റിസ് സൂര്യ കാന്ത് ഇന്ത്യയുടെ ചീഫ് ജസ്റ്റിസ്

ഇന്ത്യയുടെ അമ്പത്തിമൂന്നാമത് ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൂര്യ കാന്ത് ചുമതലയേറ്റു. ചീഫ് ജസ്റ്റിസായിരുന്ന ബി.ആർ. ഗവായ് വിരമിച്ച ഒഴിവിലാണ് സൂര്യ കാന്ത് ചുമതലയേറ്റത്. ഹരിയാനയിൽ നിന്ന് ചീഫ് ജസ്റ്റിസ് പദവിയിലെത്തുന്ന ആദ്യ വ്യക്തിയാണ്. 1984 ൽ നിയമത്തിൽ ബിരുദം നേടിയ സൂര്യ കാന്ത് ഹിസാറിലെ ഹൈക്കോടതിയിൽ അഭിഭാഷകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. 2000 ൽ മുപ്പത്തിയെട്ടാം വയസ്സിൽ ഹരിയാനയുടെ ഏറ്റവും പ്രായം കുറഞ്ഞ അഡ്വക്കേറ്റ് ജനറലായ അദ്ദേഹം പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിൽ ജഡ്ജിയായും ഹിമാചൽ പ്രദേശ് ഹൈക്കോടതി ചീഫ് ജസ്റ്റിസായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. നാഷണൽ ലീഗൽ സർവീസസ് അതോറിറ്റിയുടെ ഗവേണിംഗ് ബോഡി അംഗമായും ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്. 2019 മേയ് 24 ന് സുപ്രീം കോടതി ജഡ്ജിയായി നിയമിതനായ അദ്ദേഹം കാശ്മീരിന് പ്രത്യേക പദവി നൽകിയിരുന്ന ഭരണഘടനയുടെ 370 ാം അനുച്ഛേദം റദ്ദാക്കിയത് ശരിവയ്ക്കൽ, രാഷ്ട്രപതിയുടെ റഫറൻസിൽ സുപ്രീം കോടതിയുടെ അഭിപ്രായം തുടങ്ങിയ സുപ്രധാന വിധി ന്യായങ്ങളെഴുതിയ ബെഞ്ചുകളിൽ അംഗമായിരുന്നു. സുപ്രീം കോടതി ചീഫ് ജസ്റ്റിസായി 2027 ഫെബ്രുവരി 9 വരെ കാലാവധിയുണ്ട്.





## ശ്രീ ശങ്കരാചാര്യ സംസ്‌കൃത സർവകലാശാല സിൻഡിക്കേറ്റിലേക്ക് കെ. പ്രേംകുമാർ എം.എൽ.എ.

നിയമസഭാ സാമാജികരിൽ നിന്ന് ഒരംഗത്തെ ശ്രീ ശങ്കരാചാര്യ സംസ്‌കൃത സർവകലാശാല സിൻഡിക്കേറ്റിലേക്ക് തിരഞ്ഞെടുത്തു. പതിനഞ്ചാം കേരള നിയമസഭയിൽ ഒറ്റപ്പാലം മണ്ഡലത്തെ പ്രതി നിധീകരിക്കുന്ന കെ. പ്രേംകുമാറാണ് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടത്.

## കുസാറ്റ് ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ ഐ.പി.ആർ. സ്റ്റഡീസ് ഗവേണിംഗ് കൗൺസിലിലേക്ക് പി.വി. ശ്രീനിജിൻ എം.എൽ.എ.



നിയമസഭാ സമാജികരിൽ നിന്ന് ഒരംഗത്തെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ ഇന്റർ യൂണിവേഴ്‌സിറ്റി സെന്റർ ഫോർ ഐ.പി.ആർ. സ്റ്റഡീസിന്റെ ഗവേണിംഗ് കൗൺസിലിലേക്ക് സ്പീക്കർ നാമനിർദ്ദേശം ചെയ്തു. പതിനഞ്ചാം കേരള നിയമസഭയിൽ കുന്നത്തുനാട് മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന പി.വി.ശ്രീനിജിനെ യാണ് നാമനിർദ്ദേശം ചെയ്തത്.

## തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് 2025

സംസ്ഥാനത്ത് 2025 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചു. രണ്ട് ഘട്ടങ്ങളിലായാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ഒന്നാം ഘട്ടത്തിൽ ഡിസം ബർ 9 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ല കളിലും രണ്ടാം ഘട്ടത്തിൽ ഡിസംബർ 11 ന് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലുമാണ് തിരഞ്ഞെടുപ്പ് നടക്കുക. ഡിസംബർ 13 നാണ് വോട്ടെണ്ണൽ.

# ചിത്രജാലകം



കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം നാലാം പതിപ്പിന്റെ വെബ്സൈറ്റ് ഉദ്ഘാടനം സ്പീക്കർ എ.എൻ. ഷംസീറിന്റെ സാന്നിധ്യത്തിൽ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിക്കുന്നു.



ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ 2025 നവംബർ 26 ന് നിയമസഭാ ജീവനക്കാർക്ക് ഭരണഘടനയുടെ ആമുഖം ചൊല്ലിക്കൊടുക്കുന്നു.

# ചിത്രജാലകം



മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ ചരമവാർഷിക ദിനാചരണത്തിന്റെ ഭാഗമായി നിയമസഭാ സമുച്ചയത്തിലെ അദ്ദേഹത്തിന്റെ പ്രതിമയിൽ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തുന്നു.




2025 നവംബർ 2 ന് മുംബൈയിൽ നടന്ന വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റ് ജേതാക്കളായ ഇന്ത്യൻ ടീം ട്രോഫിയുമായി.

# പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലും പതിനഞ്ചും സമ്മേളനങ്ങൾ



പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 2025 സെപ്റ്റംബർ 15 ന് ആരംഭിച്ച് ഒക്ടോബർ 9 ന് സമാപിച്ചു. മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, സഭാംഗമായിരുന്ന വാഴൂർ സോമൻ, മുൻ നിയമസഭാ സ്പീക്കറും മുൻ മന്ത്രിയുമായ പി.പി. തങ്കച്ചൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസോടെ സഭ ആദ്യ ദിവസം പിരിഞ്ഞു. മുൻ മന്ത്രി സി.വി. പദ്മരാജൻ, മുൻ നിയമസഭാംഗങ്ങളായ തെന്നല ജി. ബാലകൃഷ്ണപിള്ള, പി.ജെ. ഫ്രാൻസിസ്, പ്രൊഫ. എം. കെ. സാനു, എം. നാരായണൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസും ഈ സമ്മേളനത്തിൽ നടത്തി.

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളന കാലയളവിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചിരുന്ന 2023 ലെ കേരള പൊതുരേഖ ബില്ലും, 2025-26 വർഷത്തെ ബജറ്റിലെ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ധനവിനിയോഗ ബില്ലും ഉൾപ്പെടെ ആകെ 21 ബില്ലുകൾ ഈ സമ്മേളനത്തിൽ സഭ പാസാക്കി. 2025 ലെ മലയാള ഭാഷ ബിൽ, 2025 ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ, 2025 ലെ കേരള പൊതുസേവനാവകാശ ബിൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഭരണഘടനയ്ക്ക് വിധേയമായി കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായി മലയാളത്തെ സ്വീകരിക്കുന്നതിനും എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിനും കേരളത്തിന്റെ സമസ്തമേഖലകളിലും മലയാള ഭാഷയുടെ പ്രയോഗം വ്യവസ്ഥ ചെയ്യുന്നതിനും മലയാളഭാഷയുടെ വളർച്ചയും വ്യാപനവും പരിപോഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനുമായി പതിമൂന്നാം കേരള നിയമസഭ പാസാക്കിയ 2015 ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ചിരുന്നു. കേന്ദ്ര സർക്കാർ ബില്ലിലെ ചില വ്യവസ്ഥകളിൽ തടസ്സവാദം ഉന്നയിച്ചിരുന്നു. പ്രസ്തുത ന്യൂനതകൾ ഒഴിവാക്കിക്കൊണ്ടുള്ള, 2015 ലെ ബില്ലിന് പകരമായുള്ള സമഗ്രമായ ഒരു ബില്ലാണ് 2025 ലെ മലയാളഭാഷാ ബിൽ. ഭരണഘടനയുടെ 39 ാം അനുച്ഛേദത്തിനനുസൃതമായി, എല്ലാവർക്കും കിടപ്പാടം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനത്തിൽ നിന്ന് ഏക കിടപ്പാടം പണയപ്പെടുത്തി

വായ്പ എടുക്കുകയും തിരിച്ചടവ് മുടങ്ങിയതുമൂലം പണയപ്പെടുത്തിയ ഏക കിടപ്പാടം നഷ്ടപ്പെട്ട കുടുംബങ്ങൾ കുടിയിറക്കപ്പെടുന്ന അവസ്ഥ സംജാതമാകുന്നത് ഒഴിവാക്കുന്നതിനും അങ്ങനെയുള്ളവരുടെ കിടപ്പാടം സംരക്ഷിക്കുന്നതുൾപ്പെടെയുള്ള നടപടികൾ ഏർപ്പെടുത്തുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനായി ഒരു നിയമനിർമ്മാണം ലക്ഷ്യമിട്ടുള്ളതാണ് 2025 ലെ കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ. കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-23)യുടെ ആറാമത് റിപ്പോർട്ടിൽ ഉൾപ്പെട്ട 2012 ലെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൽ, ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് സമിതി ശിപാർശ ചെയ്തിരുന്നു. പ്രസ്തുത ശിപാർശയുടെ പരിശോധനാ വേളയിൽ നിലവിലുള്ള സേവനാവകാശ നിയമം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമല്ലായെന്ന് കണ്ടെത്തിയതിൻപ്രകാരം നിലവിലുള്ള നിയമം റദ്ദ് ചെയ്ത് പുതിയ നിയമ നിർമ്മാണം നടത്തുന്നതിന് തീരുമാനിച്ചതിന്റെ ഫലമായി കൊണ്ടുവന്നിട്ടുള്ളതാണ് 2025 ലെ കേരള പൊതുസേവനാവകാശ ബിൽ.

ആകെ 53 മണിക്കൂർ 52 മിനിറ്റ് സഭ സമ്മേളിച്ചതിൽ 20 മണിക്കൂർ 11 മിനിറ്റാണ് നിയമ നിർമ്മാണത്തിനായി വിനിയോഗിക്കപ്പെട്ടത്.

ചട്ടം 50 പ്രകാരം ലഭിച്ച നോട്ടീസുകളിൽ നാല് എണ്ണത്തിൽ ചർച്ച നടന്നു. ലോക്കപ്പ് മർദനം, അമീബിക് മസ്തിഷ്ക ജ്വരത്തിന്റെ വ്യാപനം, നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവും പണപ്പെരുപ്പവും, ധനപ്രതിസന്ധിയും ട്രഷറി നിയന്ത്രണവും എന്നീ വിഷയങ്ങളിന്മേലുള്ള നോട്ടീസുകൾ പ്രകാരം നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഓരോ ഉപക്ഷേപത്തിന്മേലും രണ്ട് മണിക്കൂറിലധികം സമയം വീതം ചർച്ച നടന്നു. സഭാ ചരിത്രത്തിൽ ചട്ടം 50 പ്രകാരമുള്ള ഉപക്ഷേപത്തിന്മേൽ 47 തവണ സഭ ചർച്ച ചെയ്തതിൽ 17 എണ്ണം ഈ സഭയുടെ കാലത്തായിരുന്നു.

സഭയുടെ മേശപ്പുറത്ത് വച്ച 2024 ലെ കേരള സഹകരണ സംഘങ്ങൾ (രണ്ടാം ഭേദഗതി) ചട്ടങ്ങൾക്ക് ഗവൺമെന്റ് ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയ ഭേദഗതികൾ സഭ 2025 ഒക്ടോബർ 7 ന് പരിഗണിക്കുകയും ചില ഭേദഗതികൾ സഭ അംഗീകരിക്കുകയും ചെയ്തു. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷന്റെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സുതാര്യമായി നടത്തണമെന്നത് സംബന്ധിച്ച ചട്ടം 118 പ്രകാരമുള്ള ഗവൺമെന്റ് പ്രമേയം ഈ സമ്മേളനകാലയളവിൽ സഭ ഐകകണ്ഠ്യേന പാസാക്കി. സമ്മേളന കാലയളവിൽ 15 ശ്രദ്ധക്ഷണിക്കലുകളും 83 സബ്മിഷനുകളും സഭ മുമ്പാകെ അവതരിപ്പിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. സമ്മേളനത്തിലാകെ 774 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും വിവിധ നിയമസഭാ കമ്മിറ്റികളുടെ 105 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി നീക്കിവച്ച സെപ്റ്റംബർ 19 ന് 3 പുതിയ ബില്ലുകൾ ഉൾപ്പെടെ ആകെ 4 അനൗദ്യോഗിക ബില്ലുകൾ സഭ പരിഗണിക്കുകയും 3 ബില്ലുകൾ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തു. 10 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ലഭിച്ച ആകെ 6456 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളിൽ 7 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 14 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 300 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 3974 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 4274 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്രചിഹ്നമിട്ട 300 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 3709 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്ത് തന്നെ ഉത്തരം ലഭ്യമാക്കി. പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിന്റെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി.

സഭാ സമ്മേളനം 2025 ഒക്ടോബർ 6 ന് പുനരാരംഭിച്ചതു മുതൽ പ്രതിപക്ഷ അംഗങ്ങൾ ചോദ്യോത്തരവേളയിൽ തന്നെ സഭാ നടപടികൾ തുടർച്ചയായി തടസ്സപ്പെടുത്തുകയുണ്ടായി. സഭാംഗങ്ങളുടെ പെരുമാറ്റ ചട്ടത്തിന് വിരുദ്ധമായും സഭയുടെ അന്തസ്സിന് നിരക്കാത്ത വിധത്തിലും പെരുമാറിയ മൂന്ന് അംഗങ്ങളെ ഒക്ടോബർ 9 ന് സമ്മേളനത്തിന്റെ ശേഷിക്കുന്ന കാലയളവിലേക്ക് സസ്പെൻഡ് ചെയ്യുകയുണ്ടായി.

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 11 ദിവസത്തെ സിറ്റിംഗ് പൂർത്തിയാക്കി 2025 ഒക്ടോബർ 9 ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

പതിനഞ്ചാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2025 നവംബർ 1 ന് ശനിയാഴ്ച കേരളപ്പിറവി ദിനത്തിൽ ചേരുകയും 'അതിദാരിദ്ര്യ മുക്ത കേരളം' സംബന്ധിച്ച് മുഖ്യമന്ത്രി ചട്ടം 300 പ്രകാരം ഒരു പ്രസ്താവന നടത്തുകയും ചെയ്തു. ചട്ടം 313 പ്രകാരം, ചട്ടം 13(2) സസ്പെൻഡ് ചെയ്തുകൊണ്ടാണ് സഭ ചേർന്നത്. ഒരു ദിവസത്തേക്ക് മാത്രമായി ചേർന്ന സമ്മേളനം ബിസിനസ്സ് പൂർത്തിയാക്കി അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.

# പാർലമെന്ററി സ്ത്രീ ശാക്തീകരണ/വനിതാ ക്ഷേമ സമിതികളുടെ പ്രഥമ ദേശീയ സമ്മേളനം




ലോക്സഭാ സെക്രട്ടേറിയറ്റിന്റെ ആഭിമുഖ്യത്തിൽ പാർലമെന്റിലെയും സംസ്ഥാന -കേന്ദ്രഭരണ പ്രദേശങ്ങളിലെയും സ്ത്രീ ശാക്തീകരണ/വനിതാ ക്ഷേമ സമിതികളുടെ ചെയർപേഴ്സൺമാരുടെ പ്രഥമ ദേശീയ സമ്മേളനം ആന്ധ്രാപ്രദേശിലെ തിരുപ്പതിയിൽ സംഘടിപ്പിച്ചു. 2025 സെപ്റ്റംബർ 14 ന് ലോക്സഭാ സ്പീക്കർ ഓം ബിർള സമ്മേളനം ഉദ്ഘാടനം ചെയ്തു. രാജ്യസഭ ഉപാധ്യക്ഷൻ ഹരിവംശ് നാരായൺ സിംഗ്, ആന്ധ്രാപ്രദേശ് നിയമസഭാ സ്പീക്കർ സി. അയ്യണ്ണ പത്രുഡു, ലെജിസ്ലേറ്റീവ് അഫയേഴ്സ് മന്ത്രി പയ്യാവുല കേശവ്, നിയമസഭ ഉപാധ്യക്ഷൻ കെ. രഘുരാമകൃഷ്ണ രാജു, പാർലമെന്ററി വനിതാ ശാക്തീകരണ സമിതി അധ്യക്ഷ ഡി. പുരന്ദേശ്വരി എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു. തുടർന്ന് പ്ലീനറി സമ്മേളനത്തിൽ Gender Responsive Budgeting, Empowering Women to face Challenges of Emerging Technologies എന്നീ വിഷയങ്ങൾ അധികരിച്ച് ചർച്ച സംഘടിപ്പിച്ചു. Women Led Development for Viksit Bharat എന്നതായിരുന്നു സമ്മേളനത്തിന്റെ മുഖ്യ വിഷയം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നൂറിലധികം പ്രതിനിധികൾ പങ്കെടുത്തു. സെപ്റ്റംബർ 15 ന് നടന്ന സമാപന സമ്മേളനത്തിൽ ആന്ധ്രാപ്രദേശ് നിയമസഭ ഉപാധ്യക്ഷൻ കെ. രഘുരാമകൃഷ്ണ രാജു നന്ദി രേഖപ്പെടുത്തി.

കേരള നിയമസഭയെ പ്രതിനിധീകരിച്ച് സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി ചെയർപേഴ്സൺ യു. പ്രതിഭ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. സമിതി അംഗങ്ങളായ സി.കെ. ആശ, സെബാസ്റ്റ്യൻ കുളത്തുങ്കൽ, ശാന്തകുമാരി കെ., ഉമാ തോമസ് എന്നിവരും പ്രതിനിധികളായി പങ്കെടുത്തു. നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരും സമിതിയെ അനുഗമിച്ചു.




# രാജ്യത്തെ വിവരാവകാശ നിയമത്തിന് ഇരുപത് വയസ്സ്

രാജ്യത്ത് വിവരാവകാശ നിയമം (Right to Information Act, 2005) പ്രാബല്യത്തിൽ വന്നിട്ട് 2025 ഒക്ടോബർ 12 ന് ഇരുപത് വർഷം പൂർത്തിയായി. 2005 മേയ് 11 ന് ലോക്സഭ പാസാക്കിയ വിവരാവകാശ നിയമത്തിന് അതേ വർഷം ജൂൺ 15 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. ആക്റ്റിലെ വ്യവസ്ഥകൾ പൂർണ്ണമായും പ്രാബല്യത്തിൽ വന്നത് 2005 ഒക്ടോബർ 12 മുതലാണ്. അധികാര നിർവഹണത്തിൽ സുതാര്യത ഉറപ്പാക്കി കാലതാമസം, അഴിമതി, സ്വജനപക്ഷപാതം എന്നിവ ഇല്ലാതെ കാര്യക്ഷമവും സംശുദ്ധവുമായ ഒരു ഭരണക്രമമാണ് ഈ നിയമത്തിലൂടെ വിഭാവനം ചെയ്യുന്നത്. 'വിവരം' (Information) എന്നതിൽ ഒരു പൊതുസ്ഥാപന (Public authority) ത്തിന്റെ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള രേഖകൾ, പ്രമാണങ്ങൾ, കുറിപ്പുകൾ, സർക്കുലറുകൾ, ഉത്തരവുകൾ, ലോഗ് ബുക്കുകൾ, കരാറുകൾ, റിപ്പോർട്ടുകൾ, പേപ്പറുകൾ, ഇ-മെയിലുകൾ, അഭിപ്രായങ്ങൾ, ഉപദേശങ്ങൾ, പത്രക്കുറിപ്പുകൾ, സാമ്പിളുകൾ, മാതൃകകൾ തുടങ്ങിയവയും ഇലക്ട്രോണിക് രൂപത്തിൽ ശേഖരിച്ചിട്ടുള്ള കാര്യങ്ങളും ഉൾപ്പെടുന്നു. ഒരു ഇന്ത്യൻ പൗരന് ഇന്ത്യയിലെ ഏത് പൊതുസ്ഥാപനത്തിന്റെയും കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ളതും 'വിവരം' (Information) എന്ന വിഭാഗത്തിൽ വരുന്നതുമായ കാര്യങ്ങൾ ലഭിക്കാനുള്ള അവകാശമാണ് വിവരാവകാശം.

2019 ലെ വിവരാവകാശ (ഭേദഗതി) നിയമം വിവരാവകാശ കമ്മിഷനുകളുടെ ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി വിവരാവകാശ കമ്മിഷനുകളുടെ സേവന വേതന വ്യവസ്ഥയും കാലാവധിയും നിർണ്ണയിക്കുന്നതിന് കേന്ദ്ര

സർക്കാരിന് അധികാരം നൽകുന്നതാണ്. 2023 ലും വിവരാവകാശ നിയമം ഭേദഗതി ചെയ്യുകയുണ്ടായി. അതിൻപ്രകാരം 2023 ലെ വ്യക്തിവിവര സുരക്ഷാ നിയമത്തിന്റെ (DPDP) വകുപ്പ് 44 (3) ന്റെ ഭാഗമായി വിവരാവകാശ നിയമ വകുപ്പ് 8 (1) (j) ഭേദഗതി ചെയ്തു. ആർ ടി ഐ ആക്റ്റിലെ സെക്ഷൻ 8(1)(j) ൽ നിന്ന് പൊതുതാല്പര്യത്തിന് മുൻതൂക്കം നൽകാനുള്ള വ്യവസ്ഥ (Public Interest Override) നീക്കം ചെയ്തത് ഒരു പൊതുപ്രവർത്തനവുമായോ പൊതുതാല്പര്യവുമായോ കാര്യമായ ബന്ധമുണ്ടെങ്കിൽപോലും 'വ്യക്തിപരം' എന്ന് കരുതപ്പെടുന്ന വിവരങ്ങൾ തടഞ്ഞു വയ്ക്കാൻ സർക്കാരിന് അനുവാദം നൽകുന്നു. വ്യക്തിഗത വിവരങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ മറുപടി നിഷേധിക്കാൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അധികാരം നൽകുന്നതാണ് ഭേദഗതി.

## നിയമത്തിന്റെ നാൾവഴികൾ

ഇന്ത്യയിൽ വിവരാവകാശ നിയമമെന്ന ആശയം വിഭാവനം ചെയ്തത് 1990 ൽ മുൻ പ്രധാനമന്ത്രി വി.പി. സിംഗാണ്. തുടർന്ന് ഒരു നിയമം രൂപകല്പന ചെയ്യുന്നതിനുള്ള പ്രരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. 1994 ൽ രാജസ്ഥാനിലെ ഗ്രാമീണ വികസന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ട് അരുണാ റോയിയുടെ നേതൃത്വത്തിൽ മസ്ദൂർ കിസാൻ ശക്തി സംഘടന (എം.കെ.എസ്.എസ്.) വിവരാവകാശത്തിനായി ഒരു പൊതുപ്രചരണം ആരംഭിച്ചു. അവരുടെ 'ഹമാരാ പൈസ ഹമാര ഹിസാബ്' കാമ്പയിൻ ശ്രദ്ധേയമായിരുന്നു. 1995 ൽ മുസ്സൂറിയിലെ എൽ.ബി.എസ്.എൻ.എ.എ. യിൽ നടന്ന സാമൂഹ്യപ്രവർത്തകരുടെ യോഗത്തിൽ ഒരു കരട് നിയമം രൂപീകരിച്ചു. 1996 ൽ നാഷണൽ കാമ്പെയിൻ ഫോർ പീപ്പിൾസ് റൈറ്റ് ടു ഇൻഫർമേഷൻ എൻ.സി.പി.ആർ.ഐ. (ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷൻ) രൂപീകരിച്ചു. 1996 ൽ പ്രസ്സ് കൗൺസിൽ ഓഫ് ഇന്ത്യ, ചെയർമാൻ ജസ്റ്റിസ് പി.ബി. സാവന്തിന്റെ മാർഗ നിർദ്ദേശ പ്രകാരം ഒരു ബിൽ തയ്യാറാക്കുകയും പരിഷ്കരിച്ച രൂപത്തിൽ പ്രസ്സ് കൗൺസിൽ–എൻ.ഐ.ആർ.ഡി. ഫ്രീഡം ഓഫ് ഇൻഫർമേഷൻ ബിൽ, 1997 എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു. അതേ വർഷം തന്നെ എച്ച്.ഡി. ഷൗരിയുടെ അധ്യക്ഷതയിൽ സർക്കാർ രൂപീകരിച്ച വർക്കിംഗ് ഗ്രൂപ്പ് വിവരാവകാശ ബിൽ എന്ന പേരിൽ നിയമം തയ്യാറാക്കി. 1997 ൽ ഇന്ത്യയിൽ ആദ്യത്തെ വിവരാവകാശ നിയമം തമിഴ്നാടും പിന്നീട് ഗോവയും പാസാക്കി. തെരഞ്ഞെടുത്ത വകുപ്പുകൾക്ക് മാത്രം നിയമം ബാധകമാക്കിയ മധ്യപ്രദേശ് 1998 ൽ ബിൽ പാസാക്കിയെങ്കിലും ഗവർണ്ണറുടെ അനുമതിയില്ലാത്തതിനാൽ നിയമമായില്ല. 1999 ൽ കേന്ദ്ര നഗര കാര്യ മന്ത്രി സുതാര്യത സംബന്ധിച്ച് ഒരു ഭരണ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും അനുമതി ലഭിച്ചില്ല. വിവരാവകാശം സംബന്ധിച്ച് 1999 ൽ സുപ്രീം കോടതിയിൽ ഒരു പൊതുതാൽപര്യ ഹർജി സമർപ്പിക്കപ്പെട്ടു.

2000 ൽ പാർലമെന്റിൽ ഒരു വിവരാവകാശ നിയമം അവതരിപ്പിക്കുകയും സെലക്ട് കമ്മിറ്റിക്ക് റഫർ ചെയ്യുകയും ചെയ്തു. ഇതിനിടെ 2001 ൽ എൻ.സി.ടി. ഡൽഹി നിയമസഭ വിവരാവകാശ നിയമം പാസാക്കി. പാർലമെന്റിൽ അവതരിപ്പിച്ച വിവരാവകാശ നിയമത്തിന്മേൽ 2002 ൽ സെലക്ട് കമ്മിറ്റി റിപ്പോർട്ട് ലഭിക്കുകയും അതേ വർഷം ഡിസംബറിൽ പാർലമെന്റിന്റെ ഇരുസഭകളും ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആക്റ്റ് (FOI Act, 2002) പാസാക്കുകയും 2003 ജനുവരിയിൽ വിജ്ഞാപനം ചെയ്യുകയും ചെയ്തു. 2003 ജനുവരിയിൽ മധ്യപ്രദേശും ആഗസ്റ്റിൽ മഹാരാഷ്ട്രയും നിയമം പാസാക്കി. 2004 ൽ രൂപീകരിച്ച ദേശീയ ഉപദേശക സമിതി (NAC) ആഗസ്റ്റിൽ FOI Act, 2002 ൽ ചെറിയ ഭേദഗതികൾ നിർദ്ദേശിച്ച് പ്രധാനമന്ത്രിക്ക് ശിപാർശ ചെയ്തു. 2004 ഡിസംബറിൽ പാർലമെന്റിൽ RTI ബിൽ അവതരിപ്പിച്ചു. 2005 മേയ് 11 ന് ലോക്സഭയും മേയ് 12 ന് രാജ്യസഭയും പാസാക്കിയ ബില്ലിന് 2005 ജൂൺ 15 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. 2005 ഒക്ടോബർ 12 ന് നിയമം പൂർണ്ണാർഥത്തിൽ നിലവിൽ വന്നു.




ഇന്ത്യയിലെ വിവരാവകാശ നിയമം, 2005 പ്രകാരമുള്ള ആദ്യത്തെ അപേക്ഷ 2005 ഒക്ടോബർ 12 ന് മഹാരാഷ്ട്രയിലെ പൂനെ പൊലീസ് സ്റ്റേഷനിൽ ഷാഹിദ് റാസ ബർണി എന്ന വ്യക്തിയാണ് സമർപ്പിച്ചത്.

# ബില്ലുകളിൽ തീരുമാനമെടുക്കാനുള്ള സമയപരിധി നിർദേശിക്കാനാകില്ല : സുപ്രീം കോടതി

നിയമസഭ പാസാക്കുന്ന ബില്ലുകൾക്ക് അനുമതി നൽകുന്നതിന് രാഷ്ട്രപതിക്കും ഗവർണ്ണർമാർക്കും സമയപരിധി നിശ്ചയിക്കാനാകില്ലെന്ന് പ്രസിഡന്റിന്റെ റഫറൻസിന്മേൽ സുപ്രീം കോടതി അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കാരണം വിശദമാക്കാതെ ബില്ലുകൾ അനിശ്ചിതമായി നീട്ടുന്ന സാഹചര്യത്തിൽ യുക്തിസഹമായ സമയപരിധിക്കകത്ത് തീരുമാനമെടുക്കാനുള്ള നിർദേശം നൽകാൻ കോടതിക്ക് പരിമിത അധികാരമുണ്ടെങ്കിലും ഗവർണ്ണറുടെ വിവേചനാധികാരം സംബന്ധിച്ച് നിരീക്ഷണം നടത്താൻ പാടില്ലെന്നും ഭരണഘടനാ ബെഞ്ച് ചൂണ്ടിക്കാട്ടി. നിശ്ചിത സമയത്തിനകം തീരുമാനമെടുത്തില്ലെങ്കിൽ ബില്ലുകൾക്ക് അനുമതി ലഭിച്ചതായി കണക്കാക്കാനാകില്ലെന്നും കോടതി വ്യക്തമാക്കി. ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായിരുന്ന ഭരണഘടനാ ബെഞ്ചിൽ ജസ്റ്റിസുമാരായ സൂര്യ കാന്ത്, വിക്രം നാഥ്, പി.എസ്. നരസിംഹ, എ.എസ്. ചന്ദുർക്കർ എന്നിവർ അംഗങ്ങളാണ്. നിയമസഭ പാസാക്കിയ പത്തു ബില്ലുകൾക്ക് അനുമതി നൽകുന്നതിൽ കാലതാമസം വരുത്തിയ ഗവർണ്ണർ ആർ.എൻ. രവിയുടെ നടപടിയെ ചോദ്യം ചെയ്ത് തമിഴ്നാട് സർക്കാർ സമർപ്പിച്ച ഹർജിയിലാണ് സുപ്രീം കോടതിയുടെ രണ്ടംഗ ബെഞ്ച് സമയപരിധി നിശ്ചയിച്ച് വിധി പുറപ്പെടുവിച്ചിരുന്നത്. പ്രസ്തുത വിധി സംബന്ധിച്ച്, രാഷ്ട്രപതിയുടെ തീരുമാനത്തിന് സമയപരിധി നിശ്ചയിക്കാൻ കോടതിക്ക് അധികാരമുണ്ടോ എന്നതുൾപ്പെടെ 14 ചോദ്യങ്ങൾക്ക് ഭരണഘടനയുടെ അനുച്ഛേദം 143 (1) പ്രകാരമുള്ള റഫറൻസിൽ രാഷ്ട്രപതി ദ്രൗപദി മുർമു സുപ്രീം കോടതിയോട് അഭിപ്രായം തേടിയിരുന്നു.






## വലയിൽ നിന്ന്......

തിരു–കൊച്ചി സംസ്ഥാനത്ത് നിലവിലിരുന്ന രണ്ട് പൈസയുടെയും നാല് പൈസയുടെയും സ്റ്റാമ്പുകൾ

## കേരള നിയമസഭ
# അന്താരാഷ്ട്ര പുസ്തകോത്സവം
## നാലാം പതിപ്പിലേക്ക്

KERALA LEGISLATURE INTERNATIONAL BOOK FESTIVAL

KLIBF
Kerala Legislature International Book Festival
4th Edition | 2026 Jan 07 - 13

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പ് 2026 ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുകയാണ്. 2023 ജനുവരിയിൽ പുസ്തകോത്സവത്തിന്റെ ഒന്നാം പതിപ്പും നവംബറിൽ രണ്ടാം പതിപ്പും 2025 ജനുവരിയിൽ മൂന്നാം പതിപ്പും സംഘടിപ്പിക്കപ്പെട്ടിരുന്നു.

2023 ജനുവരി 9 മുതൽ 15 വരെ നടന്ന പുസ്തകോത്സവത്തിന്റെ പ്രഥമ പതിപ്പിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ, സാഹിത്യകാരൻ ടി. പത്മനാഭൻ എന്നിവർ ചേർന്നാണ് നിർവഹിച്ചത്. ശരൺകുമാർ ലിംബാളെ, ഷെഹാൻ കരുണതിലകെ തുടങ്ങിയ സാഹിത്യ-സാംസ്കാരിക രംഗത്തെ പ്രമുഖർ വിവിധ ചടങ്ങുകളിൽ പങ്കെടുത്തു. പ്രഥമ കേരള നിയമസഭ ലൈബ്രറി പുരസ്കാരം ടി. പത്മനാഭന് സമ്മാനിച്ചു. നിയമസഭാംഗമായി അരനൂറ്റാണ്ട് പിന്നിട്ട മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ ആദരിച്ചു. നൂറ്റി ഇരുപത്തിനാല് പുസ്തക സ്റ്റാളുകളിലായി എൺപത്തിയെട്ട് പ്രസാധകരുടെ പുസ്തകങ്ങളാണുണ്ടായിരുന്നത്. ഏഴു ലക്ഷത്തിലധികം ആളുകൾ പങ്കെടുത്ത പുസ്തകോത്സവത്തിൽ എം.എൽ.എ.മാരുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്, യൂണിസെഫ് ഫണ്ട്, പൊതുമേഖലാസ്ഥാപനങ്ങളുടെ ബുക്ക് കൂപ്പൺ എന്നിവ മുഖേന ഏഴുകോടിയോളം രൂപയുടെ പുസ്തകങ്ങൾ വിറ്റഴിക്കപ്പെട്ടു. പുസ്തകോത്സവത്തോടനുബന്ധിച്ച് നടത്തിയ സാഹിത്യോത്സവത്തിൽ ദേശീയ-അന്തർദേശീയ പ്രശസ്തരായ ഇരുന്നൂറോളം വ്യക്തിത്വങ്ങൾ പങ്കെടുത്തു. വിവിധ വിഷയങ്ങളെ അധികരിച്ച് പതിമൂന്ന് പാനൽ ചർച്ചകളും എട്ട് വിഷൻ ടോക്കുകളും സംഘടിപ്പിച്ചു. 95 പുസ്തക പ്രകാശനങ്ങൾ, 14 പുസ്തക ചർച്ചകൾ, 6 മീറ്റ് ദ ഓതർ സെഷനുകൾ, 5 ബുക്ക് സൈനിങ് സെഷനുകൾ, 2 കവിയരങ്ങുകൾ എന്നിവയും സംഘടിപ്പിച്ചു. കലാ-സാംസ്കാരിക രംഗത്തെ പ്രമുഖർ ഉൾപ്പെട്ട വിവിധ കലാപരിപാടികൾക്കുപുറമേ അഞ്ച് പ്രമുഖ മാധ്യമങ്ങളുടെ സഹകരണത്തോടെ മെഗാഷോകളും സംഘടിപ്പിച്ചു.

2023 നവംബർ 1 മുതൽ 7 വരെ നടന്ന കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ രണ്ടാം പതിപ്പിന്റെ മുന്നോടിയായി, പഴയ നിയമസഭാ ഹാളിൽ വച്ച് 2023 ഒക്ടോബർ 26ന് സ്കൂൾ വിദ്യാർഥികൾക്കായി ഒരു മാതൃകാ നിയമസഭ സംഘടിപ്പിച്ചു. 2023 നവംബർ 2 ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുസ്തകോത്സവം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ സാഹിത്യത്തിനുള്ള സമഗ്ര സംഭാവനയ്ക്ക് ഏർപ്പെടുത്തിയ 'നിയമസഭാ അവാർഡ്' എം.ടി.ക്ക് സമ്മാനിച്ചു. കേരളത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള 164 പ്രസാധകരുടെ 256 പുസ്തകസ്റ്റാളുകൾ ക്രമീകരിച്ചിരുന്നു. സ്റ്റാളുകളുടെ ഉദ്ഘാടനം നവംബർ ഒന്നിന് നിയമസഭാ സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. നാലു വേദികളിലായി 207 പുസ്തക ചർച്ചകളും മന്ത്രിമാർ, സാമൂഹിക സാംസ്കാരിക രംഗത്തുള്ളവർ എന്നിവർ പങ്കെടുത്ത പത്ത് പാനൽ ചർച്ചകളും ദേശീയ അന്തർദേശീയ സാഹിത്യ പ്രതിഭകൾ പങ്കെടുത്ത 'മീറ്റ് ദ ഓതർ', KLIBF TALKS, 'കവിയും കവിതയും' സെഷനുകളും സംഘടിപ്പിച്ചു. പുസ്തകോത്സവത്തിന്റെ ഭാഗമായി മാതൃകാ പാർലമെന്റ്, പുസ്തകാസ്വാദനം, പദ്യ



പാരായണം, ഒരു കഥ പറയാം, എന്നെ സ്വാധീനിച്ച വായനശാല എന്നീ വിഭാഗങ്ങളിൽ ഓൺലൈൻ മത്സരങ്ങളും ക്വിസ് മത്സരവും സംഘടിപ്പിച്ചു. 624 സ്കൂളുകളിൽ നിന്നുള്ള എഴുപത്തയ്യായിരത്തോളം വിദ്യാർഥികളുൾപ്പെടെ അഞ്ച് ലക്ഷത്തിലധികം പേർ പുസ്തകോത്സവത്തിൽ പങ്കെടുത്തു. സ്കൂൾ വിദ്യാർഥികൾക്കായി സൗജന്യ സന്ദർശന പാക്കേജും കെ.എസ്.ആർ.ടി.സി.യുടെ ഡബിൾ ഡെക്കർ ബസിൽ സിറ്റി റൈഡും ഏർപ്പെടുത്തിയിരുന്നു.

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പ് ഈ വർഷം ജനുവരി 7 മുതൽ 13 വരെയായിരുന്നു സംഘടിപ്പിക്കപ്പെട്ടത്. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവ ഹിച്ച സമ്മേളനത്തിൽ കർണ്ണാടക നിയമസഭാ സ്പീക്കർ യു.ടി. ഖാദർ ഫരീദ്, പ്രശസ്ത സാഹിത്യകാരൻ ദേവ്ദത്ത് പട്നായിക് തുടങ്ങിയവർ സന്നിഹിതരായിരുന്നു. ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ച്, എം.ടി.യുടെ സ്മരണയ്ക്കായി ഒരുക്കിയ നാലുകെട്ട് എന്നിവ ഉൾപ്പെടെ ഏഴ് വേദികളാണുണ്ടായിരുന്നത്. 169 ദേശീയ, അന്തർദേശീയ പ്രസാധകരുടെ പുസ്തകങ്ങൾ 266 സ്റ്റാളുകളിലൂടെയാണ് അവതരിപ്പിച്ചത്. മൂന്നുലക്ഷത്തോളം ആളുകളാണ് പുസ്തകോത്സവത്തിൽ പങ്കെടുത്തത്. മൂന്നൂറ്റിപ്പതിനൊന്ന് പുസ്തകപ്രകാശനങ്ങൾ നടന്നു. മീറ്റ് ദ ഓതർ, കവിയരങ്ങ്, എഴുത്തിന്റെയും വായനയുടെയും ജീവിതം, സ്മൃതിസന്ധ്യ, KLIBF TALKS, കവിയും കവിതയും, കഥ പറയും പാട്ടുകൾ, കഥാപ്രസംഗം തുടങ്ങി എഴുപതോളം പ്രത്യേക സെഗ്മെന്റുകളിൽ നൂറ്റി എൺപതോളം പ്രതിഭകൾ പങ്കെടുത്തു. ആയിരത്തി അറുനൂറിലേറെ അതിഥികൾ പുസ്തകോത്സവത്തിൽ ഭാഗഭാക്കായി. 256 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് എഴുപത്തയ്യായിരത്തിലേറെ വിദ്യാർഥികൾ പങ്കെടുത്തു. ആറായിരത്തോളം വിദ്യാർഥികൾ സൗജന്യ സിറ്റി റൈഡിൽ പങ്കെടുത്തു. സ്റ്റുഡന്റ്സ് കോർണറിൽ മുപ്പത്തിനാല് അതിഥികൾ ഉൾപ്പെട്ട വിവിധ സെഷനുകൾ നടന്നു. മുപ്പത്തിനാല് കോളേജുകളിൽ നിന്നുള്ള നൂറ്റി അമ്പത്തിയാറ് വിദ്യാർഥിനികൾ മാതൃകാ നിയമസഭയുടെ ഭാഗമായി പങ്കെടുത്തു. ക്വിസ് മത്സരത്തിൽ ആയിരത്തി അഞ്ഞൂറോളം വിദ്യാർഥികൾ പങ്കെടുത്തു. ഓൺലൈൻ മത്സരങ്ങളിൽ നിരവധി പേർ ഭാഗഭാക്കായി. എട്ട് മാധ്യമ സ്ഥാപനങ്ങൾ മെഗാഷോകൾ സംഘടിപ്പിച്ചു. സമ്മാനക്കൂപ്പണുകളുടെ ലക്കി ഡ്രോയിലൂടെ ദിവസവും 20 പേർക്ക് വീതം സമ്മാനം നൽകി. സിനിമാതാരം പ്രകാശ്‌രാജ് ഉദ്ഘാടനം ചെയ്ത സമാപന സമ്മേളനത്തിൽ ശ്രീലങ്കൻ സാഹിത്യകാരി വി.വി. പത്മസീലി മുഖ്യാതിഥിയായിരുന്നു.





# മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും



2025 ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും നിയമസഭാ സെക്രട്ടേറിയറ്റിൽ ഔദ്യോഗിക ഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ സമുചിതമായി ആഘോഷിച്ചു. ഭരണഭാഷാ വാരാഘോഷത്തിന്റെ ഒന്നാം ദിവസമായ നവംബർ 1 ന് നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണകുമാർ ജീവനക്കാർക്ക് ഭരണഭാഷാ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. നവംബർ 3 ന് സംഘടിപ്പിച്ച പരിപാടിയിൽ പ്രശസ്ത എഴുത്തുകാരി രേഖ കെ. 'ഭാഷ എന്ന വികാരം' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയുണ്ടായി. നവംബർ 4 ന് സാഹിത്യരചനാ മത്സരങ്ങളും നവംബർ 6 ന് മലയാളഭാഷാ പ്രശ്നോത്തരിയും സംഘടിപ്പിച്ചു.

# പാഴ്‌വസ്തുക്കൾ നീക്കംചെയ്യൽ




നിയമസഭാ സമുച്ചയത്തിലെയും പരിസരങ്ങളിലെയും ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള ജൈവ - അജൈവ പാഴ്‌വസ്തുക്കൾ ക്ലീൻ കേരള കമ്പനിക്കു കൈമാറി. പരിപാടിയുടെ ഉദ്ഘാടനം നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ 2025 നവംബർ 11 ന് കമ്പനിയുടെ വാഹനം ഫ്ളാഗ് ഓഫ് ചെയ്ത് നിർവഹിച്ചു. നവംബർ 2 മുതൽ 7 വരെ നടത്തിയ പ്രത്യേക 'ഡ്രൈവി'ലൂടെ ശേഖരിച്ച ഉപയോഗരഹിതമായ ഫർണ്ണിച്ചറുകൾ, ഇ - വേസ്റ്റുകൾ, പേപ്പർ/കാർഡ്ബോർഡ് വേസ്റ്റുകൾ ഉൾപ്പെടെയുള്ള മുഴുവൻ പാഴ്‌വസ്തുക്കളുമാണ് ക്ലീൻ കേരള കമ്പനിക്ക് കൈമാറിയത്.

# ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായുള്ള പുസ്തക പ്രദർശനം



2025 ലെ മലയാള ദിനാഘോഷത്തിന്റെയും ഭരണഭാഷാ വാരാഘോഷത്തിന്റെയും ഭാഗമായി നവംബർ 1 മുതൽ 7 വരെ നിയമസഭാ ലൈബ്രറി റഫറൻസ് ഹാളിൽ സംഘടിപ്പിച്ച പുസ്തക പ്രദർശനത്തിന്റെ ഉദ്ഘാടനം നവംബർ ഒന്നിന് സ്പീക്കർ എ.എൻ. ഷംസീർ നിർവഹിച്ചു. ലൈബ്രറി ഉപദേശക സമിതി ചെയർമാൻ തോമസ് കെ.തോമസ് എം.എൽ.എ., സാമാജികരായ ഡി.കെ. മുരളി, കെ.വി. സുമേഷ്, നിയമസഭാ സെക്രട്ടറി ഡോ. എൻ. കൃഷ്ണ കുമാർ, സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ, നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. മലയാള ഭാഷയുടെ വികാസ പരിണാമത്തെക്കുറിച്ചുള്ള പുസ്തകങ്ങൾ, അമൂല്യ ഗ്രന്ഥങ്ങൾ, വയലാർ അവാർഡ് നേടിയ എഴുത്തുകാരുടെ പുസ്തകങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നതായിരുന്നു പ്രദർശനം.

## നേത്ര പരിശോധനാ ക്യാമ്പ്

നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാർക്കായി നേത്രചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന പ്രിസൈസ് ഐ കെയർ എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ 2025 നവംബർ 13 ന് നേത്ര പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. വിഷൻ ടെസ്റ്റ്, കൗൺസിലിംഗ്, ക്യാമ്പിൽ പങ്കെടുത്തവരുടെ നാല് കുടുംബാംഗങ്ങൾക്ക് സൗജന്യ നേത്ര പരിശോധനയും ഡോക്ടർ കൺസൽട്ടേഷനും ലഭ്യമാക്കുന്ന പ്രിവിലേജ് കാർഡിന്റെ വിതരണം എന്നിവ ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു.



## നിതീഷ് കുമാർ വീണ്ടും ബിഹാർ മുഖ്യമന്ത്രി



ബിഹാർ മുഖ്യമന്ത്രിയായി നിതീഷ് കുമാർ അധികാരമേറ്റു. ജെ.ഡി.യു. നേതാവായ അദ്ദേഹം പത്താം തവണയാണ് ബിഹാർ മുഖ്യമന്ത്രിയാകുന്നത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം അധികാരത്തിലിരിക്കുന്ന മുഖ്യമന്ത്രിയാണ് അദ്ദേഹം. പതിനെട്ടാം ബിഹാർ നിയമസഭയിലേക്ക് നവംബറിൽ രണ്ട് ഘട്ടങ്ങളിലായി നടന്ന തിരഞ്ഞെടുപ്പിൽ ജെ.ഡി.യു. ഉൾപ്പെടുന്ന എൻ.ഡി.എ. മുന്നണി എൺപത് ശതമാനത്തിലധികം സീറ്റുകൾ നേടിയാണ് വീണ്ടും അധികാരത്തിലെത്തിയത്. പാറ്റ്നയിൽ നടന്ന ചടങ്ങിൽ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ മുമ്പാകെ മുഖ്യമന്ത്രിയും മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

## വി.എസ്. അച്യുതാനന്ദന് തമിഴ്നാട് നിയമസഭയുടെ ആദരം



അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന സി.പി.ഐ.(എം) നേതാവുമായിരുന്ന വി.എസ്. അച്യുതാനന്ദന് തമിഴ്നാട് നിയമസഭയുടെ ആദരം. തമിഴ്നാട് നിയമസഭാ സ്പീക്കർ എം. അപ്പാവുവാണ് 2025 ഒക്ടോബർ 14 ന് ആരംഭിച്ച നിയമസഭാ സമ്മേളനത്തിൽ ചരമോപചാരം അർപ്പിച്ചുകൊണ്ടുള്ള അനുശോചന പ്രമേയം അവതരിപ്പിച്ചത്. ജനങ്ങളുടെ ഹൃദയം കവരാൻ കഴിഞ്ഞ സമുന്നതനായ രാഷ്ട്രീയ നേതാവാണ് വി.എസ് എന്ന് സ്പീക്കർ പ്രസ്താവിക്കുകയുണ്ടായി. തുടർന്ന് വി.എസിന്റെ വിയോഗത്തിൽ കേരള ജനതയോടും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടുമുള്ള അനുശോചനം അറിയിച്ചുള്ള പ്രമേയം പാസാക്കി.

### അനുശോചന പ്രമേയം

കേരളത്തിലെ മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നിര്യാണം സംബന്ധിച്ച്

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-യുടെ മുതിർന്ന നേതാവും കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയുമായിരുന്ന സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ 21-07-2025-ന് അന്തരിച്ച വിവരമറിഞ്ഞപ്പോൾ ഈ സഭയ്ക്കുണ്ടായ ഞെട്ടലും അഗാധമായ ദുഃഖവും രേഖപ്പെടുത്തുന്നു.

കേരള രാഷ്ട്രീയത്തിലെ മഹത് വ്യക്തിത്വത്തിനുടമയായിരുന്ന സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ അചഞ്ചലമായി തന്റെ നിലപാടുകളിൽ ഉറച്ചുനിന്ന പൊതുപ്രവർത്തകനും ഭരണാധികാരിയും ജനങ്ങളുടെ പ്രിയപ്പെട്ട നേതാവുമായിരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖിക്കുന്ന കുടുംബാംഗങ്ങൾക്കും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-യുടെ സഖാക്കൾ, കേരള ജനത ഉൾപ്പെടെയുള്ള എല്ലാവർക്കും ഈ നിയമസഭയ്ക്കുള്ള അഗാധമായ ദുഃഖവും അനുശോചനവും അറിയിച്ചുകൊള്ളുന്നു.

ഈ അനുശോചന പ്രമേയം പാസ്സാക്കുന്നതിനും അന്തരിച്ച മഹത് വ്യക്തിത്വത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനുമായി ബഹുമാനപ്പെട്ട സഭാംഗങ്ങൾ എല്ലാവരും എഴുന്നേറ്റുനിന്ന് രണ്ട് മിനിറ്റ് മൗനമാചരിക്കണമെന്ന് അഭ്യർഥിക്കുന്നു.

*(തമിഴ്നാട് നിയമസഭ പാസാക്കിയ അനുശോചന പ്രമേയത്തിന്റെ മലയാള പരിഭാഷ)*



# നവജാത ശിശു സൂക്ഷ്മ രോഗനിർണ്ണയ പദ്ധതി നിർദേശങ്ങളുമായി നിയമസഭാ സമിതി

കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26) നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള സൂക്ഷ്മ രോഗ നിർണ്ണയ പദ്ധതിയുടെ ബജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് പഠനം നടത്തി. പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (2023-26) യുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമിതി അധ്യക്ഷ കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ. 2025 ഒക്ടോബർ 7 ന് സഭയിൽ സമർപ്പിച്ചു.

കോഴിക്കോട് ജില്ലയിൽ ഗ്ലൂക്കോസ്-6-ഫോസ്ഫേറ്റ് ഡിഹൈഡ്രജനേസ് (G6PD) ഡെഫിഷ്യൻസിയും തിരുവനന്തപുരം ജില്ലയിൽ ഗാലക്ടോസീമിയയും ബാധിച്ച ശിശുക്കളുടെ എണ്ണം വർധിക്കുന്നതിന്റെയും ചില മേഖലകളിൽ ജനിതക വൈകല്യ നിരക്ക് കൂടുന്നതിന്റെയും കാരണം കണ്ടെത്തുന്നതിന് ഇതു സംബന്ധിച്ച പഠനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്തു. വയനാട് ജില്ലയിൽ കഴിഞ്ഞ വർഷം കൂടുതലായി റിപ്പോർട്ട് ചെയ്ത നവജാത ശിശുക്കളിലെ അരിവാൾ രോഗം തടയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം അടിയന്തരമായി ആരംഭിച്ച് ആയതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു. നവജാത ശിശുക്കൾക്ക് വേണ്ടിയുള്ള സൂക്ഷ്മ രോഗനിർണ്ണയ പദ്ധതിക്കായി ബജറ്റ് വിഹിതമായി ലഭിക്കുന്ന തുക പൂർണ്ണമായും വിനിയോഗിക്കുന്നതിൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ച സമിതി, സൂക്ഷ്മരോഗ നിർണ്ണയ സ്ക്രീനിംഗിൽ 'ബയോട്ടിനിഡേസ് ഡെഫിഷ്യൻസി' എന്ന രോഗം ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന വിവരം ലഭ്യമാക്കണമെന്നും നിർദേശിച്ചു.

ഒരു ആഴ്ച മുതൽ ഒന്നര വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങളുടെ പ്രതിരോധ കുത്തിവയ്പ്പ്, കുഞ്ഞിന്റെ വളർച്ച, അമ്മയുടെ ആരോഗ്യം, ക്ഷേമ പദ്ധതികൾ, ആനുകൂല്യങ്ങൾ മുതലായവ ഉറപ്പുവരുത്തുന്നതിനായി ആശാ പ്രവർത്തകരുടെ സേവനം ലഭ്യമാക്കി നടത്തുവാൻ ഉദ്ദേശിക്കുന്ന 'ഹോം ബെയ്സ്ഡ് കോംപ്രിഹെൻസീവ് ചൈൽഡ് കെയർ പദ്ധതി' എത്രയും വേഗം ആരംഭിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. കൂടാതെ സൂക്ഷ്മരോഗ നിർണ്ണയ സമയത്ത് കണ്ടെത്തുവാൻ കഴിയാത്ത ജനിതക വൈകല്യങ്ങൾ ഉള്ള കുഞ്ഞുങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി, അപൂർവ്വ രോഗ പരിചരണത്തിനായുള്ള പദ്ധതി (KARE) യുടെ ഭാഗമായി തയ്യാറാക്കുന്ന വെബ് പോർട്ടൽ അടിയന്തരമായി പ്രവർത്തനക്ഷമമാക്കി പ്രവർത്തന പുരോഗതിയുടെ വിശദാംശം ലഭ്യമാക്കണമെന്നും 'കെയർ' പദ്ധതിക്കായി അടുത്ത സാമ്പത്തിക വർഷം മുതൽ പുതിയ ബജറ്റ് ശീർഷകം ആരംഭിച്ച് തുക അനുവദിക്കണമെന്നും സമിതി ശിപാർശ



ചെയ്തു. 'കെയർ' പദ്ധതിയുടെ ഭാഗമായി അപൂർവ രോഗങ്ങളുടെ വിവര ശേഖരണത്തിനായി ഒരു രജിസ്ട്രി തയ്യാറാക്കി വരുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി, ആയതിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു. അപൂർവ്വ രോഗം മൂലം കഷ്ടതയനുഭവിക്കുന്ന കുഞ്ഞുങ്ങൾക്കും രക്ഷിതാക്കൾക്കും ചികിത്സാ ആവശ്യങ്ങൾക്കായി സൗജന്യ ട്രെയിൻ യാത്ര അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

നവജാത ശിശുക്കളിലെ കാൻസർ രോഗങ്ങൾ വർധിച്ചു വരുന്ന നിലവിലെ സാഹചര്യത്തിൽ ഗർഭാവസ്ഥയിൽ തന്നെ രോഗനിർണ്ണയം നടത്തുന്നതിനുള്ള സംവിധാനങ്ങളും നവജാത ശിശു ഐ.സി.യു.വിൽ നിന്നും ഡിസ്ചാർജ് ചെയ്യപ്പെടുന്ന കുഞ്ഞുങ്ങളുടെ തുടർപരിചരണം ഉറപ്പുവരുത്തുന്നതിനായി ആരംഭിച്ച പ്രത്യേക കോൾ സംവിധാനവും എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. ഗർഭിണികൾക്കുള്ള Chorionic Villious Sampling/Amniocentesis എന്ന ടെസ്റ്റ് നടത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്ക്കരണം നടത്തണമെന്നും, പ്രസ്തുത ടെസ്റ്റ് ഗർഭിണികൾക്ക് നിർബന്ധിതമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദേശിച്ചു. പ്രസവശേഷം എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ അമ്മയെയും കുഞ്ഞിനെയും സുരക്ഷിതമായി തീർത്തും സൗജന്യമായി വീട്ടിൽ എത്തിക്കുന്ന 'മാതൃയാനം' പദ്ധതി, പ്രസവ ചികിത്സ നൽകുന്ന എല്ലാ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സാമാജികരായ ആന്റണി രാജു, കെ. ബാബു (തൃപ്പൂണിത്തുറ), പി.പി. ചിത്തരഞ്ജൻ, ജി.എസ്. ജയലാൽ, കോവൂർ കുഞ്ഞുമോൻ, എം.എം. മണി, മുരളി പെരുനെല്ലി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി.ടി.എ. റഹിം, എൻ. ഷംസുദ്ദീൻ എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ.

## വിജ്ഞാനപഥം

1. ഇന്ത്യയുടെ ദേശീയ ഗീതമായ വന്ദേമാതരം നിലവിൽ വന്നതിന്റെ എത്രാമത് വാർഷികമാണ് 2025 ൽ ആചരിച്ചത് ?

   150

2. ഗോത്ര സംസ്കാരത്തിനായുള്ള ലോകത്തെ ആദ്യ ഡിജിറ്റൽ സർവകലാശാല ?

   ആദി സംസ്കൃതി

3. രാജ്യത്താദ്യമായി വനിതകളുടെ ആരോഗ്യ സംരക്ഷണത്തിനായി വെൽനസ് ക്ലിനിക്കുകൾ ആരംഭിച്ച സംസ്ഥാനം ?

   കേരളം

4. 2025 ലെ സമാധാനത്തിനുള്ള നോബൽ പുരസ്കാര ജേതാവ് ?

   മരിയ കൊറീന മചാഡോ (വെനിസ്വേലയുടെ പ്രതിപക്ഷ നേതാവ്)

5. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പുറത്തുവിട്ട 2024-25 അധ്യയന വർഷത്തെ Unified District Information for Education plus (UDISE+) റിപ്പോർട്ടിൽ ഒന്നാം സ്ഥാനം നേടിയ സംസ്ഥാനം ?

   കേരളം



ആദി സംസ്കൃതി


മരിയ കൊറീന മചാഡോ


കെ.ജി. ശങ്കരപ്പിള്ള


ജസ്റ്റിസ് ആശാമേനോൻ

6. കേരള രാജ്ഭവനുമായി ബന്ധപ്പെട്ട വാർത്തകളും ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളും ഉൾപ്പെടുത്തി പുറത്തിറക്കിയ ത്രൈമാസികയേത് ?

   രാജഹംസ്

7. 2025 ലെ എഴുത്തച്ഛൻ പുരസ്കാര ജേതാവ് ?

   കെ.ജി. ശങ്കരപ്പിള്ള

8. കേരളത്തിലെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ കേരള റെയിൽവേ പൊലീസ് ആരംഭിച്ച ദൗത്യമേത് ?

   ഓപ്പറേഷൻ രക്ഷിത

9. വനം വകുപ്പ് വാച്ചർ ഇനി മുതൽ ഏത് പേരിലാണ് അറിയപ്പെടുന്നത് ?

   ഫോറസ്റ്റ് ബീറ്റ് അസിസ്റ്റന്റ്

10. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തുല്യ അവസരം നൽകുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ അധ്യക്ഷ ആരാണ് ?

    ജസ്റ്റിസ് ആശാമേനോൻ

## കാനത്തിൽ ജമീല



പതിനഞ്ചാം കേരള നിയമസഭാംഗമായ കാനത്തിൽ ജമീല (59) 2025 നവംബർ 29 ന് അന്തരിച്ചു. കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നാണ് സി.പി.ഐ. (എം) പ്രതിനിധിയായി 2021 ൽ ആദ്യമായി നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. നിയമസഭയുടെ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റിയിലും സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയിലും അംഗമായിരുന്നു.

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ ടി.കെ. അലിയുടെയും ടി.കെ. മറിയത്തിന്റെയും മകളായി 1966 മേയ് 5 ന് ജനിച്ച കാനത്തിൽ ജമീല മത്സരിച്ച എല്ലാ തിരഞ്ഞെടുപ്പുകളിലും വിജയിച്ച വ്യക്തിത്വം കൂടിയാണ്. ത്രിതല പഞ്ചായത്തിലെ മൂന്ന് തലങ്ങളിലും തിരഞ്ഞെടുപ്പിൽ വിജയിച്ചിട്ടുള്ള കാനത്തിൽ ജമീല നിലവിൽ സി.പി.ഐ. (എം) കോഴിക്കോട് ജില്ലാ കമ്മിറ്റിയംഗവും ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റുമായിരുന്നു. തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നീ പദവികളും വഹിച്ചിട്ടുണ്ട്.

ഭർത്താവ് അബ്ദുൽ റഹ്മാൻ. രണ്ട് മക്കൾ.

## എം. ആർ. രഘുചന്ദ്രബാൽ



മുൻ മന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന എം.ആർ. രഘുചന്ദ്രബാൽ 2025 നവംബർ 8 ന് അന്തരിച്ചു. ആറ്, ഒമ്പത് കേരള നിയമസഭകളിൽ യഥാക്രമം കോവളം, പാറശ്ശാല മണ്ഡലങ്ങളെയാണ് അദ്ദേഹം പ്രതിനിധീകരിച്ചത്. 1991 ലെ കെ. കരുണാകരൻ മന്ത്രിസഭയിൽ എക്സൈസ് വകുപ്പ് മന്ത്രിയായിരുന്നു. ദീർഘകാലം കാഞ്ഞിരംകുളം പഞ്ചായത്ത് പ്രസിഡന്റായിരുന്നു. കവി, നാടകകൃത്ത് എന്നീ നിലകളിൽ മികവു തെളിയിച്ചിട്ടുള്ള അദ്ദേഹം വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും സജീവമായിരുന്നു.

ഭാര്യ സി.എം. ഓമന. രണ്ട് മക്കൾ.

## ബാബു എം. പാലിശ്ശേരി



മുൻ നിയമസഭാംഗവും സി.പി.ഐ.(എം) നേതാവുമായിരുന്ന ബാബു എം. പാലിശ്ശേരി (67) 2025 ഒക്ടോബർ 14 ന് അന്തരിച്ചു. പന്ത്രണ്ട്, പതിമൂന്ന് കേരള നിയമസഭകളിൽ കുന്നംകുളം മണ്ഡലത്തെയാണ് അദ്ദേഹം പ്രതിനിധീകരിച്ചത്. സി.പി.ഐ.(എം) തൃശ്ശൂർ ജില്ലാ സെക്രട്ടേറിയറ്റ് അംഗം, ഡി.വൈ.എഫ്.ഐ., കേരള ഗ്രന്ഥശാലാ സംഘം എന്നിവയുടെ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, കേരള കലാമണ്ഡലം നിർവാഹക സമിതി അംഗം തുടങ്ങിയ പദവികളും വിവിധ തൊഴിലാളി യൂണിയനുകളുടെ നേതൃപദവികളും അലങ്കരിച്ചിട്ടുണ്ട്.

ഭാര്യ സി.എം. ഇന്ദിര. രണ്ട് മക്കൾ.

# വനസംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണം

ഏഴാം കേരള നിയമസഭയിൽ 1986 ഒക്ടോബർ 23 ന് 1986 ലെ കേരള വനം (ഭേദഗതി) ബിൽ അവതരണ വേളയിലെ ചർച്ചയിൽ പങ്കെടുത്ത് എം.വി. മാണി നടത്തിയ പ്രസംഗത്തിൽ നിന്ന്.....

'സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. നമ്മുടെ രാജ്യത്തെ വനസമ്പത്ത് മെച്ചപ്പെടുത്തുവാനും വനം നല്ല രീതിയിൽ സംരക്ഷിക്കുന്നതിനു വേണ്ടിയും ഒരു ഗവേഷണ സ്ഥാപനമുണ്ടാക്കുന്നതിന് വേണ്ടിയും കുറേ തുക സ്വരൂപിക്കുന്നതിനായിട്ടാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. വന ഉത്പന്നങ്ങൾ വിൽക്കുന്നതിൽ അഞ്ച് ശതമാനം അഡീഷണൽ സെയിൽസ് ടാക്സ് കളക്ട് ചെയ്തുകൊണ്ട്, ആ ഫണ്ട് കൊണ്ട് കൂടുതൽ സോഫ്റ്റ് മരങ്ങളും മറ്റ് മരങ്ങളുമൊക്കെ വച്ച് പിടിപ്പിക്കുന്നതിന് വേണ്ടിയും ഗവേഷണം നടത്തുന്നതിന് വേണ്ടി ഉപയോഗിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബില്ല് കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് തന്നെയാണ് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നത്. നമ്മുടെ രാജ്യത്ത് വനത്തെ സംബന്ധിച്ച് വളരെ വിശദമായിട്ട് ഇവിടെ പലരും സംസാരിക്കുകയുണ്ടായി. നമ്മുടെ വനസമ്പത്ത് ഇന്ന് ശരിയായ വിധത്തിൽ ഉപയോഗിച്ചിട്ടില്ല. ഉപയോഗിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രിയോട് ഈ ബില്ല് കൊണ്ടുവന്ന ഈ അവസരത്തിൽ ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സോഷ്യൽ ഫോറസ്ട്രി ലോകബാങ്കിന്റെ സഹായത്തോടുകൂടി നല്ല രീതിയിൽ നടത്തുന്നുണ്ട്. സോഷ്യൽ ഫോറസ്ട്രി കൊണ്ട് ലക്ഷക്കണക്കിന് വൃക്ഷത്തൈകൾ ഫോറസ്റ്റുകൾക്കും പബ്ലിക് ഓഫീസുകൾക്കും ജനങ്ങൾക്കും വ്യക്തികൾക്കും വിതരണം ചെയ്തു



കൊണ്ട് കൂടുതൽ മരം വച്ചുപിടിപ്പിക്കുവാൻ വളരെ ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ ചില അപാകതകളുണ്ടെന്ന് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ ധരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സോഷ്യൽ ഫോറസ്ട്രി പ്രധാനമായും റോഡിന്റെ സൈഡിലും പബ്ലിക് ഓഫീസുകളുടെ പരിസരങ്ങളിലുമൊക്കെ ചോല വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുക എന്നായി മാറിയിരിക്കുകയാണ്. അതിലധികം വൃക്ഷങ്ങളും, തടിക്കോ വിറകിനോ കൊള്ളാത്ത വെറും തണൽ വൃക്ഷങ്ങൾ മാത്രമാണെന്ന കാര്യം വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്. നമുക്ക് തണൽ നൽകുകയും അതോടൊപ്പം തന്നെ മരത്തിനും വിറകിനും കൊള്ളാവുന്നതുമായ പ്ലാവ്, ആഞ്ഞിലി, മാവ് തുടങ്ങിയ നല്ല രീതിയിൽ വളരുന്ന ധാരാളം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണ്. അതിന് പകരം സോഷ്യൽ ഫോറസ്ട്രി വിതരണം ചെയ്യുന്ന ലക്ഷക്കണക്കിന് തൈകൾ വെറും തണൽ മാത്രം തരുന്ന, വിറകിനോ മരത്തിനോ കൊള്ളാത്തവയാണെന്ന കാര്യം ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. സോഷ്യൽ ഫോറസ്ട്രി നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ഈ രംഗത്ത് കാര്യമായി ചിന്തിക്കണം എന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. നമ്മുടെ കാടുകൾ നശിക്കുന്നതിന് പ്രധാനമായിട്ട് രണ്ട് കാര്യങ്ങളാണുള്ളത്. ഒന്ന് വനം കയ്യേറ്റവും മറ്റൊന്ന്, ക്ലിയർ ഫെല്ലിംഗുമാണ്. വനം കയ്യേറി വെട്ടിത്തെളിക്കുന്നതുകൊണ്ട് കുറേ ആളുകൾക്ക് ജോലിയും കൃഷിയുമായി. വനം നശിക്കുമെങ്കിലും അങ്ങനെയൊരു ഗുണം ഇതുകൊണ്ടുണ്ട്. ക്ലിയർ ഫെല്ലിംഗ് ചെയ്തതുകൊണ്ട് ആണ് നമ്മുടെ എവർഗ്രീൻ ഫോറസ്റ്റ് എല്ലാം നശിക്കുവാനുള്ള കാരണമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ചാലക്കുടി, ഇടമലയാർ തുടങ്ങിയ പ്രദേശങ്ങളിലൊക്കെ എക്കാലവും പച്ചപിടിച്ചു നിൽക്കുന്ന നിബിഡമായ വനങ്ങൾ ഉണ്ടായിരുന്നു. അവയെല്ലാം ക്ലിയർ ഫെല്ലിംഗ് ചെയ്തു. അത് ഈ സർക്കാരിന്റെ കാലത്ത് ചെയ്തതല്ല, ഭാവനയില്ലാതെ ആ വനങ്ങളെ ഇൻഡസ്ട്രിയൽ പ്ലാന്റേഷന്റെ പേരിൽ വെട്ടിത്തെളിച്ച് കൃഷി ചെയ്തുകൊണ്ട് ഈ വനങ്ങളൊക്കെ നശിച്ചിരിക്കുന്നു. പരിസ്ഥിതിക്ക് കോട്ടം തട്ടിയിരിക്കുന്നു എന്നുള്ളതാണ് സത്യം. യൂക്കാലിപ്റ്റസ് വച്ചിട്ടുള്ള സ്ഥലം ബഹുമാനപ്പെട്ട മന്ത്രി പോയി നോക്കേണ്ടതാണ്. ഇൻഡസ്ട്രി

യൽ പ്ലാന്റേഷനുവേണ്ടി പതിനാ യിരക്കണക്കിന് ഏക്കർ യൂക്കാ ലിപ്റ്റസ് വച്ചിട്ടുണ്ട്. അതിൽ വണ്ടിപ്പെരിയാർ, പച്ചക്കാനം ഇവ യൊഴിച്ചാൽ അനവധി സ്ഥലത്ത് യൂക്കാലിപ്റ്റസിന്റെ നാലിലൊന്നു പോലും ഇപ്പോൾ ഇല്ല. അതിന് പല കാരണങ്ങൾ ഉണ്ട്. ചില സ്ഥലത്ത് കാലാവസ്ഥ പറ്റാ ത്തത് കൊണ്ടും നല്ല ശുശ്രൂഷ കൊടുക്കാത്തതുകൊണ്ടും യൂക്കാ ലിപ്റ്റസ് നശിച്ചിരിക്കുകയാണ്. ഈ അസംബ്ലിയിൽ തന്നെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞി ട്ടുണ്ട്. യൂക്കാലിപ്റ്റസ് വയ്ക്കുന്ന തുകൊണ്ട് സാമ്പത്തികമായ നഷ്ടമുണ്ടെന്ന്. കാരണം, ഹിന്ദു സ്ഥാൻ പേപ്പർ കോർപ്പറേഷനും ബിർളയ്ക്കുമൊക്കെ വളരെ വിലകുറച്ചാണ് യൂക്കാലിപ്റ്റസ് കൊടുക്കുന്നത്. അങ്ങനെ വില കുറച്ചു കൊടുക്കുന്നതുകൊണ്ട് യൂക്കാലിപ്റ്റസ് വയ്ക്കുന്നതി നുള്ള ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ ഒരു ഹെക്ടറിൽ നിന്ന് നമുക്ക് കിട്ടുന്ന വരുമാനം ചെലവിനേക്കാൾ കുറവായി രിക്കും. അതൊരു പരമാർഥമാണ്. ഈ അസംബ്ലിയിൽ തന്നെ അതിന് ഉത്തരം നൽകിയിട്ടുണ്ട്. ഇങ്ങനെ കാടു വെട്ടിത്തെളിച്ചിട്ട് യൂക്കാലിപ്റ്റസ് കൃഷി ചെയ്യുന്ന തിന്റെ ഉദ്ദേശ്യം എന്താണെന്ന് എത്ര ആലോചിച്ചിട്ടും പിടികിട്ടു ന്നില്ല. യൂക്കാലിപ്റ്റസ് കൃഷി ചെയ്യുന്നത് എസ്.പി. സി. ക്ക് കൊടുക്കാനാണെന്നാണ് പറയു ന്നത്. ഇത്രയും നഷ്ടം സഹിച്ച് എസ്.പി. സി. ക്ക് യൂക്കാലിപ്റ്റസ് കൊടുക്കണമോ വേണ്ടയോ എന്നുള്ളത് വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ട കാര്യമാണ്. കാരണം, 1977-79 ൽ അറുപ ത്തഞ്ചു കോടി രൂപയാണ് ഫോറ സ്റ്റിൽ നിന്ന് നമ്മുടെ ഖജനാവി ലേക്ക് വരുമാനമായി ഉണ്ടായിരു ന്നത്. ഇന്ന് അത് വളരെ ശുഷ്കി ച്ചിരിക്കുകയാണ്. വന ഉത്പന്ന ങ്ങൾ കുറഞ്ഞു; ഉള്ള വനത്തിൽ തന്നെ യൂക്കാലിപ്റ്റസ് പോലുള്ള വൃക്ഷങ്ങളാണുള്ളത്. യൂക്കാലി പ്റ്റസ് വളരെ വില കുറച്ചുകൊടു ക്കുന്നു എന്നുള്ളതുകൊണ്ട് അതിൽ നിന്നുള്ള വരുമാനം വളരെ കുറഞ്ഞിരിക്കുകയാണ്. യൂക്കാലിപ്റ്റസ് നമ്മുടെ വന ങ്ങളിൽ കൃഷി ചെയ്യുന്നതിനെ സംബന്ധിച്ച് വളരെ സമഗ്രമായ, വിദഗ്ധമായ ഒരന്വേഷണം ഗവൺമെന്റ് നടത്തണം. യൂക്കാലി പ്റ്റസ് നമ്മുടെ വനങ്ങളിൽ കൃഷി ചെയ്തിരിക്കുന്നത് വിജയപ്രദ മാണോ എന്ന് അടിയന്തരമായി പരിശോധിക്കണം. എനിക്ക് വ്യക്തിപരമായി പറയാനുള്ളത് അത് ഒരു പരാജയമാണെന്നാണ്. കാരണം ഒന്നാമതായി, യൂക്കാലി പ്റ്റസ് വച്ചിട്ടുള്ളതിൽ വളരെ കുറച്ചു മാത്രമേ ഇന്നുള്ളൂ. രണ്ടാമതായി, വേനൽക്കാലത്തെ അതിന്റെ ഇല കൊഴിച്ചിൽ കൊണ്ട് ഉദ്ദേശിക്കുന്ന പരിസ്ഥിതി സംരക്ഷ ണമോ വനം കൊണ്ടുദ്ദേശിക്കുന്ന മറ്റ് പ്രയോജനങ്ങളോ ഒന്നും കിട്ടുകയില്ലെന്നുള്ളത് ഒരു സത്യം മാത്രമാണ്. മൂന്നാമതായി, യൂക്കാ ലിപ്റ്റസ് മരം, ഫയർവുഡ്, പൾപ്പ് എന്നിവയ്ക്കൊക്കെ ഉപയോഗിക്കാ മെന്നതൊഴിച്ചാൽ മറ്റൊന്നിനും ഉപയോഗിക്കാൻ പറ്റാത്ത ഒരു മരമാണെന്നുള്ളത്. ഇതൊക്കെ കണക്കിലെടുത്തുകൊണ്ട് ആ ഫോറസ്റ്റിൽ നല്ല രീതിയിൽ വളരുന്ന സോഫ്റ്റ് വുഡും മറ്റ് മരങ്ങളും വച്ചുപിടിപ്പിക്കുന്ന ഒരു നയം രൂപീകരിച്ചാൽ ഫോറസ്റ്റിനെ കുറേയൊക്കെ രക്ഷിക്കുവാൻ സാധിക്കും. മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെ ഫോറ സ്റ്റിൽ വളരാൻ സാധ്യതയുള്ള നല്ലയിനം മരങ്ങളുടെ വിത്തുകൾ ഹെലികോപ്റ്ററിൽ കൂടി വിതറി, നാച്ചുറലായിട്ട് വലിയ ചെലവൊ ന്നുമില്ലാതെ, തൈകൾ കിളിർപ്പി ച്ചെടുക്കുന്നതിനുള്ള വൻ പരി പാടികൾ ആവിഷ്കരിച്ച് നടപ്പി ലാക്കിക്കൊണ്ടിരിക്കുകയാണ്. നമ്മളാണെങ്കിൽ ഇതിനുവേണ്ടി നഴ്സറി നിർമ്മിക്കുന്നതിനായി ലക്ഷക്കണക്കിന് രൂപ ചെലവാ ക്കുന്നു. അതിൽ നല്ല രീതിയിൽ പ്ലാന്റ് ചെയ്യാത്തതുകൊണ്ട് ആ തൈകൾ നശിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഈ നഴ്സറികളെ സംബന്ധിച്ചിട ത്തോളം വളരെയധികം പരാതി കളുണ്ട്. ഈ നഴ്സറികൾ നല്ല രീതിയിലല്ല നടത്തുന്നത്. തൈകൾ ഫീൽഡിൽ കൊണ്ടു വയ്ക്കുന്നത്, അതിന്റെ ബാസ് ക്കറ്റും മണ്ണുമൊക്കെ കളഞ്ഞതിനു ശേഷമാണ്. അതുകൊണ്ടാണ് ആ തൈകൾ കിളിർക്കാത്തത്. ഒരു കാലത്ത് വച്ച യൂക്കാലിപ്റ്റസിൽ നല്ല ഒരുഭാഗം നശിച്ചുപോയത് തന്നെ അങ്ങനെയാണ്. യൂക്കാലി പ്റ്റസ് വച്ചിട്ടുള്ള സ്ഥലങ്ങളിൽ മുഴുവനും ടാങ്കിയ കൃഷിക്ക് വേണ്ടി ലേലം ചെയ്ത് കൊടു ക്കുന്ന പതിവുണ്ടായിരുന്നു. ആദ്യത്തെ വർഷം നെൽക്കൃഷി ചെയ്യുന്ന കൃഷിക്കാരൻ രണ്ടാ മത്തെ വർഷമാകുമ്പോൾ കപ്പ കൃഷിചെയ്യുന്നു. നെൽക്കൃഷി ചെയ്യുന്ന കൃഷിക്കാരന് ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ യൂക്കാലിപ്റ്റസ് തൈകൾ കൊടുക്കുന്നു. അവർ അതിനെ കമ്പി കൊണ്ടോ മറ്റോ കുത്തി എട്ടടി അകലത്തിൽ തൈ വച്ചു എന്നതൊഴിച്ചാൽ കുഴി താഴ്ത്തി അതിന്റെ ബാസ്ക്കറ്റും മണ്ണും കളയാതെ നല്ല രീതിയിലല്ല പ്ലാന്റ് ചെയ്തിട്ടുള്ളത്. ''

**എം.വി. മാണി**

കേരള കോൺഗ്രസ് നേതാവായിരുന്ന എം. വി. മാണി അഞ്ചാം കേരള നിയമസഭയിൽ കോതമംഗലം മണ്ഡലത്തെയും ഏഴ്, എട്ട് നിയമസഭകളിൽ അങ്കമാലി മണ്ഡലത്തെയും പ്രതിനിധീകരിച്ചു. കേരള നിയമസഭയുടെ ഹൗസ് കമ്മിറ്റി (1982-84), സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (1984-87), എന്നിവയുടെ ചെയർമാൻ, കേരള കോൺഗ്രസ് പാർട്ടി വിപ്പ് (1985-87), ജനറൽ സെക്രട്ടറി (1991-93), കൊച്ചി സർവ കലാശാല, കേരള കാർഷിക സർവകലാശാല, കേരള സർവ കലാശാല എന്നിവയുടെ സെനറ്റ് അംഗം, ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി, നാഷണൽ സേവിംഗ്സ് സംസ്ഥാന ഉപദേശക ബോർഡ് എന്നിവയിൽ അംഗം, കെ. എഫ്.സി. ഡയറക്ടർ, കേരള കർഷക യൂണിയൻ സെക്രട്ടറി, കെ.റ്റി.യു.സി. പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.



# പാറശ്ശാലയുടെ സഭാ ശബ്ദം

കേരള സംസ്ഥാന മന്ത്രി, നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ എന്നീ പദവികൾ വഹിച്ചിട്ടുള്ള പ്രമുഖ കോൺഗ്രസ് നേതാവായിരുന്നു എൻ. സുന്ദരൻ നാടാർ. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല മണ്ഡലത്തെയാണ് നാലു തവണ അദ്ദേഹം നിയമസഭയിൽ പ്രതിനിധാനം ചെയ്തത്. സർക്കാർ ഉദ്യോഗസ്ഥ പദവിയിൽ നിന്നാണ് അദ്ദേഹം സജീവമായ പൊതു പ്രവർത്തനത്തിലേക്കിറങ്ങിയത്.

ജെ. നല്ലതമ്പിയുടെയും ലക്ഷ്മിയുടെയും മകനായി തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമത്തിൽ 1931 സെപ്റ്റംബർ 10 നാണ് സുന്ദരൻ നാടാർ ജനിച്ചത്. വിദ്യാർഥിയായിരിക്കെ രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം കാഞ്ഞിരംകുളം ഹൈസ്കൂളിൽ നിന്ന് മെട്രിക്കുലേഷനും തൈക്കാട് യൂണിവേഴ്സിറ്റി ഇന്റർമീഡിയറ്റ് കോളജിൽ (ഇന്നത്തെ ഗവൺമെന്റ് ആർട്സ് കോളജ്) നിന്ന് ഇന്റർമീഡിയറ്റും പാസായി. കേരള സർവകലാശാലയിൽ നിന്ന് ബിരുദവും നിയമ ബിരുദവും നേടിയിട്ടുണ്ട്. 1954 ൽ ഗ്രാമസേവകനായി സർക്കാർ സർവീസിൽ പ്രവേശിച്ചുവെങ്കിലും പൊതുപ്രവർത്തനത്തിനായി 1960 ൽ ഉദ്യോഗം രാജിവച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകനായാണ് പൊതുജീവിതം ആരംഭിച്ചത്. പിന്നീട് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേരുകയും പാറശ്ശാല ബ്ലോക്ക് കമ്മിറ്റി പ്രസിഡന്റാകുകയും ചെയ്തു. തുടർന്ന് തിരുവനന്തപുരം ഡി.സി.സി. വൈസ് പ്രസിഡന്റ്, കെ.പി.സി.സി. അംഗം എന്നീ പദവികൾ വഹിച്ചു. 1987-90 കാലയളവിൽ കെ.പി.സി.സി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിരുന്ന അദ്ദേഹം 1970 മുതൽ പത്തുവർഷക്കാലം പാറശ്ശാല ബ്ലോക്ക് ഡെവലപ്മെന്റ് കമ്മിറ്റി ചെയർമാനുമായിരുന്നു. 1993-96 കാലയളവിൽ കെൽപാം ചെയർമാനായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ആറ്, ഏഴ്, പതിനൊന്ന് കേരള നിയമസഭകളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ) പ്രതിനിധിയായും പത്താം കേരള നിയമസഭയിൽ സ്വതന്ത്രനായുമാണ് പാറശ്ശാല മണ്ഡലത്തെ പ്രതിനിധീകരിച്ചത്. 1983 സെപ്റ്റംബർ 1 മുതൽ 1987 മാർച്ച് 25 വരെ കെ. കരുണാകരൻ മന്ത്രിസഭയിൽ ഗതാഗതവും ഗ്രാമവികസനവും കൃഷിയും വകുപ്പ് മന്ത്രിയായിരുന്നു. 2001 ജൂലൈ 4 ന് പന്ത്രണ്ടാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 2006 മേയ് 12 വരെ പദവിയിൽ തുടർന്നു. വക്കം പുരുഷോത്തമൻ സ്പീക്കർ പദവി രാജി വച്ചതിനെത്തുടർന്ന് 2004 സെപ്റ്റംബർ 4 മുതൽ 15 വരെ സ്പീക്കറുടെ ചുമതലയും വഹിച്ചിട്ടുണ്ട്. സഭയുടെ അധ്യക്ഷൻ, ഭരണകർത്താവ്, ജനപ്രതിനിധി എന്നീ നിലകളിൽ ഭരണ പ്രതിപക്ഷ അംഗങ്ങളോട് സമഭാവന പുലർത്തിയ നേതാവായിരുന്നു സുന്ദരൻ നാടാർ.

കെ. ബേബി സരോജമാണ് സുന്ദരൻ നാടാരുടെ ഭാര്യ. മൂന്നു മക്കളാണ്. 2007 ജനുവരി 21 ന് അന്തരിച്ച അദ്ദേഹത്തിന് 2007 മാർച്ച് 28 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.



# കേന്ദ്ര മന്ത്രിസഭകളിൽ തിളങ്ങിയ

# ഇ. അഹമ്മദ്

കേന്ദ്ര, സംസ്ഥാന മന്ത്രി പദവികളിൽ ദീർഘ കാലം തിളങ്ങുകയും ഭരണ രംഗത്തെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്ത പ്രമുഖ മുസ്‌ലിം ലീഗ് നേതാവായിരുന്നു ഇ. അഹമ്മദ്. അദ്ദേഹമാണ് ഏറ്റവും കൂടുതൽ കാലം കേന്ദ്രമന്ത്രി പദവി വഹിച്ച മലയാളി. അഞ്ചു തവണ സംസ്ഥാന നിയമസഭയിലേക്കും ഏഴു തവണ ലോക്‌സഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. മുസ്‌ലിം ലീഗിൽ നിന്ന് കേന്ദ്ര മന്ത്രി പദത്തിലെത്തിയ ആദ്യ വ്യക്തിയാണ്.

ഒ. അബ്ദുൾ ഖാദർ ഹാജി യുടെയും നഫീസ ബീവിയുടെയും മകനായി 1938 ഏപ്രിൽ 29ന് കണ്ണൂ രിലാണ് ഇ. അഹമ്മദ് ജനിച്ചത്. തലശ്ശേരി ബ്രണ്ണൻ കോളേജിൽ നിന്ന് ബിരുദവും തിരുവനന്തപുരം ലോ കോളേജിൽ നിന്ന് നിയമ ബിരുദവും കരസ്ഥമാക്കി. വിദ്യാർഥിയായിരിക്കേ രാഷ്ട്രീയ ത്തിൽ സജീവമായ ഇ. അഹമ്മദ് എം.എസ്.എഫ്.ന്റെ ആദ്യത്തെ സംസ്ഥാന ജനറൽ സെക്രട്ടറി യായിരുന്നു. മുക്കടവ് വാർഡിൽ നിന്ന് നഗരസഭാംഗമായി തിര ഞ്ഞെടുക്കപ്പെട്ട അദ്ദേഹം കണ്ണൂർ മുനിസിപ്പൽ ചെയർമാന്റെ പദവി വഹിച്ചു. ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ദേശീയ സെക്രട്ടറിയും പ്രസിഡന്റുമായി പ്രവർത്തിച്ചിട്ടുണ്ട്.

മൂന്ന്, അഞ്ച്, ആറ്, ഏഴ്, എട്ട് കേരള നിയമസഭകളിൽ അംഗമായിരുന്നു. 1967 ൽ ഇരുപ ത്തൊൻപതാമത്തെ വയസ്സിൽ കണ്ണൂരിൽ നിന്ന് നിയമസഭാംഗ മായ അദ്ദേഹം 1977 ൽ കൊടു വള്ളിയിൽ നിന്നും 1980, 1982, 1987 എന്നീ വർഷങ്ങളിൽ താനൂരിൽ നിന്നും നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1982 മേയ് 24 മുതൽ 1987 മാർച്ച് 25 വരെ സംസ്ഥാന വ്യവസായ വകുപ്പു മന്ത്രിയുടെ ചുമതല വഹിച്ചി ട്ടുണ്ട്. കേരള നിയമസഭയുടെ ഉറപ്പുകൾ സംബന്ധിച്ച സമിതി (1987-91) യുടെ ചെയർമാനാ യിരുന്നു.

മഞ്ചേരി മണ്ഡലത്തിൽ നിന്ന് ആദ്യമായി ലോക്‌സഭയി ലെത്തിയ ഇ. അഹമ്മദ് തുടർന്ന് 1996, 1998, 1999, 2004 വർഷങ്ങ ളിൽ പൊന്നാനിയിൽ നിന്നും 2009, 2014 വർഷങ്ങളിൽ മലപ്പുറം മണ്ഡലത്തിൽ നിന്നും തുടർച്ച യായി പാർലമെന്റിലെത്തി. 2004 ലെ ഒന്നാം മൻമോഹൻ സിംഗ് മന്ത്രിസഭയിൽ വിദേശ കാര്യ വകുപ്പ് സഹമന്ത്രി, 2009 ലെ രണ്ടാം മൻമോഹൻസിംഗ് മന്ത്രിസഭയിൽ റെയിൽവേ, വിദേശകാര്യം, മാനവ വിഭവ ശേഷി വികസന വകുപ്പുകളിൽ സഹമന്ത്രി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ലോക്‌സഭയുടെ കമ്മിറ്റി ഓൺ ആബ്സൻസ് ഓഫ് മെമ്പേഴ്സ് ഫ്രം ദ സിറ്റിംഗ് ഓഫ് ദ ഹൗസ്, പാർലമെന്റ് ഹൗസ് കോംപ്ലക്സ് ഭക്ഷ്യ മാനേജ്മെന്റ് ജോയിന്റ് കമ്മിറ്റി എന്നിവയുടെ ചെയർമാനായി രുന്നു. വിദേശകാര്യം, റെയിൽവേ, സിവിൽ ഏവിയേഷൻ, ടൂറിസം, പൊതുഭരണം, ശാസ്ത്രസാങ്കേ തികം, വനം, പരിസ്ഥിതി തുടങ്ങി നിരവധി പാർലമെന്ററി കമ്മിറ്റികളിൽ ചെയർമാനായും അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.

കേരള ഗ്രാമീണ വികസന ബോർഡിന്റെ സ്ഥാപക ചെയർ മാൻ (1971 -1977), സിഡ്കോ ചെയർമാൻ, കേരള, കാലിക്കറ്റ് സർവകലാശാലകളുടെ സെനറ്റ്, കേന്ദ്ര ഹജ്ജ് കമ്മിറ്റി, പരിയാരം

മെഡിക്കൽ കോളേജ് ബോർഡ്, മലപ്പുറം എം.ഇ.എ. എഞ്ചിനീയറിംഗ് കോളേജ് മാനേജിംഗ് കമ്മിറ്റി, അലിഗഡ് മുസ്‌ലിം സർവകലാശാല എക്സിക്യൂട്ടീവ് കൗൺസിൽ എന്നിവയിൽ അംഗം എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. ജി.സി.സി. രാജ്യങ്ങളിലെ ഇന്ത്യൻ സ്ഥാനപതിമാരുടെ യോഗാധ്യക്ഷൻ, പ്രധാനമന്ത്രിയുടെ ഗൾഫ് രാജ്യങ്ങളിലേക്കുള്ള പ്രത്യേക ദൂതൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള അദ്ദേഹം ഗൾഫ് രാജ്യങ്ങളും ഇന്ത്യയുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. 1991 മുതൽ 2014 വരെയുള്ള വിവിധ കാലയളവുകളിൽ ഐക്യരാഷ്ട്രസഭയിലെ ഇന്ത്യൻ പ്രതിനിധി സംഘത്തിൽ അംഗമായി തുടർച്ചയായി ആറുതവണ തെരഞ്ഞെടുക്കപ്പെട്ടു. അന്താരാഷ്ട്ര മന്ത്രിതല സമ്മേളനങ്ങളിൽ കേന്ദ്ര വ്യാപാര ഉന്നതതല സംഘത്തെ നയിച്ചിട്ടുണ്ട്.

പത്രപ്രവർത്തകൻ, എഴുത്തുകാരൻ എന്നീ നിലകളിലും മികവു തെളിയിച്ച ഇ. അഹമ്മദ് ഐക്യരാഷ്ട്ര സംഘടനയിൽ നടത്തിയ പ്രസംഗങ്ങളുടെ സമാഹാരമാണ് 'ഇന്ത്യാസ് വോയ്സ് അറ്റ് യുണൈറ്റഡ് നേഷൻസ്' എന്ന പുസ്തകം. 'ഒരു വിദേശ യാത്രയും നിരവധി ഓർമ്മകളും', 'ഇന്ത്യയിലെ മുസ്‌ലിങ്ങളുടെ നവോത്ഥാനത്തിന്റെ കഥ', 'എനിയ്ക്കറിയാവുന്ന നേതാവ്' എന്നിവയും അദ്ദേഹത്തിന്റെ രചനകളാണ്.

പാർലമെന്റ് അംഗമായിരിക്കെ 2017 ഫെബ്രുവരി ഒന്നിന് എഴുപത്തെട്ടാമത്തെ വയസിൽ അന്തരിച്ച അദ്ദേഹത്തിന് 2017 ഫെബ്രുവരി 27ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

## വിദ്യാർഥികൾക്കായി മാതൃകാ നിയമസഭ സംഘടിപ്പിച്ചു

കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ പഠന പരിശീലന വിഭാഗമായ കെ-ലാംപ്സ് (പി.എസ്) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പൂഞ്ഞാർ ആനക്കല്ല് സെന്റ് ആന്റണീസ് പബ്ലിക് സ്കൂളിൽ 2025 നവംബർ 6 ന് മാതൃകാ നിയമസഭ സംഘടിപ്പിച്ചു. നിയമസഭാ നടപടികളെക്കുറിച്ചും പാർലമെന്ററി ജനാധിപത്യ സമ്പ്രദായത്തിൽ നിയമസഭകൾ വഹിക്കുന്ന പങ്കിനെക്കുറിച്ചും വിദ്യാർഥികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രാവിലെ 11.30 മുതൽ 1.30 വരെ സംഘടിപ്പിച്ച പരിപാടി സ്ഥലം എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ റവ. ഫാദർ ജോസഫ് പൊങ്ങന്താനം അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രിൻസിപ്പൽ റവ. ഫാദർ ഷിജു കണ്ടപ്ലാക്കൽ സ്വാഗതം ആശംസിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സ്കൂൾ അധികൃതർ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിക്കുകയും കെ-ലാംപ്സ് ജോയിന്റ് ഡയറക്ടർ ആർ. ഷാജി വിഷയാവതരണം നടത്തുകയും ചെയ്തു. വിദ്യാർഥികൾ സാമാജികരായി എത്തിയ മാതൃകാ നിയമസഭയിൽ രണ്ട് ദിവസത്തെ നടപടിക്രമങ്ങളാണ് ഉൾക്കൊള്ളിച്ചിരുന്നത്. ഗവർണ്ണറുടെ നയപ്രഖ്യാപനം, ചോദ്യോത്തരവേള, സഭാനടപടി നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം, ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, ഗവർണ്ണറുടെ നന്ദിപ്രമേയത്തിന്മേലുള്ള ചർച്ച എന്നിവ മാതൃകാ നിയമസഭയിൽ അവതരിപ്പിച്ചു.

## നിയമസഭാ മ്യൂസിയത്തിന്റെ പ്രദർശനം

തിരുവനന്തപുരം കുറ്റിച്ചൽ ലൂർദ്മാതാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ 2025 നവംബറിൽ CRESENDO എന്ന പേരിൽ നടന്ന ടെക്നോ കൾച്ചറൽ എക്സ്പോയിലും ഇടവ ജവഹർ പബ്ലിക് സ്കൂളിൽ ഒക്ടോബറിൽ നടന്ന സയൻസ് എക്സിബിഷനിലും നിയമസഭാ മ്യൂസിയം വിഭാഗത്തിന്റെ പ്രദർശനം സംഘടിപ്പിച്ചു.



# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

## 2012ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്റ്റ്

***(The Kerala Healthcare Service Persons and Healthcare Service Institutions (Prevention of Violence and Damage to Property) Act, 2012)***



**റ്റി. മനോഹരൻ നായർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പതിമൂന്നാം കേരള നിയമസഭയിൽ ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയായിരുന്ന വി. എസ്. ശിവകുമാർ 2012 ജൂൺ 13 ാം തീയതി സഭയിൽ അവതരിപ്പിച്ച്, ജൂലൈ 20 ാം തീയതി സഭ പാസാക്കിയ ഒരു നിയമമാണിത്. ബില്ലിന്റെ പ്രത്യേകതയും പ്രാധാന്യവും കണക്കിലെടുത്ത് രണ്ട് ദിവസത്തിനകം ഗവർണ്ണർ ബില്ലിന് അംഗീകാരം നൽകുകയും ഉടൻ പ്രാബല്യത്തിൽ നിയമം നിലവിൽ വരികയും ചെയ്തു.

ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളിലും ആശുപത്രികളിലും ജോലി ചെയ്തുവരുന്ന ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സംരക്ഷിക്കുന്നതിനും അത്തരം സ്ഥാപനങ്ങളിലെ സ്വത്തിനുള്ള നാശവും നഷ്ടവും തടയുന്നതിനും അവിടെ ചികിത്സ തേടിയെത്തുന്ന രോഗികൾക്കോ അവരുടെ ബന്ധുക്കൾക്കോ ചികിത്സാ സംബന്ധമായ പൂർണ്ണ വിവരങ്ങൾ രേഖാമൂലം നൽകുന്നതിനുള്ള ഉത്തരവാദിത്തം ആശുപത്രി അധികൃതരിൽ നിക്ഷിപ്തമാക്കുന്നതിനും വേണ്ടിയാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത് എന്ന് പൊതുവേ പറയാവുന്നതാണ്.

ഈ നിയമത്തിലൂടെ സംസ്ഥാനത്തെ ആരോഗ്യരക്ഷാ പ്രവർത്തകർക്ക് എതിരായി ഉണ്ടാകുന്ന അക്രമം, ആരോഗ്യരക്ഷാ സ്ഥാപനത്തിലെ സ്വത്തിന് ഉണ്ടാകുന്ന നാശനഷ്ടം എന്നിവ നിരോധിക്കപ്പെടുകയും പ്രസ്തുത വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് ശിക്ഷകൾ ഏർപ്പെടുത്തുകയും ചെയ്തു. കൂടാതെ, ഓരോ ആരോഗ്യരക്ഷാ സ്ഥാപനത്തിലൂടെയും നിർവഹിക്കുന്ന വൈദ്യചികിത്സയുടെ പൂർണ്ണവിവരം ബന്ധപ്പെട്ടവർക്ക് നൽകുന്നതിനുള്ള ഉത്തരവാദിത്തം പ്രസ്തുത സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കുകയും ചെയ്തു.

എന്നാൽ, ഈ നിയമത്തിന്റെ രണ്ടാം വകുപ്പിൽ നിർവചിക്കപ്പെട്ട 'ആരോഗ്യരക്ഷാ സേവന പ്രവർത്തകർ' എന്നതിന്റെ നിർവചനത്തിന്റെ പരിധിയിൽ പാരാമെഡിക്കൽ വിദ്യാർഥികളെയും മെഡിക്കൽ സേവന സ്ഥാപനങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ളതും ജോലി ചെയ്തു വരുന്നവരുമായ പാരാമെഡിക്കൽ ജീവനക്കാർ, സെക്യൂരിറ്റി ഗാർഡുകൾ, മാനേജീരിയൽ സ്റ്റാഫ്, ആംബുലൻസ് ഡ്രൈവർമാർ, ഹെൽപ്പർമാർ, സർക്കാർ കാലാകാലങ്ങളിൽ ഔദ്യോഗിക ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യുന്ന മറ്റ് വ്യക്തികൾ എന്നിവരെക്കൂടി ഉൾപ്പെടുത്തുന്നതിനായി 2023 ൽ ഈ നിയമം ഭേദഗതി ചെയ്യപ്പെട്ടു (2023 ലെ 22 ാം ആക്റ്റ്).

ആരോഗ്യരക്ഷാ സേവന പ്രവർത്തകരെ വാക്കാൽ അപമാനിക്കുന്നത് കുറ്റകരമാക്കുന്നതിനും അക്രമ പ്രവൃത്തികളെ കുറ്റകൃത്യത്തിന്റെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നതിനും ഓരോ കുറ്റക്കാർക്കും

പ്രത്യേകം പ്രത്യേകം ശിക്ഷകൾ നൽകുന്നതിനും മേൽപ്പറഞ്ഞ ഭേദഗതി നിയമത്തിലൂടെ മൂല നിയമത്തിൽ കൂടുതൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയുണ്ടായി. അതോടൊപ്പം ഗുരുതരമായ ചില കുറ്റകൃത്യങ്ങളെ കൊഗ്നൈസബിളും ജാമ്യം അനുവദിക്കാൻ പാടില്ലാത്തതുമാക്കുന്ന വ്യവസ്ഥകളും ഉൾപ്പെടുത്തുകയുണ്ടായി. ആരോഗ്യരക്ഷാ സേവന പ്രവർത്തകരുടെ സ്വത്തുക്കൾക്ക് ഉണ്ടാകുന്ന നഷ്ടത്തിന് അവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥയും ഭേദഗതി നിയമത്തിലൂടെ നിലവിൽ വരികയുണ്ടായി. കൂടാതെ വേഗത്തിലുള്ള അന്വേഷണം, വിചാരണ മുതലായവ ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥയും സ്പെഷ്യൽ കോടതികളെയും സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെയും നിയോഗിക്കുന്നതിനുള്ള ഒരു പുതിയ വകുപ്പും മൂല നിയമത്തിൽ കൂട്ടിച്ചേർക്കുകയുണ്ടായി.

പതിനഞ്ചാം കേരള നിയമസഭയിൽ ആരോഗ്യവനിതാശിശു വികസന വകുപ്പ് മന്ത്രി വീണ ജോർജ് ആണ് ഇതു സംബന്ധിച്ച ബിൽ 2023 ആഗസ്റ്റ് 8 ാം തീയതി സഭയിൽ അവതരിപ്പിച്ചത്. സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം 2023 സെപ്റ്റംബർ 11 ാം തീയതി ഈ ബിൽ സഭ പാസാക്കുകയും സെപ്റ്റംബർ 18 ാം തീയതി ബില്ലിന് ഗവർണ്ണറുടെ അനുമതി ലഭ്യമാവുകയും ചെയ്തു.

### 'ഹാർഷാ'യ നിയമം

2012 ജൂലൈ 20 ാം തീയതി വെള്ളിയാഴ്ച അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി വിനിയോഗിക്കുന്നതിന് പകരം ഔദ്യോഗിക കാര്യത്തിനായി നീക്കിവച്ചുകൊണ്ട് സഭ സമ്മേളിച്ചത് പ്രധാനമായും ഈ നിയമം പരിഗണിക്കുന്നതിലേക്കായിട്ടാണ്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം സഭ മുമ്പാകെ വന്ന ബില്ലിന്മേൽ നടന്ന പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട് ആറന്മുള അംഗം കെ. ശിവദാസൻ നായർ ചോദിച്ച ചോദ്യം പ്രസക്തമായിരുന്നു. ചോദ്യം ഇപ്രകാരമായിരുന്നു; ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില വകുപ്പുകൾ, വികാര വിക്ഷോഭം കൊണ്ട് ആശുപത്രിയിൽ എന്തെങ്കിലും അക്രമം കാണിച്ചാൽ അത് തടയുന്നതിനു വേണ്ടിയാണ് എന്നാണ് പറഞ്ഞത്. പക്ഷേ, സമാന സ്വഭാവമുള്ള കുറ്റകൃത്യങ്ങൾ പുറത്തു നടത്തിയാൽ ഉള്ളതിന്റെ നാലിരട്ടിയാണ് അതിനുള്ള ശിക്ഷ. മൂന്നു വർഷം തടവോ അൻപതിനായിരം രൂപ പിഴയോ രണ്ടും കൂടിയോ അനുഭവിക്കേണ്ടി വരുന്നതാണ്. നാശനഷ്ടം വരുത്തിയാൽ അവയുടെ മാർക്കറ്റ് വിലയുടെ ഇരട്ടി നൽകണമെന്നാണ് വ്യവസ്ഥ. ഇത്രയും ഹാർഷായ നിയമം കൊണ്ടുവരത്തക്ക സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടോ എന്ന് പരിശോധിക്കേണ്ടതല്ലേ? ആ ചോദ്യത്തിന് അന്ന് ആരും വ്യക്തമായ മറുപടി നൽകിയിരുന്നില്ല.

### ഡോക്ടർ വന്ദനാദാസിന്റെ കൊലപാതകം

2012 ലെ മൂലനിയമത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതും അനിവാര്യമായതുമായ ചില ഭേദഗതികൾ കൊണ്ടുവരുന്നതിനായി 2023 ഏപ്രിൽ 4 ാം തീയതി അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആരോഗ്യപ്രവർത്തകരുടെയും ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഈ മേഖലയുമായി ബന്ധപ്പെട്ട മറ്റുള്ളവരുടെയും യോഗം മന്ത്രിതലത്തിൽ ചേരുകയും ചെയ്തിരുന്നു. അതിനിടെയാണ് 2023 മേയ് 10 ാം തീയതി കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോ. വന്ദനാ ദാസ് അതിദാരുണമായ രീതിയിൽ കൊല്ലപ്പെടുകയുണ്ടായത്. തുടർന്ന് ആരോഗ്യപ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനു വേണ്ടിയും കുറ്റക്കാർക്കെതിരേ മിനിമം ശിക്ഷ ഉറപ്പാക്കുന്നതിനുമായി 2012 ലെ മൂലനിയമത്തിൽ സമഗ്രമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഒരു ഓർഡിനൻസ് 2023 മേയ് 23 ാം തീയതി സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി (2023 ലെ 1 ാം നമ്പർ ഓർഡിനൻസ്). ആരോഗ്യരക്ഷാ സേവന പ്രവർത്തകർ എന്നതിന്റെ നിർവചനത്തിന്റെ പരിധിയിൽ കൂടുതൽ ആൾക്കാരെ ഉൾപ്പെടുത്തുന്നതിനും കുറ്റകൃത്യം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ അന്വേഷണം സത്വരമായി പൂർത്തീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ അതിലൂടെ കൂട്ടിച്ചേർക്കുകയുണ്ടായി. കൂടാതെ, അന്വേഷണം അനന്തമായി നീണ്ടുപോകാൻ പാടില്ലെന്നുള്ളതും ഇൻസ്പെക്ടർ റാങ്കിൽ കുറയാത്തൊരു പൊലീസ് ഓഫീസർ അന്വേഷിക്കണമെന്നുള്ളതും; എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ അന്വേഷണം പൂർത്തീകരിക്കണമെന്ന മറ്റൊരു ഭേദഗതിയും മൂലനിയമത്തിൽ ഉൾപ്പെടുത്തുകയുണ്ടായി.

കൂടാതെ, കേസിന്റെ വിചാരണ വിസ്താരം വേഗത്തിലാക്കുന്നത് സംബന്ധിച്ച് മറ്റൊരു ഭേദഗതിയും കൊണ്ടുവന്നിട്ടുണ്ട്. പുതിയ ഭേദഗതിപ്രകാരം സംസ്ഥാന സർക്കാർ ഹൈക്കോടതിയുടെ അനുവാദത്തോടെ ഓരോ ജില്ലയിലും ഒരു ക്ഷമതയുള്ള കോടതിയെ സ്പെഷ്യൽ കോർട്ടായി നിയോഗിക്കേണ്ടതാണ്. അതിലേക്കായി കേസിന്റെ നടത്തിപ്പിനായി ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കാവുന്നതുമാണ്. കൂടാതെ ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാൻ സർക്കാരിനെ ചുമതലപ്പെടുത്തുന്ന വ്യവസ്ഥയും ഉൾപ്പെടുത്തുകയുണ്ടായി.

### മന്ത്രിയുടെ ഉറപ്പ്

സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾക്കും ആരോഗ്യ സുരക്ഷാ പ്രവർത്തകർക്കും എതിരെ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമ പ്രവർത്തനങ്ങൾ തടയുന്നതിനായി ആരോഗ്യ വകുപ്പും ആഭ്യന്തര വകുപ്പും സംയുക്തമായി കൈക്കൊണ്ട സുരക്ഷാ നടപടികൾ എന്തൊക്കെയാണ് എന്നതു സംബന്ധിച്ച് 2023 ആഗസ്റ്റ് 8 ാം തീയതി ഭേദഗതി ബില്ലിന്റെ അവതരണ

വേളയിൽ നടന്ന ചർച്ചയ്ക്ക് മറുപടിയായി ബഹുമാനപ്പെട്ട ആരോഗ്യവനിതാശിശു വികസന വകുപ്പുമന്ത്രി വീണ ജോർജ് വിശദീകരിക്കുകയുണ്ടായി. അതിപ്രകാരമായിരുന്നു:

'ആരോഗ്യ പ്രവർത്തകർക്ക് മനോവീര്യത്തോടെ നിർഭയം സേവനം നടത്തുന്നതിനുള്ള സാഹചര്യമുണ്ടാകണമെന്നുള്ള താണ് ഈ ബില്ലിന്റെ ഉദ്ദേശ്യ ലക്ഷ്യം. ഇതു സംബന്ധിച്ച അടിസ്ഥാന നിയമം പാസ്സാക്കി യത് 2012 ജൂലൈ മാസത്തിലാ ണ്. 2006-2011 ലെ സർക്കാരിന്റെ ഭരണകാലത്താണ് ഈ നിയമ നിർമ്മാണത്തിന്റെ പ്രവർത്തന ങ്ങൾ ആരംഭിച്ചത്. ഈ നിയമത്തെ കൂടുതൽ ശക്തമാക്കുന്നതിനാ യാണ് ഭേദഗതി ബിൽ കൊണ്ടു വന്നിരിക്കുന്നത്. ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടേറെ ഘടകങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുസംബന്ധിച്ച് യോഗങ്ങൾ വിളിച്ചു ചേർത്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി 14 ജില്ലകളിലെയും മെഡിക്കൽ കോളേജുകളിലും താലൂക്ക്/ജില്ല/ജനറൽ ആശുപത്രി കളിലുമുൾപ്പെടെ സുരക്ഷാ ഓഡിറ്റ് നടത്തുകയുണ്ടായി. കാഷ്വാലിറ്റി, ഐ.സി.യു., ലേബർ റൂം, ഒ.പി. തുടങ്ങിയ സ്ഥലങ്ങളിൽ സി.സി.ടി.വി. ക്യാമറകളുണ്ടോ യെന്നും പരിശീലനം ലഭിച്ച സെക്യൂരിറ്റി ജീവനക്കാരാണോ ഉള്ളത് എന്നും അവരുടെ പ്രായം തുടങ്ങിയ ഒട്ടേറെ ഘടകങ്ങൾ പര്യാപ്തമാണോ എന്നും സുരക്ഷാ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചിട്ടുണ്ട്. ഒരു മെഡി ക്കൽ കോളേജ് കാമ്പസിലേക്ക് പുറത്തുനിന്നുള്ളവർക്ക് വരുന്ന തിനുവേണ്ടി പല മാർഗ്ഗങ്ങളുമു ണ്ടാകും. അതുകൊണ്ട് അവി ടത്തെ സമഗ്രമായ സുരക്ഷ ഉൾപ്പെടെയുള്ള കാര്യങ്ങൾ അവലോകനം ചെയ്തുകൊ ണ്ടാണ് 14 ജില്ലകളിലും ആഭ്യന്തര - ആരോഗ്യ വകുപ്പുകൾ സംയു ക്തമായി സുരക്ഷാ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടി ന്മേൽ സർക്കാർ നടപടികൾ സ്വീകരിക്കുകയാണ്. നിലവിൽ ഹെൽത്ത് പരിശോധനയിൽ ഹെൽത്ത് സർവീസസ് ഡയറക്ട റേറ്റിന് കീഴിലുള്ള 125 മേജർ ആശുപത്രികളിൽ 96 എണ്ണ ത്തിലും ഇതിനോടകം സി.സി. ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അതുകൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ പ്രധാനപ്പെട്ട മെഡിക്കൽ കോളേ ജുകളിൽ ഇത് പൂർത്തിയായിട്ടുണ്ട്. കോഴിക്കോട്, കോട്ടയം, മഞ്ചേരി, കണ്ണൂർ എന്നിവിടങ്ങളിൽ വൈകാതെ പൂർത്തിയാകുകയും ചെയ്യും. ബഹുമാനപ്പെട്ട മുഖ്യ മന്ത്രി നിർദ്ദേശിച്ചതിന്റെയടിസ്ഥാ നത്തിൽ ആശുപത്രികളിൽ പോലീസ് ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

**സമ്പൂർണ്ണ സുരക്ഷിതത്വം ഉറപ്പിക്കുക എന്നത് സാധ്യമോ?**

കനത്ത സുരക്ഷാ നടപടി കളും കടുത്ത ശിക്ഷാ വ്യവസ്ഥ കളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ശക്തമായ നിയമം നിർമ്മിക്ക പ്പെട്ടെങ്കിലും സംസ്ഥാനത്തെ ആരോഗ്യസ്ഥാപനങ്ങളും ആരോഗ്യ പ്രവർത്തകരും തങ്ങ ളുടെ പ്രവർത്തന മേഖലയിൽ സുരക്ഷിതരാണോ എന്ന ചോദ്യ ത്തിന് അല്ല എന്നതാണ് മറുപടി. എന്തെന്നാൽ പൊതുജനങ്ങളു മായി നേരിട്ടു ബന്ധപ്പെടുന്ന എല്ലാ സേവനരംഗങ്ങളിലും പല പല കാരണങ്ങൾ കൊണ്ട് രൂപ പ്പെട്ടു വരുന്ന സംഘർഷങ്ങൾ പലപ്പോഴും നിയന്ത്രണാതീതമാ വുകയും അക്രമ പ്രവർത്തനങ്ങളി ലേക്കും കൊലപാതകങ്ങളി ലേക്കും വരെ എത്തിപ്പെടുകയും ചെയ്യുന്നുണ്ട്. ജനങ്ങളുമായി അടുത്തിടപെടുന്ന ഇതര വകുപ്പു കളായ വിദ്യാഭ്യാസം, തൊഴിൽ, തദ്ദേശസ്വയംഭരണം, പൊതുമരാ മത്ത്, റവന്യൂ (വില്ലേജ് ഓഫീസു കൾ), ജലവിഭവം, ഗതാഗതം (KSRTC) തുടങ്ങിയ സർക്കാർ വകുപ്പുകളിലും ഇത്തരം പ്രവണത കൾ കണ്ടുവരുന്നുണ്ട്. ആരോഗ്യ സ്ഥാപനങ്ങളെപ്പോലെതന്നെ പ്രാധാന്യമുള്ളതും ഭരണപര മായ അവശ്യ സർവ്വീസുകളിൽ പ്പെടുന്നതുമായ വകുപ്പുകളും അതിൽപ്പെടുന്നതാണ്. ഈ സാഹ ചര്യത്തിൽ സംസ്ഥാനത്തെ ആരോഗ്യ പ്രവർത്തകർക്കും ആരോഗ്യ സ്ഥാപനങ്ങൾക്കും മാത്രം സമ്പൂർണ്ണമായ സുരക്ഷി തത്വം ഏർപ്പെടുത്തുന്നതും ഇതര സേവന രംഗങ്ങളെ പരിഗണിക്കാ തിരിക്കുന്നതും എത്രമാത്രം യുക്തിഭദ്രമാണെന്ന് ചിന്തിക്കേണ്ടി യിരിക്കുന്നു.

ഈ സാഹചര്യത്തിൽ ആരോഗ്യ മേഖലയിൽ പ്രവർത്തി ക്കുന്നവർ നിരന്തരം ആവശ്യപ്പെടു ന്നതുപോലെ സംസ്ഥാനത്തെ എല്ലാ ആരോഗ്യ പ്രവർത്തകർക്കും ആരോഗ്യ സ്ഥാപനങ്ങൾക്കും പൂർണ്ണസമയ സുരക്ഷ ഏർപ്പെടു ത്തണമെന്ന വാദം കേരളം പോലുള്ള ഒരു സംസ്ഥാനത്ത് തീർത്തും അപ്രായോഗികമാ ണെന്ന് കാണാവുന്നതാണ്. എങ്കിൽപ്പിന്നെ ഇത്തരത്തിലൊരു നിയമം കൊണ്ട് എന്താണ് ഗുണം എന്നൊരു ചോദ്യം ഉന്നയിക്കപ്പെ ട്ടാൽ ആരോഗ്യരംഗം നേരിടുന്ന സുരക്ഷാ ഭീഷണി നേരിടാൻ ഒരു പരിധിവരെ മാത്രമേ ഈ നിയമം സഹായകരമാകൂ എന്ന് മറുപടി പറയേണ്ടിവരും. സമൂഹത്തിലെ വിവിധ മേഖലകളിൽ രൂപപ്പെടുന്ന അക്രമവാസനയുടെ ഒരു ഭാഗം മാത്രമാണ് ആരോഗ്യരംഗത്തിനു നേരെ വരുന്നത്. മറ്റ് മേഖലകൾ പൂർണ്ണമായും ഇതിൽ നിന്നും വിമുക്തമല്ല. അങ്ങനെ വരുമ്പോൾ സമൂഹത്തിൽ ഉണ്ടാകുന്ന എല്ലാവിധ അക്രമവാസനകളും നിയന്ത്രിക്കുവാൻ പര്യാപ്തമായ തരത്തിലുള്ള ഒരു കരുത്താർന്ന നിയമം അനിവാര്യമാണെന്നു കാണുന്നു. അതോടൊപ്പം നമ്മുടെ സമൂഹത്തിൽ അടിക്കടിയുണ്ടാ കുന്ന ഇത്തരത്തിലുള്ള അക്രമ വാസനകൾ ശാശ്വതമായി പരി ഹരിക്കപ്പെടുന്നതിനാവശ്യമായ പൊതുവായ ബോധവൽക്കര ണവും നടത്തേണ്ടതല്ലേ?




### ദേശീയത

**രബീന്ദ്രനാഥ ടാഗോർ**

ചിന്ത പബ്ലിഷേഴ്സ്:
തിരുവനന്തപുരം, 2025.

O111, 5TAG 32R5

(1920 കളിൽ ദേശീയതയെ സംബന്ധിച്ച് ടാഗോർ നടത്തിയ പ്രഭാഷണങ്ങളും ലേഖനങ്ങളും)




### റാപ്പ്: അമർഷത്തിന്റെ സംഗീതം

**ഷിബു മുഹമ്മദ് എഡി.**

ചിന്ത പബ്ലിഷേഴ്സ് :
തിരുവനന്തപുരം, 2025.

NR,6 32R5

(റാപ്പ് സംഗീതത്തെ പരിചയപ്പെടുത്തുകയും അതിന്റെ രാഷ്ട്രീയ മാനങ്ങളെ സൂക്ഷ്മമായി അവതരിപ്പിക്കുകയും ചെയ്യുന്ന ഗ്രന്ഥം)




### വോക്സ് പോപ്പുലി

**ജോസഫ് എം. പുതുശ്ശേരി**

സൈകതം ബുക്സ്:
എറണാകുളം, 2024

O32,6JOS R4

(സമകാലിക സാഹചര്യങ്ങളിൽ ജനങ്ങളുടെ ആവശ്യങ്ങൾ, ഭീതികൾ, ആശങ്കകൾ എന്നിവയെപ്പറ്റി വിശദീകരിക്കുന്ന ഗ്രന്ഥം)




### ഗീതാവിചാരം: ഭഗവദ്ഗീത പുതിയ നൂറ്റാണ്ടിൽ

**കെ. വേണു**

പ്രിസം ബുക്സ്:
കൊച്ചി, 2025.

R65 32R5

(1967ൽ ജനയുഗം വാരികയിൽ പ്രസിദ്ധീകരിച്ച കെ. വേണുവിന്റെ 'ഭഗവദ്ഗീത ഇരുപതാം നൂറ്റാണ്ടിൽ' എന്ന ലേഖന പരമ്പരയുടെ പുസ്തകരൂപം)




### പിറവി

**ബാനു മുഷ്താഖ്**
വിവ. പയ്യന്നൂർ കുഞ്ഞിരാമൻ

ചിന്ത പബ്ലിഷേഴ്സ് :
തിരുവനന്തപുരം, 2025

O33,3BAN 32R5

(ആചാരങ്ങളും അനുഷ്ഠാനങ്ങളും ചേർന്ന് ഞെരുക്കുന്ന സ്ത്രീയനുഭവങ്ങളെപ്പറ്റിയുള്ള നോവലുകൾ)




### മനുഷ്യസങ്കടങ്ങളുടെ പാരാവാരം: തലശ്ശേരി രേഖകളിലൂടെ

**കെ. ബാലകൃഷ്ണൻ**

ബ്ലൂഇങ്ക് ബുക്സ്:
കണ്ണൂർ, 2024.

V2153THA 32R4

(ജന്മി- നാടുവാഴിത്തവും കൊളോണിയൽ ആധിപത്യവും ചേർന്ന് നടത്തിയ ചൂഷണത്തിന്റെയും ആക്രമണത്തിന്റെയും നേർചിത്രങ്ങൾ തലശ്ശേരി രേഖകളിലൂടെ അവതരിപ്പിക്കുന്ന പുസ്തകം)




**കേരളം :**
**ഇന്നലെ ഇന്ന് നാളെ**

**എം. വി. ഗോവിന്ദൻ മാസ്റ്റർ**

ചിന്ത പബ്ലിഷേഴ്സ് :
തിരുവനന്തപുരം, 2025.

W.212 32R5

(ഇന്ത്യയെ ചൂഴ്ന്നു നിൽക്കുന്ന മത രാഷ്ട്രീയത്തിന്റെയും ഫാസിസ്റ്റ് അധികാര പ്രവണത കളുടെയും നടുവിലൂടെ വേണം കേരളത്തിന് മുന്നേറാനെന്ന് ഓർമ്മപ്പെടുത്തുന്ന ഗ്രന്ഥം)




**ORIGINAL SIN: ISRAEL, PALESTINE AND THE REVENGE of OLD WEST ASIA**

**Stanly Johny**

Harper Collins Publishers: London, 2024.

V4653:19(zP) R4

(This book analyses Israel-Palestine conflict)




**അസഹിഷ്ണുതയുടെ റിപ്പബ്ലിക്**

**ഡോ. പി. സോമൻ**

ചിന്ത പബ്ലിഷേഴ്സ് :
തിരുവനന്തപുരം, 2025.

W64.2 32R5

(നവഫാസിസത്തെക്കുറിച്ചുള്ള പഠനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഗ്രന്ഥം)




**WAR**

**Bob Woodward**

Simon & Schuster: New York, 2024.

V73,1 R4

(This book deals with the American history and Presidential politics)




**A WONDERLAND of WORDS**

**Shashi Tharoor**

Aleph Books:
New Delhi, 2024.

P111,3:4 R4

(Author depicts the English language through words, concepts and particularities)




**THIS TOO IS INDIA: CONVERSATIONS ON DIVERSITY AND DISSENT**

**Githa Hariharan, Ed.**

Westland Books: Chennai, 2024.

W6(Y:1).2 R4

(This book includes conversations with many people in different fields as to talk about culture, democracy and dissent)

**ARIVORAM**
BIMONTHLY | **DECEMBER 2025** | PRICE ₹ 50/-

A festival for readers and thinkers !




KERALA LEGISLATURE INTERNATIONAL BOOK FESTIVAL

# JANUARY 7 to 13, 2026

THIRUVANANTHAPURAM

KLIBF
Kerala Legislature
International Book Festival
4th Edition | 2026 Jan 07 - 13

# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Dr. N. Krishna Kumar, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Niyamasabha Printing Press, Thiruvananthapuram and Published from Data Resource Development 'B' Section.
Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram-695 033, Chief Editor- A. N. Shamseer.